www.malankaralibrary.com

കഥാനിരൂപണം | കവിതാനിരൂപണം | യോഗസാധന | കാരുണികൻ മ്യൂസിക്സ്

# കാരുണികൻ

Vol. 9 No. 07 July 2012

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



## ധൂർത്ത്

- ദരിദ്രരുടെ സഭ
- ധൂർത്ത്: ഏറ്റുപറയേണ്ട പാപം
- നിങ്ങളുടെ ബാങ്ക് ബാലൻസ് ദരിദ്രന്റേതാണ്
- ഭൗതികസൗഭാഗ്യങ്ങളും ആഡംബരജീവിതവും
- ധൂർത്തിനെതിരെ... ധീരമായി

www.malankaralibrary.com



ദൈവരാജ്യമായിരുന്നു യേശുവിന്റെ സ്വപ്നം. യേശു പ്രഘോഷിച്ചത് അതായിരുന്നു; പ്രവർത്തിച്ചത് അതിന് വേണ്ടിയായിരുന്നു. അതുകൊണ്ടുതന്നെ ഭൗതികസമ്പത്തിനോടും ധനത്തിനോടും നൈതികമായ ഒരകലം യേശുക്രിസ്തുവും ആദിമസഭയും പാലിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം ഭൗതിക ആഢംബരത്തെയും ധൂർത്തിനെയും വിലയിരുത്താൻ.

ധൂർത്താണ് ഇത്തവണത്തെ കവർ സ്റ്റോറി. ഭൗതിക സമ്പത്തിനെക്കുറിച്ചുള്ള ബിബ്ലിക്കൽ കാഴ്ചപ്പാട്, സഭാപിതാക്കന്മാരുടെ വീക്ഷണം, ധൂർത്തെന്ന പാപം, ദരിദ്രരുടെ സഭ എന്നിവയാണ് പ്രധാന ലേഖനങ്ങൾ. കൂടാതെ സഭയിലും സമൂഹത്തിലും നിലവിലിരിക്കുന്ന ധൂർത്തിനെക്കുറിച്ചുള്ള വിലയിരുത്തലുകളും.

# കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com



കാരുണികൻ

പുസ്തകം ഒൻപത് ലക്കം ഏഴ്
2012 ജൂലൈ

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് കുഴിയടിച്ചിറ

**മാർക്കറ്റിംഗ് മാനേജർ**
മനീഷ് ഓലംകണ്ണേൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നു

നാൽപത് വർഷം മുമ്പുള്ള കേരളം. 1970കളിലാണത്. മത്തച്ചനെന്ന ബാലൻ നാലാം ക്ലാസിൽ പഠിക്കുന്നു. ഒരുഗ്രാമീണ കർഷകന്റെ മൂത്തമകൻ. അവന് താഴെ ഇളയവർ ഇനിയുമുണ്ട് ആറുപേർ. പതിവായി അഞ്ചുമൈൽ നടന്നുവേണം അവന് സ്കൂളിലെത്താൻ. കൂട്ടുകാരുമൊന്നിച്ചുള്ള നടപ്പായതിനാൽ അവനും കൂട്ടുകാർക്കും ദീർഘദൂരമുള്ള നടപ്പ് ഒരു പ്രശ്നമായിട്ട് ഒരിക്കലും തോന്നിയിട്ടില്ല.

കാര്യങ്ങൾ തകിടം മറിഞ്ഞത് പെട്ടെന്നായിരുന്നു. മത്തച്ചന്റെ ക്ലാസ്സിൽ പുതിയൊരു കുട്ടി വന്നു- അവരാച്ചൻ. അവന്റെ വീട് സ്കൂളിന്റെ തൊട്ടടുത്താണ്. നടന്നാൽ കഷ്ടിച്ചു അഞ്ചുമിനിറ്റുകൊണ്ടു സ്കൂളിലെത്താം. എന്നിട്ടും റോൾസ് റോയിസ് കാറിലാണ് അവൻ സ്കൂളിലെത്തുന്നത്. മത്തച്ചനും കൂട്ടരും നടന്നു വിയർത്ത് സ്കൂൾ കോമ്പൗണ്ടിൽ എത്തുമ്പോഴേക്കും അവിരാച്ചന്റെ റോൾസ് റോയിസും സ്കൂളിലെത്തും. വൈകുന്നേരം സ്കൂൾ വിടുന്നതിനു മുൻപും കാർ സ്കൂളിലെത്തും-അവിരാച്ചനെ കൂട്ടിക്കൊണ്ടുപോകാൻ. കാർ സ്കൂളിലെത്തിയാൽ കുട്ടികളെല്ലാം കാറിനു ചുറ്റും ഓടിക്കൂടും - കാറൊന്നു കാണാൻ; അതേലൊന്നു തൊടാൻ. കാറിനുള്ളിൽ കയറാനുള്ള ആഗ്രഹം ചിലരൊക്കെ അന്ന് മനസ്സിൽ കൊണ്ട് നടന്നിരുന്നുവെന്നാണ് സംസാരം.

ആ വർഷം സ്കൂളിനെയാകെ ഇളക്കി മറിച്ച സംഭവം കാറിനെ ചുറ്റിപറ്റിയായിരുന്നു- റോൾസ് റോയിസിന്റെ മുതുകത്ത് ആരോ കോമ്പസുകൊണ്ട് കുത്തിവരച്ചിരിക്കുന്നു. പ്രതിയെ കണ്ടുപിടിക്കാൻ അന്വേഷണമായി. 'ഒടക്കനെന്ന്' കുട്ടികൾ ഓമനപ്പേരിട്ട് വിളിച്ചിരുന്ന ഹെഡ്മാസ്റ്റർ ക്ലാസ്സുകൾ തോറും കയറിയിറങ്ങി; സംശയിച്ച പ്രതികളെ വിസ്തരിച്ചു.

www.malankaralibrary.com

അന്വേഷണത്തിന്റെ മൂന്നാംനാൾ മത്തച്ചനെ പ്രതിയായി പ്രഖ്യാപിച്ച് സ്കൂളിൽ നിന്നും പുറത്താക്കി! അതോടെ മത്തച്ചന്റെ വിദ്യാഭ്യാസവും അവസാനിച്ചു.

അഞ്ചുമൈൽ നടന്നവശനായി സ്കൂളിലെത്തുന്ന കുട്ടിയുടെ കണ്ണുകളിൽ അഞ്ചു മിനിറ്റ് നടക്കാനുള്ള ദൂരം റോൾസ് റോയിസിൽ കയറി വരുന്നത് ധൂർത്താണ്; അമിതമായ ആഡംബരമാണ്.

എന്താണ് യഥാർത്ഥത്തിൽ ധൂർത്ത്? ഇതിന് കൃത്യമായ ഒരു നിർവചനം നൽകുക അത്ര എളുപ്പമാണെന്ന് തോന്നുന്നില്ല. കാരണം ധൂർത്തെന്ന സങ്കൽപം തന്നെ ആപേക്ഷികമാണ്. ചുറ്റുമുള്ള ദരിദ്രരുടെ ആവശ്യങ്ങളുമായുള്ള താരതമ്യത്തിലാണ് ഏതെങ്കിലുമൊരു കാര്യം ധൂർത്താകുകയോ അല്ലാതാകുകയോ ചെയ്യുന്നത്.

കേരളത്തിൽ പള്ളിപണികൾ ആഘോഷമാക്കി നടക്കുന്ന കാലമാണിത്. പഴയൊരു പള്ളിപണിയുടെ കഥ പറയാം. 1980കളിലാണ് സംഭവം. ഒരു കുടിയേറ്റ മേഖല. തലപ്പള്ളിയിൽ നിന്നും അകലെയുള്ളവർക്ക് ഒന്നര മണിക്കൂർ നടന്നുവേണം പള്ളിയിലെത്താൻ. അതുകൊണ്ടുതന്നെ അകലെയുള്ളവർക്കായി ഒരു കുരിശുപള്ളി തുടങ്ങാമെന്ന് തീരുമാനമായി. ഒരാൾ സ്ഥലം കൊടുക്കാൻ തയ്യാറായി. മറ്റൊരാൾ കുറേ പണവും. പിന്നെ അവിടുള്ളവരെല്ലാം ഒരുമിച്ചു കൂടി വികാരിയച്ചന്റെ നേതൃത്വത്തിൽ പള്ളിപണിയെക്കുറിച്ച് ആലോചനയായി. പള്ളിക്കുവേണ്ട ഇഷ്ടിക പിടിക്കാൻ കുറേപ്പേർ മുന്നോട്ടു വന്നു; ഫോറസ്റ്റുഗാർഡിനെ സ്വാധീനിച്ച് വേറെചിലർ പള്ളിക്കു വേണ്ട തടി സ്വന്തമാക്കി. എല്ലാദിവസവും പതിവായി പള്ളിപണിക്കായി കുറേപ്പേർ അധ്വാനിക്കാൻ തയ്യാറായിവന്നു. എല്ലാത്തിന്റെയും കൂടെ വികാരിയച്ചനും. പണിതുടങ്ങി നാലാം മാസം പള്ളിക്ക് ഓടിട്ട് പള്ളി വെഞ്ചരിച്ച് അതിൽ കുർബാനയർപ്പിച്ചു.

2012 അവസാനിക്കുന്നതിനു മുൻപ് കേരളത്തിലെ ഏറ്റവും വലിയ പള്ളി വെഞ്ചരിക്കപ്പെടുമെന്നാണ് അറിയുന്നത്. ചിലവ് എത്രയാകുമെന്ന് ഇതുവരെ തീർച്ചയില്ലത്രേ. എത്രകുറഞ്ഞാലും 15 കോടിയിൽ മുകളിൽ പോകുമെന്നാണ് പ്രതീക്ഷ!

പള്ളി മോടി പിടിപ്പിക്കുന്നതിനേക്കാൾ പ്രധാനം ദരിദ്രരെ സാമ്പത്തികമായി സഹായിക്കുന്നതാണെന്ന് പഠിപ്പിച്ചത് സഭാപിതാവായ ജറോമാണ്. ഏതെങ്കിലുമൊരു സഹോദരൻ പട്ടിണി കിടക്കുമ്പോൾ വിശുദ്ധ കുർബ്ബാനയ്ക്ക് സ്വർണ്ണക്കാസ ഉപയോഗിക്കുന്നതുകൊണ്ട് എന്ത് മേന്മയാണെന്ന് ചോദിച്ചത് വിശുദ്ധ ക്രിസോസ്തോമാണ്.

ധൂർത്തും ആഡംബരവും ആത്മീയ മേഖലയെപ്പോലും ആവരണം ചെയ്യാമെന്നതിന് കേരളത്തിൽ തെളിവിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കയറിക്കിടക്കാൻ കൂരയില്ലാത്തവരെ അവഗണിച്ചിട്ട് കോടികളുടെ പള്ളിപണിയുന്നത് പാപമല്ലേ? ഞായറാഴ്ച ഒരുമിച്ചു കൂടി പ്രാർത്ഥിക്കാൻ ഒരിടമില്ലാത്ത ക്രൈസ്തവസമൂഹങ്ങളുള്ള നാട്ടിൽ ആർഭാടസൗധത്തിനായി കോടികൾ മുടക്കുന്നത് തമ്പുരാൻ പൊറുക്കുമോ?

ഒരു സന്യാസസമൂഹം നടത്തുന്ന സ്കൂൾ. പ്രശസ്തമായ സ്കൂളുകൾ നടത്തി ഖ്യാതി നേടിയവരാണവർ. പുതിയ സ്കൂളിന്റെ സവിശേഷതതയായി അവതരിപ്പിച്ചത് അവിടുത്തെ പഞ്ചനക്ഷത്ര സൗകര്യങ്ങളാണ്– നീന്തൽകുളം, കുതിരസവാരി പിന്നെ ബോക്സിങ് പരിശീലനവും. ദാരിദ്ര്യം ജീവിതവ്രതവും സുകൃതവുമായി സ്വീകരിച്ചവ

www.malankaralibrary.com




ർക്ക് തങ്ങളുടെ പഞ്ചനക്ഷത്ര സ്കൂൾ നടത്തിപ്പിൽ ഒരു അരുതായ്മയും തോന്നുന്നില്ല എന്നതാണ് വിരോധാഭാസം. ചിലവായതും അതിൽ കൂടുതലും കുട്ടികളിൽ നിന്ന് പിരിച്ചെടുക്കാമെന്ന് കരുതിയാൽപോലും അവരുടെ പഞ്ചനക്ഷത്ര സ്കൂൾ ഒരു ധൂർത്തല്ലെന്ന് പറയാനാവുമോ? അനേകലക്ഷം കുട്ടികൾ സ്കൂളിൽ പോകാൻ കഴിവില്ലാതെ നിരക്ഷരരായി കഴിയുന്ന ഭാരതത്തിൽ ദരിദ്രസന്യാസികളുടെ പഞ്ചനക്ഷത്ര സ്കൂൾ ധൂർത്തും സാമൂഹ്യപാപവുമല്ലേ?

മൂന്നു ദിവസം നീണ്ട കല്ല്യാണമായിരുന്നു. പങ്കെടുത്ത അതിഥികളുടെ എണ്ണം എത്രയാണെന്ന് നിശ്ചയമില്ല; ഭക്ഷണത്തിനും സത്ക്കാരത്തിനും ചിലവായ തുകയുടെ കാര്യവും. എന്നിരുന്നാലും, ഫോട്ടോഗ്രാഫിക്കുതന്നെ 20 ലക്ഷം രൂപയുടെ ബഡ്ജറ്റായിരുന്നെന്ന്!

ധൂർത്തും ആഡംബരവും കേരളസമൂഹത്തിന്റെ എല്ലാ തലങ്ങളെയും ഗ്രസിച്ചു കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ മാമ്മോദീസയും ആദ്യകുർബ്ബാന സ്വീകരണവും മുതൽ മതനേതാക്കളുടെ പട്ടവും മെത്രാഭിഷേകവും വരെ ആഡംബരത്തിന്റെ പിടിയിലായി കഴിഞ്ഞില്ലേ? വീടുപണി മുതൽ പള്ളിപണിവരെ ആഡംബരത്തിലായി കഴിഞ്ഞില്ലേ? ഒന്ന് മറ്റൊന്നിനേക്കാൾ മെച്ചമാക്കി മുന്നോട്ടുപോകാനുള്ള ത്വരയാണ് എല്ലായിടത്തും. ഇവിടെയാണ് ദരിദ്രരുടെ ആവശ്യങ്ങളെ പ്രാധാന്യക്രമത്തിന്റെ ഒന്നാം സ്ഥാനത്തേക്ക് നാം കൊണ്ടുവരേണ്ടത്. പണസമ്പാദനത്തിന്റെയും വിനിയോഗത്തിന്റെയം മാനദണ്ഡമായി ദരിദ്രരുടെ ആവശ്യങ്ങളെ നാം വളർത്തിക്കൊണ്ടു വരണം. അല്ലെങ്കിൽ ധനികയായ സഭയും ദൈവരാജ്യവും തമ്മിലുള്ള അകലവും ഒട്ടകവും സൂചിക്കുഴയും (മർക്കോ 10:2-5) തമ്മിലുള്ള അകലവും തമ്മിൽ വലിയ അന്തരമുണ്ടായെന്നു വരില്ല.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


12

## ധൂർത്തിനെതിരെ... ധീരമായി

അപരനോടും വരും തലമുറയോടും ചെയ്യുന്ന കൊടിയ പാതകമാണ് ധൂർത്ത്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സഭാജീവിതത്തിലും ധൂർത്ത് ഏറിവരികയുമാണ്. ഈ തിന്മക്കെതിരെ പ്രതികരിക്കാൻ നമ്മൾ തയ്യാറാണോ? ഇതാ വേറിട്ട ചില സ്വരങ്ങൾ.

16

## ഭൗതികസൗഭാഗ്യങ്ങളും ആഡംബരജീവിതവും

ഭൗതികസമ്പത്തിനോടുള്ള ശരിയായ സമീപനം എന്തായിരിക്കണം? ഭൗതികമായ ആഡംബരങ്ങളെ വർജ്ജിക്കേണ്ടതുണ്ടോ? ഇവയെക്കുറിച്ച് ബൈബിളിന്റെ കാഴ്ചപ്പാടുകൾ ഡോ. ആന്റണി തറേക്കടവിൽ അവതരിപ്പിക്കുന്നു.

20

## നിങ്ങളുടെ ബാങ്ക് ബാലൻസ് ദരിദ്രന്റേതാണ്

ധൂർത്തിനെക്കുറിച്ചും സമ്പത്തിന്റെ വിനിയോഗത്തെക്കുറിച്ചും ഏറ്റവും കർക്കശമായ ഉപദേശങ്ങൾ നൽകിയവരാണ് സഭാപിതാക്കന്മാർ. സുവിശേഷ ദർശനത്തിൽ നിന്നും പൊട്ടിവിരിയുന്ന പിതാക്കന്മാരുടെ ദർശനത്തിന്റെ ഒരു സംക്ഷിപ്താവതരണം ഡോ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ പങ്കുവയ്ക്കുന്നു.






27

23

## ദരിദ്രരുടെ സഭ

ദരിദ്രരുടെ സഭയായി നാം മാറണം. പണ സമ്പാദനം, സൂക്ഷിപ്പ്, വിനിയോഗം, വിതരണം എന്നിവ പൂർണ്ണമായും സുവിശേഷാരൂപിയിൽ നിർവ്വഹിക്കുന്ന സഭയാണ് ദരിദ്രരുടെ സഭ. അതിനായുള്ള പ്രായോഗിക നിർദ്ദേശങ്ങളിലേക്ക്... ഡോ. മാത്യു ഇല്ലത്തുപറമ്പിലിന്റെ ലേഖനം.

26

## ധൂർത്ത്: ഏറ്റുപറയേണ്ട പാപം

ധൂർത്ത് എങ്ങനെയാണ് പാപമാകുന്നത്? കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ ഇവിടെ വളർന്നു വ്യാപിക്കുന്ന ആഡംബരജീവിതത്തെക്കുറിച്ചുള്ള ധാർമ്മികവും സാമൂഹികവുമായ വിശകലനം നടത്തുന്നത് ഡോ. തോമസ് കോഴിമല

www.malankaralibrary.com



03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ


42 കാരുണികൻ മ്യൂസിക്

44 പുസ്തകപരിചയം

46 അന്ത്യവിധി

24




17

34

## ജീവിതനിയോഗം പറയപ്പെടാത്ത കഥകളിൽ

വിശുദ്ധ ബൈബിളിലെ സംഭവങ്ങളിൽ പ്രത്യേക നിമിഷം സൃഷ്ടിച്ചുകൊണ്ട് ശരത് രചിച്ചിരിക്കുന്ന 'കാൽവരിയിലേക്കുള്ള ദൂരം' (കലാകൗമുദി, 1919 ലക്കം) എന്ന കവിതയെ പ്രൊഫ. തോമസ് പാറയ്ക്കൽ പരിചയപ്പെടുത്തുന്നു.

36

## യോഗാഭ്യാസവും കായികാഭ്യാസവും!!

ഭാരതത്തിന്റെ ആത്മീയസാധനയായിരുന്ന യോഗസാധനയെ പരിചയപ്പെടുത്താനും ലളിതമായി പരിശീലിപ്പിക്കാനുമുള്ള പരിശ്രമമാണ് ഈ പംക്തി. പരിശീലകൻ ഫാ. സൈജു തുരുത്തിയിൽ.

38

## സന്ന്യാസവും നോവിഷ്യേറ്റും

എത്രകാലം നോവിഷ്യേറ്റ് നടത്തണം? നോവിഷ്യേറ്റ് നടത്താൻ പ്രത്യേക സന്ന്യാസ ഭവനങ്ങളുണ്ടോ? അത്തരം ഭവനങ്ങളിൽ താമസിച്ചു മാത്രമേ നോവിഷ്യേറ്റ് നടത്താവൂ എന്നുണ്ടോ? നോവിഷ്യേറ്റിനെ സംബന്ധിച്ച നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടാതെ പോയാൽ എങ്ങനെ അത് പരിഹരിക്കാനാകും? തുടങ്ങിയ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ.

31

## പാലം പണിയുന്നവർ

സന്തോഷ് ഏച്ചിക്കാനത്തിന്റെ 'ശ്വാസം' (മാതൃഭൂമി, ജൂൺ 24) എന്ന കഥയെ പരിചയപ്പെടുത്തുന്നു. അതോടൊപ്പം എൻ.പി ഹാഫിസ് മുഹമ്മദിന്റെ 'ദി ലാസ്റ്റ് പണിയ' (മാതൃഭൂമി ജൂൺ 17) എന്ന കഥയും. നിരൂപണം ചെയ്യുന്നത് നമിത റോസ്

www.malankaralibrary.com

# പ്രതികരണങ്ങൾ




കാരുണികനിലെ വിഭവങ്ങളോട് പ്രതികരിക്കുന്നവർ അനേകരാണ്. ക്രിയാത്മകമായ ചർച്ചയാണ് പ്രതികരണങ്ങളിലൂടെ പുറത്തു വരുന്നത്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റു പറയുന്നു. തുറന്ന ആശയപ്രകടനത്തിലൂടെയും പ്രതിപക്ഷ ബഹുമാനത്തോടെയുള്ള സംവാദത്തിലൂടെയും സമൂഹത്തിലെ മൂല്യശ്രേണിക്ക് ക്രിസ്തീയമായി ദിശാബോധം നൽകുന്ന പ്രക്രിയയിൽ നാം പങ്കുചേരുകയാണ്.

**പത്രാധിപർ**

## മുഖപ്രസംഗം

2012 ജൂണിലെ കാരുണികനിലെ മുഖപ്രസംഗം നന്നായിരിക്കുന്നു. ശാന്തരായി ജീവിച്ചുപോന്ന ഒരു ജനത ഇന്ന് എവിടെ എത്തിനിൽക്കുന്നുവെന്ന് ചരിത്രസത്യങ്ങളിലൂടെ വെളിച്ചത്തുകൊണ്ടുവന്നിരിക്കുന്നു. രാഷ്ട്രീയ മുതലെടുപ്പിനും താൻപോരിമയ്ക്കും ചേർന്ന ചരിത്രമാണ് മാർക്സിസ്റ്റ് പാർട്ടി പിൻതുടരുന്നത്. പത്ത് ലക്ഷംകൊണ്ട് മൂന്നു കോടി ജനങ്ങളെ എത്രനാൾ കബളിപ്പിച്ചു നിർത്തും. കുറച്ചുപേരെ എക്കാലത്തും കബളിപ്പിക്കാം. എന്നാൽ എല്ലാവരേയും എല്ലാക്കാലത്തും കബളിപ്പിക്കാൻ പറ്റില്ല. ടി. പി. വധത്തിലൂടെ ഉരുത്തിരിഞ്ഞത് ഈ സത്യമാണ്. ആനുകാലിക വിഷയങ്ങളെ ഇതുപോലെ അവതരിപ്പിക്കുന്ന കാരുണികനെ അഭിനന്ദിക്കുന്നു.

**ഫാ. വർഗ്ഗീസ് ഞാളിയത്ത്**
സെന്റ് സേവ്യർസ് ചർച്ച്, N. കുത്തിയതോട്

## അക്രമത്തിന്റെ വഴികൾ

മനുഷ്യന്റെ അക്രമവാസനകൾ സാമൂഹികാവസ്ഥയെ തകരാറിലാക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. അത് ക്രൈസ്തവസമൂഹത്തിൽ കൂടി കടന്നുകൂടിയിരിക്കുന്നു എന്നത് തികച്ചും ലജ്ജാകരമാണ്. നമുക്ക് എവിടെയൊക്കെയോ ചില പാകപ്പിഴകൾ സംഭവിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ് ഇത്തരം സംഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. കത്തോലിക്കാ കുട്ടികളും അക്രമവാസനകൾ നിറഞ്ഞ കൊലപാതകപ്രവണതയിലേക്ക് നീങ്ങുമ്പോൾ കണ്ണടച്ചിരിക്കാതെ ഇത്തരം നീചകൃത്യങ്ങൾ ഇനി സമൂഹത്തിൽ ആവർത്തിക്കപ്പെടാതിരിക്കുന്നതിനായി കരുതലുകൾ എടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ കൊലപാതകങ്ങളും അക്രമങ്ങളും തുടർക്കഥയായിരിക്കുന്ന കേരളത്തിൽ ഇത്തരം അക്രമങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ അവയെല്ലാം മുളിയിലേ തന്നെ നുള്ളിയെടുക്കേണ്ടതുണ്ട്.

ജാതിയും മതവും രാഷ്ട്രീയവും വളർത്തിയെടുക്കാൻ അക്രമം പഠിപ്പിക്കുന്ന പ്രസ്ഥാനങ്ങളെ ജനങ്ങൾ തിരിച്ചറിയണം. അതിനെതിരെ ഒറ്റക്കെട്ടായി നിൽക്കണം. കടിച്ച പാമ്പിനെക്കൊണ്ട് വിഷം ഇറക്കിക്കുന്നതുപോലെ ഇത്തരം പ്രസ്ഥാനങ്ങളിൽ കൂടി തന്നെ, സ്നേഹവും ഐക്യവും സമാധാനവും വളർത്തിയെടുക്കുവാൻ കഴിയണം. അതിന് ജാതിമത രാഷ്ട്രീയ മേഖലകളിലെ സുമനസ്സുകൾ മുന്നോട്ടു വരേണ്ടതാണ്. അക്രമത്തിന്റെ വിഷബീജങ്ങൾ കുത്തിവയ്ക്കാതെ തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കാൻ എന്തുകൊണ്ട് ഇവർ ശ്രമിക്കുന്നില്ല? അക്രമം ഒരിക്കലും ഒന്നിനും പരിഹാരമല്ലെന്ന് ഇക്കൂട്ടർ എന്നാണ് തിരിച്ചറിയുന്നത്? ഒരു ക്രൈസ്തവൻ എന്ന നിലയ്ക്ക് നമ്മുടെ സമൂഹത്തിലെങ്കിലും നന്മയുടെയും സ്നേഹത്തിന്റെയും മാർഗ്ഗ ദീപം തെളിച്ചുകൊടുക്കാൻ നമുക്ക് കഴിയണം.

വിദ്യാലയങ്ങളും ജാതി-മത പ്രസ്ഥാനങ്ങളും അക്രമത്തിന്റെ വഴിയല്ല. നന്മയുടെയും അഹിംസയുടെയും മാർഗ്ഗം കുരുന്ന് പ്രായം മുതൽക്കേ ചൂണ്ടിക്കാണിച്ചുകൊടുക്കണം. അവരിലുണ്ടാകുന്ന ഓരോ വ്യതിയാനങ്ങളും മനസ്സിലാക്കാൻ മാതാപിതാക്കൾക്ക് എന്ന പോലെ തന്നെ അധ്യാപകർക്കും മറ്റ് സാമൂദായിക മതാധികാരികൾക്കും കഴിയണം. അഹിംസയിൽ അധിഷ്ഠിതമായ സ്നേ

www.malankaralibrary.com

ഹസന്ദേശങ്ങളിലൂടെയാണ് പുതിയ തലമുറയെ പ്രസ്ഥാനങ്ങൾ ചേർത്തു നിർത്തേണ്ടത്.

**സി. ലൂസിയ**

സേക്രട്ട് ഹാർട്ട് കോൺവെന്റ്, തിരുച്ചിറപ്പള്ളി

## സാംസ്ക്കാരിക കേരളം

സാംസ്ക്കാരിക കേരളം എന്ന് ഊറ്റം കൊള്ളാൻ നമുക്ക് യഥാർത്ഥത്തിൽ അവകാശമുണ്ടോ? അനീതിയെ എതിർക്കുന്നവനെ സംഘം ചേർന്ന് വെട്ടി മാംസകഷണങ്ങളാക്കി മാറ്റുന്ന കിരാതന്മാരുടെ നാടാണോ ദൈവത്തിന്റെ സ്വന്തം നാട് എന്ന് പ്രഘോഷിക്കുന്നത്?

ക്രൈസ്തവർ പോലും ഇത്തരം നീചകൃത്യങ്ങളിൽ നിന്ന് മോചിതനല്ല എന്നത് അങ്ങേയറ്റം പരിതാപകരമാണ്. ശത്രുക്കളോട് ക്ഷമിക്കാനും സ്നേഹിക്കുവാനും ഉപദേശിച്ച പാപികൾക്ക് വേണ്ടി സ്വന്തം ജീവൻപോലും ക്രൂശിൽ ബലിയായി നൽകിയ യേശുനാഥന്റെ പിൻഗാമികൾക്ക് ഈ സാമൂഹിക അനീതിക്കെതിരെ പ്രതികരിക്കുവാൻ കഴിയുന്നില്ലേ?

ഒരു പ്രശ്നമുണ്ടാകുമ്പോൾ മാത്രം അതിനെതിരെ പ്രതികരിക്കുകയും പിന്നീട് ഇത്തരം കാട്ടുനീതിക്ക് മുന്നിൽ കീഴടങ്ങിക്കൊടുക്കുകയും ചെയ്യുന്ന നമ്മുടെ നാണംകെട്ട പ്രവണത ഇനിയെങ്കിലും അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. കേരള സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണം. നന്മയും സത്ഗുണവുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ വിദ്യാലയങ്ങൾക്കും കുടുംബങ്ങൾക്കും സാമൂഹ്യസംഘടനകൾക്കും കഴിയണം. സാമൂഹ്യ അനീതിക്കെതിരെ ഒന്നായി പൊരുതുവാനുള്ള പ്രാപ്തി അവർക്ക് ഉണ്ടാക്കിക്കൊടുക്കണം. പോരും മനുഷ്യക്കുരുതിയും പരമ്പരയാക്കിയ ഒരു നാണംകെട്ട സമൂഹത്തിൽ ക്രൈസ്തവന് എന്തെല്ലാം ചെയ്യാനുണ്ട്. അതിനെക്കുറിച്ച് തീർച്ചയായും ചർച്ചകളും തീരുമാനങ്ങളും അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

**ഫാ. അഗസ്റ്റിൻ ചാത്തോത്ത്**, അലഹബാദ്

## മൃഗിയവാസന

മൃഗിയവാസന മനുഷ്യസഹജമാണ്. എന്നാൽ അവന് അതിനോടൊപ്പം നിരവധി സത്ഗുണങ്ങളും ദൈവം നൽകിയിട്ടുണ്ട്. പക്ഷേ അവയെ പാടേ അവഗണിച്ചുകൊണ്ട് അക്രമത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിക്കാൻ മനുഷ്യൻ ഇഷ്ടപ്പെടുന്നു.

അതിജീവനത്തിന് പരസ്പരം കൊല്ലാൻ വെമ്പി നിൽക്കുന്ന പൂർവ്വികന്റെ സഹജഭാവമാണ് ആധുനിക മനുഷ്യനെയും നയിക്കുന്നതെന്ന ലജ്ജിപ്പിക്കുന്ന പരമാർത്ഥം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

തിരക്കിൽ നിന്ന് തിരക്കിലേക്ക് ഒഴുകി സൈബർ ലോകത്ത് മേഞ്ഞ് നടക്കുന്ന മനുഷ്യൻ മനസ്സുകൊണ്ടുപോലും യുഗങ്ങൾക്ക് പിന്നിലാണ് ജീവിക്കുന്നതെന്ന നഗ്നസത്യം തിരിച്ചറിഞ്ഞാലേ മനുഷ്യൻ എന്നത് യഥാർത്ഥത്തിൽ ഏത് ജീവിയാണെന്ന് മനസ്സിലാക്കാനാകൂ.

അടിസ്ഥാനപ്പെടുത്തിയുള്ള കളികളിലാണ് കുട്ടികൾക്ക് പോലും താൽപര്യം. മുതിർന്നവർ

> **തെറ്റും ശരിയും തിരിച്ചറിയാൻ വയ്യാത്ത പ്രായത്തിൽ അവർക്ക് നല്ല വഴി കാണിച്ചു കൊടുക്കേണ്ടത് മാതാപിതാക്കളും അധ്യാപകരുമാണ്.**

അതിന് ഒരു വലിയ പരിധിവരെ കൂട്ട് നിൽക്കുകയും ചെയ്യുന്നു. കുരുന്ന് പ്രായം മുതൽക്കേ കുട്ടികളെ ഇത്തരം കാര്യങ്ങളിൽ നിന്ന് കർശനമായി വിലക്കി നിർത്തണം. തെറ്റും ശരിയും തിരിച്ചറിയാൻ വയ്യാത്ത പ്രായത്തിൽ അവർക്ക് നല്ല വഴി കാണിച്ചു കൊടുക്കേണ്ടത് മാതാപിതാക്കളും അധ്യാപകരുമാണ്. കതിരിൽ വളം വച്ചിട്ട് കാര്യമില്ല എന്ന് പറയുമ്പോൾ ചെറുപ്രായത്തിൽ തന്നെ ഇത്തരം അക്രമസ്വഭാവങ്ങൾ കുട്ടികളിൽ വളരാതിരിക്കാൻ കരുതലോടെയിരിക്കുക. അതായിരിക്കും ഇത്തരം മൃഗസംസ്ക്കാരം നിർമ്മാർജ്ജനം ചെയ്യാൻ ഏറ്റവും നല്ല മാർഗ്ഗം.

**അലക്സ് തോട്ടത്തിൽ,**

കിടങ്ങൂർ, പാലാ

www.malankaralibrary.com



## ഗാർഹിക പീഡനം

'ഗാർഹിക പീഡനം' എന്ന തലക്കെട്ടോടുകൂടി കാരുണികൻ ഇറക്കിയ ലേഖനം കണ്ണുതുറപ്പിക്കുന്നതായിരുന്നു. പലപ്പോഴും ഭർത്താവിൽ നിന്നും കുടുംബത്തിൽ നിന്നും അയൽപ്പക്കക്കാരിൽ നിന്നും പീഡനങ്ങൾ ഏൽക്കേണ്ടി വന്നിട്ടുണ്ട്. പക്ഷേ ഒരു സ്ത്രീയായി ജനിച്ചതുകൊണ്ട് എല്ലാം സഹിക്കേണ്ടവൾ എന്നുള്ള ചിന്തയാണ് മനസ്സിലുണ്ടായിരുന്നത്. കുഞ്ഞുനാളിൽ അമ്മ പറഞ്ഞുതന്നതും സഹിക്കാൻ മാത്രമായിരുന്നു. സ്ത്രീ സഹിക്കേണ്ടവൾ മാത്രമല്ലെന്നും മറിച്ച്, പ്രതികരിക്കാനും, നിയമോപദേശം തേടാനും ഉള്ള വഴികൾ ഈ ലേഖനത്തിലൂടെ തുറന്നുതന്നു. എന്നെപ്പോലെ ഒത്തിരിപ്പേർ ശാരീരികവും ലൈംഗികവും വൈകാരികവുമായ പീഢനങ്ങൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട്. ഒരു മാസത്തിലെ പ്രധാനവിഷയം സ്ത്രീപീഢനമായി കാരുണികൻ എടുക്കുന്നത് നല്ലതാണ്. ഇടവകയിൽ വൈദികർ സ്ത്രീകൾ അനുഭവിക്കുന്ന പീഢനങ്ങളെക്കുറിച്ച് പുരുഷൻമാരെ ബോധവാൻമാരാക്കണം. സ്വന്തം കുടുംബത്തിൽ ശരിയായ തോതിൽ പ്രതികരിക്കാൻ സാധിക്കുന്നില്ല. എല്ലാ ഇടവകകളിലും സ്ത്രീ ശാക്തീകരണ സംഘടനകളും, ജാഗ്രതാസമിതിയും ഉള്ളത് നല്ലതാണ്.

**സെലിൻ ജോസഫ്,**
കൂടപ്പാട്ട്, അങ്കമാലി

## ഇരു സ്വഭാവം

മൂല്യങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്, മഹാനാക്കുന്നത്. കുടുംബങ്ങളിൽ നിന്നാണ് മൂല്യങ്ങൾ സ്വായത്തമാക്കുന്നത്. സ്വന്തം കുടുംബത്തിൽ നിന്ന് കാരുണ്യം, സത്യസന്ധത, സേവന മനോഭാവം എന്നിവ നേടണം. സന്മാർഗ്ഗ ശാസ്ത്രവും ധാർമ്മിക മൂല്യങ്ങളും ആർജ്ജിച്ചെടുക്കുകയും വേണം. ചിലർ കരുതുന്നത് ഇത്തിരി തരികിടയും കാപട്യവും ഉണ്ടെങ്കിലേ സമൂഹത്തിൽ പിടിച്ചു നിൽക്കാൻ കഴിയു എന്നാണ്. അതുകൊണ്ട് പല അക്രമങ്ങളും കൊലപാതകങ്ങളിൽ അവസാനിക്കാറുമുണ്ട്.

എല്ലാ മനുഷ്യന്റെയും ഉള്ളിന്റെയുള്ളിൽ സ്നേഹിക്കുവാനും ദ്രോഹിക്കുവാനുമുള്ള വാസനയുണ്ട്. മനുഷ്യൻ മനുഷ്യന്റെ ശത്രുവാണ്. അക്രമസ്വഭാവം ഒരു കുട്ടിയിൽ രൂപപ്പെടുന്നത് അവൻ ജനിക്കുന്ന സാഹചര്യത്തിൽ നിന്നാണ്. പരമപ്രധാനമായി അവന്റെ കുടുംബപശ്ചാത്തലം അവനെ ഏറെ സ്വാധീനിക്കും. പലപ്പോഴും മക്കളിലെ ഈ സ്വഭാവവൈകല്യം കണ്ണിൽപെട്ടാൽ പോലും മാതാപിതാക്കൾക്ക് അവരെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. മാതാപിതാക്കൾ ഈ ഉത്തരവാദിത്വം അദ്ധ്യാപകരിൽ ഏൽപ്പിച്ചുകൊടുക്കുന്നു എന്നാൽ അദ്ധ്യാപകർക്ക് വളരെ ചുരുങ്ങിയ സമയം മാത്രമേ കുട്ടികളെ കൈയിൽ കിട്ടുന്നുള്ളൂ. അതുകൊണ്ട് മാതാപിതാക്കൾ തന്നെയാണ് ഏറ്റവും ഉത്തരവാദിത്വത്തോടെ ശിക്ഷണം നൽകി അവരെ തിരുത്തേണ്ടത്.

ഇന്ന് സെക്സ് റാക്കറ്റുകളും മയക്കുമരുന്നു മാഫിയകളും കുട്ടികളെയാണ് ഫോക്കസ് ചെയ്യുന്നത്. കുട്ടികളിൽ നിന്നാണ് ഇത്തരം ചെയിൻ വർക്കുകൾ ആരംഭിക്കുന്നത്. അതുകൊണ്ട് ഈ സാഹചര്യങ്ങൾ മനസ്സിലാക്കി സഭയും സമൂഹവും കുട്ടികളെ സംരക്ഷിക്കുകയും അവർക്ക് നന്മയുടെ പാത മനസ്സിലാക്കിക്കൊടുക്കുകയും ബോധവൽക്കരണ സംവിധാനങ്ങൾ ഒരുക്കുകയും വേണം.

**ഫാ. സെബാസ്റ്റ്യൻ പുന്നയ്ക്കൽ**
തുറവൂർ,
ആലപ്പുഴ രൂപത

www.malankaralibrary.com

## കുടുംബങ്ങളിലെ അക്രമവാസന

അക്രമവാസന മനുഷ്യന്റെ പ്രകൃതിയിൽ അന്തർലീനമാണെന്ന് പറഞ്ഞുതന്ന ജോർജ്ജ് നെല്ലിശ്ശേരി അച്ചന് ഒത്തിരി നന്ദി. ചെന്നായ്ക്കളെപ്പോലെയുള്ള മനുഷ്യർ കുഞ്ഞാടുകളെപ്പോലെയാകാൻ സ്നേഹം, കരുതൽ, സഹാനുഭൂതി, ആർദ്രത, കാരുണ്യം തുടങ്ങിയ മാനുഷിക ഗുണങ്ങൾ കുടുംബത്തിൽ തന്നെ പരിശീലിപ്പിക്കണമെന്നും ഈ ലേഖനത്തിലൂടെ മനസ്സിലായി. പലപ്പോഴും ഭക്ഷണ കാര്യത്തിൽ മാത്രം ശ്രദ്ധ ചെലുത്തിയാണ് ഞങ്ങൾ കുട്ടികളെ വളർത്തിയത്. കുട്ടികളുടെ അക്രമവാസനകളെ നിയന്ത്രിക്കാനും തടയാനും കൂടിയുള്ള മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും കൂടി ഉണ്ടായിരുന്നെങ്കിൽ കൂടുതൽ നന്നായിരുന്നു.

**മേരി ഫ്രാൻസിസ്**, കല്ലറയ്ക്കൽ, തുരുത്തി

## ഗാർഹിക പീഡനം

'ഗാർഹിക പീഡനം' എന്നതുകൊണ്ട് യഥാർത്ഥത്തിൽ എന്താണ് അർത്ഥമാക്കുന്നതെന്ന് അറിയാത്ത ഒരുപാട് ആളുകൾ അഭ്യസ്തവിദ്യർക്കിടയിൽ പോലുമുണ്ട്.

മാത്രമല്ല ഗാർഹികപീഢനം ശ്രദ്ധയിൽപ്പെട്ടാൽ എവിടെയാണ് പരാതിപ്പെടേണ്ടതെന്ന് പോലും അറിയാത്ത അനേകർക്ക് ഒരു വഴികാട്ടിയായിരുന്നു പ്രൊഫ. മേരി ജോസഫ് തയ്യാറാക്കിയ ലേഖനം.

ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ലെന്ന് വേണം മനസ്സിലാക്കുവാൻ. ഇത് ഒരു സാമൂഹ്യ സേവനമായി തന്നെ കണക്കിപ്പെടുത്തി ആവശ്യമായ പിന്തുണയും സഹായസഹകരണങ്ങളും ഓരോ പഞ്ചായത്തുകളിലും ഉറപ്പാക്കുകയാണ് ആദ്യം വേണ്ടത്. പഞ്ചായത്തുകളിൽ ഇത്തരം പ്രവർത്തനങ്ങൾ നിശ്ചിത ശതമാനം ഫണ്ട് ഉപയോഗപ്പെടുത്താമെന്നിരിക്കെ അവ ഫലപ്രാപ്തിയിലെത്തിക്കാൻ അധികാരികൾ മടി കാണിക്കുന്നുവെന്നത് ഖേദകരം തന്നെ.

സ്വന്തം കാര്യങ്ങൾക്ക് വേണ്ടി മാത്രമേ ഇത്തരം സേവന സാമൂഹ്യപ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തൂ എന്നുള്ള ചിലരുടെ കണ്ടുപിടുത്തങ്ങൾ സാംസ് ക്കാരിക കേരളത്തിന് ഭൂഷണമല്ല. നമുക്ക് പകർന്നു കിട്ടുന്ന അറിവുകളും സാമൂഹ്യസേവന സാദ്ധ്യതകളും മറ്റുള്ളവരിലേയ്ക്ക് എത്തിക്കുകയും അത്തരം പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

**ഷീല,** തൃത്താലയ്ക്കൽ,
ചേനപ്പാടി

## ഇനി കൊല്ലരുത്

ജൂൺ ലക്കം എഡിറ്റോറിയലിനെക്കുറിച്ചാണ് ഈ കത്ത്. തലക്കെട്ട് തന്നെ ഗംഭീരം. മതി, ഇനി കൊല്ലരുത്. കൊലയും രക്തവും കണ്ടമാനം മടുത്ത സമൂഹം ഉയർത്തുന്ന കൽപനയും വിലാപവുമാണത്. മതി, ഇനി കൊല്ലരുത്.

രാഷ്ട്രീയ കൊലപാതകചരിത്രത്തിന്റെ നാൾ വഴി വരച്ചുകാട്ടാൻ എഡിറ്റോറിയലിന് ആയി. പാർട്ടിസഖാവ് തന്നെ കൊലപാതക രാഷ്ട്രീയത്തിന് ഇരയാകുന്ന മൂന്നാംഘട്ടത്തെ അടയാളപ്പെടുത്തിയതും ഗംഭീരമായി.

രക്തരഹിതമായ രൂപങ്ങളിലും രാഷ്ട്രീയ അക്രമം നമ്മുടെനാട്ടിൽ നിലനിൽക്കുന്നുണ്ടെന്ന നിരീക്ഷണം നൂറുശതമാനം ശരിയാണ്. പൗരാവകാശങ്ങളും നീതിയും അനുവദിച്ചുകിട്ടണമെങ്കിൽ പാർട്ടിഓഫീസിനേയും സെക്രട്ടറിയേയും ആശ്രയിക്കേണ്ടി വരുന്ന ഗതികേടാണ് കേരളത്തിൽ പലയിടത്തും.

സമൂഹത്തിലെ ഭൂരിഭാഗം ജനതയും ഗതികേടുകൊണ്ട് ഇതെല്ലാം സഹിച്ച് മൗനമായി കഴിയുകയാണ്. പാർട്ടി മെമ്പർമാരുടെ എണ്ണം കേരളത്തിലെ മൊത്തെ ജനസംഖ്യയുടെ വളരെ ചെറിയ ശതമാനമെ വരുകയുള്ളു എന്നും നാം മറക്കരുത്. പാർട്ടി മെമ്പർമാരല്ലാത്ത മഹാഭൂരിപക്ഷം നിഷ്പക്ഷമതികളുടെയും സ്വരമാണ് എഡിറ്റോറിയലിലൂടെ പ്രതിഫലിപ്പിക്കുന്നത് - മതി ഇനി കൊല്ലരുത്.

**മാർട്ടിൻ ജോസഫ്,**
കൽപ്പറ്റ

www.malankaralibrary.com



# ധൂർത്തിനെതിരെ... ധീരമായി

തയ്യാറാക്കിയത്: ഫാ. തോമസ് കുഴിയടിച്ചിറ, ഫാ. മനീഷ് ഓലംകണ്ണേൽ

അപരനോടും വരും തലമുറയോടും ചെയ്യുന്ന കൊടിയപാതകമാണ് ധൂർത്ത്. വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും സഭാജീവിതത്തിലും ധൂർത്ത് ഏറിവരിക യുമാണ്. ഈ തിന്മക്കെതിരെ പ്രതികരിക്കാൻ നമ്മൾ തയ്യാറാണോ? ഇതാ വേറിട്ട ചില സ്വരങ്ങൾ.



മാർ ജോസഫ് പെരുന്തോട്ടം

*മെത്രാപ്പോലീത്ത, ചങ്ങനാശ്ശേരി അതിരൂപത*

**'മദ്ധ്യസ്ഥൻ', ഫെബ്രുവരി 2009, വാല്യം 81 ലക്കം 8, പേജ് 5.**

ആഡംബരം ഉപേക്ഷിക്കാൻ നാം തയ്യാറാകണം കാലിത്തൊഴുത്തിൽ ആരംഭിച്ച് കാൽവരിയിൽ പൂർത്തിയാക്കിയ ഈശോയുടെ ഈ ലോകജീവിതം പൂർണ്ണമായും ദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ആയിരുന്നു. ഈശോയുടെ അനുയായികളായ നമ്മിലും ഈ അരൂപിയാണ് ഉണ്ടായിരിക്കേണ്ടത്. ഈശോയെ ലോകത്തിന് കാണിച്ചുകൊടുക്കേണ്ട സഭയുടെ മക്കളായ നാമോരോരുത്തരും ലളിത ജീവിതത്തിന്റെ സന്ദേശവാഹകരാവണം.

ആത്മീയ കർമ്മങ്ങളിൽപോലും ആഡംബരം കടന്നു കൂടുന്നതായി കാണുന്നു. അലങ്കാരങ്ങളും സജ്ജീകരണങ്ങളുമൊക്കെ പരിധിവിട്ട് പോകാതിരിക്കാൻ ശ്രദ്ധിക്കണം. പൂക്കൾക്കൊണ്ട് മദ്ബഹ അലങ്കരിക്കുന്നത് ചിലപ്പോൾ അമിതമാകുന്നതായി കാണുന്നു. അതുപോലെ അതിഥികളെ സ്വീകരിക്കുന്നതിന്റെ പേരിലും അമിതമായ സജ്ജീകരണങ്ങൾ ഉപേക്ഷിക്കേണ്ടതാണ്. കമാനങ്ങളും ബാനറുകളും മിതമായി മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കണം. കല്യാണത്തിനുള്ള ക്ഷണക്കത്തുകൾപോലും ചിലപ്പോൾ വളരെ പണം ചിലവഴിച്ച് അത്യാഡംബരപൂർവ്വം തയ്യാറാക്കുന്നു. മാമ്മോദീസ, കുർബാനസ്വീകരണം,

www.malankaralibrary.com

വിവാഹം തിരുപ്പട്ടസ്വീകരണം തുടങ്ങിയ തിരുകർമ്മങ്ങളോടനുബന്ധിച്ച് ആഡംബരവും അമിതമായ അലങ്കാരവും ഉപേക്ഷിക്കേണ്ടതാണ്. തിരുനാളുകളോടനുബന്ധിച്ച് ഗാനമേള നടത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. വീട്, ദൈവാലയം തുടങ്ങിയവ പണിയുമ്പോഴും ചിലവേറിയ ആഡംബരവും പുറംമോടിയും ഉപേക്ഷിക്കണം. ചുരുക്കത്തിൽ, ജീവിതത്തിന്റെ എല്ലാതലങ്ങളിലും ലാളിത്യവും മിതത്വവും പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**'മദ്ധ്യസ്ഥൻ', ഫെബ്രുവരി 2012, സർക്കുലർ, 12 Ch.102-154; പേജ് 4.**

തിരുന്നാളാഘോഷങ്ങൾ ഒരു കാരണവശാലും ആഡംബരമാകാൻ പാടില്ല. അമിത ചിലവ് ഒഴിവാക്കി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം... വസ്ത്രധാരണത്തിൽ ആഡംബരം ഒഴിവാക്കി ലാളിത്യം പുലർത്തണം. നമ്മുടെ വിദ്യാഭ്യാസത്തിനും ധാർമ്മികതയ്ക്കും ചേർന്ന വിധമായിരിക്കണം വസ്ത്രധാരണം. ■



**സന്യാസ സഭയിലെയും ഇടവകയിലെയും വ്യക്തികളുടെയും ഇടയിലുള്ള ധൂർത്തിന്റെ രംഗങ്ങൾ ഏതൊക്കെ? എങ്ങനെ നിയന്ത്രിക്കാം?**

ഫാ. ജിജു തുരുത്തിക്കര
*അസി. വികാരി, സെന്റ് ആന്റണീസ് ചർച്ച്, ഇടക്കുന്ന്*

എല്ലാം ഒരുതരം കാണിക്കലിനു വേണ്ടി ചെയ്ത് കൂട്ടുന്ന Showing Culture അഥവാ ഉപരിപ്ലവതയുടെ ഭാഗമാണ് ധൂർത്ത്. അത് മനുഷ്യന്റെ എല്ലാ ജീവിതസാഹചര്യങ്ങളിലേക്കും കടന്ന് കയറുന്നുണ്ട്.

ധൂർത്ത് ഒരു Status Symbol ആയി മാറുന്നുണ്ടിവിടെ. കൂടുതൽ ചെലവഴിക്കന്നവൻ കൂടുതൽ ആദരിക്കപ്പെടുന്നു. വീടും കാറും അഭിമാനസ്തംഭങ്ങളായി മാറുമ്പോൾ അതിനുവേണ്ടി എത്രമാത്രം ചിലവഴിക്കുവാനും ആളുകൾ തയ്യാറാകുന്നു.

ആദ്ധ്യാത്മികതയിൽ കേന്ദ്രീകൃതമാകേണ്ട തിരുനാൾ ആഘോഷങ്ങൾ ആഡംബരത്തിന്റേയും കൊഴുപ്പ് കൂട്ടലിന്റേയും അവസരമായി മാറാറുണ്ട്. സ്വർണ്ണ കുരിശിന്റെയും മുത്തുക്കുടകളുടെയും എണ്ണം, ബാന്റ് മേളങ്ങളുടെയും വാദ്യസെറ്റുകളുടെയും കലാപരിപാടികളുടെയും എണ്ണം എന്നിവയും വെടിക്കെട്ടിന്റെ പൊടിപൊടിക്കലുമായി തിരുന്നാൾ ആഘോഷങ്ങൾ മാറുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. എല്ലാവരും അറിയണം, എല്ലാവരാലും ആകർഷിക്കപ്പെടണം, പള്ളിക്ക് പത്ത് കാശ് കിട്ടണം, ഇതാണ് ചിന്ത.

ദാരിദ്ര്യം അഥവാ ഉപേക്ഷ ഒരു പുണ്യമായി മാറുന്നത് ഞാനെടുക്കുന്ന ദാരിദ്ര്യം അഥവാ ഉപേക്ഷ മറ്റുള്ളവർക്ക് നന്മയായി മാറുമ്പോഴാണ്. വ്യക്തിപരമായ ഉപേക്ഷിക്കലുകൾ പലപ്പോഴും സംഘാതമായി ആഡംബരത്തിലേക്ക് നയിക്കപ്പെടുന്നു എന്നതാണ് ഇന്നത്തെ സന്യാസത്തിന്റെ പ്രത്യേകത. നാളെ ഇന്നത് കിട്ടുമെന്നുള്ള ഉറപ്പില്ലായ്മയൊന്നും ഇന്നത്തെ സന്യാസത്തിനില്ല. എല്ലാം കിട്ടുമെന്ന ഉറപ്പുണ്ട്. അത് കൂടുതൽ സുരക്ഷിതത്വ ബോധത്തിലേയ്ക്കും ദൈവപരിപാലനയെക്കുറിച്ചുള്ള അവബോധമില്ലായ്മയിലേയ്ക്കും നയിക്കുന്നു എന്നതാണ് വാസ്തവം.

ഇതിനോടകം തന്നെ വിമർശനം ഏറ്റുവാങ്ങേണ്ടി വന്നിരിക്കുന്ന ഒരു മേഖലയാണ് മരാമത്ത് പണികൾ. ആഡംബരപൂർണ്ണവും അതിശയം ജനിപ്പിക്കുന്നതുമായ പള്ളിമേടകൾ, ആളുകളാൽ ആകർഷിക്കപ്പെടാൻ വേണ്ടി ഒരുക്കുന്ന ബൈബിൾ പാർക്കുകളും ടവറുകളും, കൊന്തഗ്രാമങ്ങളും ഉദാഹരണങ്ങളാണ്.

ധൂർത്തിന് സാമൂഹിക ചിന്താഗതിയിൽ ഒരു Paradigm Shift ഉണ്ടായാൽ മാത്രമേ ധൂർത്തിനെ അടക്കിനിർത്താനാവൂ. അധികമായുള്ളതെന്തും അപരന് കൂടി അർഹതപ്പെട്ടതാണെന്നുള്ള ആദ്ധ്യാത്മികചിന്ത മനസ്സിൽ കാത്ത് സൂക്ഷിക്കുന്നത് തീർച്ചയായും നല്ലതാണ്. ■

www.malankaralibrary.com



**ധൂർത്ത് അഥവാ അമിതമായ ആഡംബരം നിലവിലിരിക്കുന്ന രംഗങ്ങൾ ഏതൊക്കെ? എങ്ങനെ നിയന്ത്രിക്കാം?**

അഡ്വ. തോമസ് വട്ടപ്പലം
*സെന്റ് ജോസഫ് ചർച്ച്, മഞ്ചേരി*

## 1. ക്രൈസ്തവവിശ്വാസികളുടെ ഇടയിലുള്ള ധൂർത്തിന്റെ രംഗങ്ങൾ

- വിവാഹ ആഘോഷങ്ങൾ
- ഭവനനിർമ്മാണം
  (ആഡംബര മാളികകൾ പണിയുന്നത്)
- ആഭരണ ഭ്രമം
- ആഡംബര വാഹനഭ്രമം
- ആഡംബര വസ്ത്രഭ്രമം

### എങ്ങനെ നിയന്ത്രിക്കാം?

- ആർഭാടപ്രിയരെ സഭയുമായി ബന്ധപ്പെട്ട കമ്മറ്റികളുടെയും മറ്റും നേതൃത്വസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കാതിരിക്കുക.
- ആർഭാട വിവാഹങ്ങൾ ആശീർവ്വദിക്കുന്നതിലും അത്തരം വിവാഹാഘോഷങ്ങളിൽ പങ്കെടുക്കുന്നതിലും നിന്നും സഭയുടെ മേലധികാരികൾ വിട്ടുനിൽക്കുക.

3. സഭ മുൻകൈ എടുത്ത് നിരന്തരമായ ബോധവത്ക്കരണ പരിപാടികൾ നടത്തുക.

## 2. ഇടവകയിലെ ധൂർത്തിന്റെ രംഗങ്ങൾ

ആർഭാടപൂർണ്ണമായ തിരുനാൾ ആഘോഷങ്ങളാണ് ശ്രദ്ധ ചെലുത്തേണ്ടപ്രധാന മേഖല.

### എങ്ങനെ നിയന്ത്രിക്കാം?

- ഇപ്രകാരമുള്ള തിരുനാൾ ആഘോഷങ്ങളെ സഭാനേതൃത്വം നിരുത്സാഹപ്പെടുത്തുക. അത്തരം ആഘോഷങ്ങളിൽ സഭയുടെ മേലധികാരികൾ കഴിവതും പങ്കെടുക്കാതിരിക്കുക.
- തിരുനാളിന് ചിലവഴിക്കുന്ന തുകയ്ക്ക് ഇടവകയിലെ വിശ്വാസികളുടെ എണ്ണത്തിന് ആനുപാതികമായി പരിധി നിർണ്ണയിക്കുക. ■

**സഭാനേതൃത്വത്തിന്റെ ജീവിതത്തിൽ ധൂർത്ത് ഉണ്ടോ? ഏതൊക്കെ തലങ്ങളിൽ ? എന്താണ് പ്രതിവിധി?**



ലിന്റ ആന്റണി
*സെന്റ് ജെർമൈൻ ചർച്ച്, പറവൂർ*

സമൂഹം സഭയുടെ നേതൃത്വനിരയിൽ കാണുന്നത് മെത്രാന്മാരെയും വൈദികരെയുമാണ്. സമൂഹത്തിന്റെ കാഴ്ചപ്പാട് മെത്രാന്മാരെയും വൈദികരും തങ്ങളിൽ നിന്ന് വളരെ ഉയരത്തിൽ / ഉന്നതിയിൽ നിൽക്കുന്നവർ എന്നാണ്. വ്യക്തിപരമായി വളരെ ലളിതമായ ജീവിതമാണ് ഇവർ നയിക്കുന്നതെങ്കിലും ഇവരുടെ ചുററുമുള്ള വ്യക്തികൾ ഇവർക്ക് ആവശ്യത്തിലേറെ പരിവേഷം നൽകി സാമൂഹ്യനേതാക്കന്മാരെപ്പോലെ ഇവരെ, സമൂഹത്തിന്റെ മുമ്പിൽ ചിത്രീകരിക്കുന്നു. കൂടാതെ ഇവർ പങ്കെടുക്കുന്ന ഇടവകപരിപാടികളും ഇവർക്കുള്ള സ്വീകരണചടങ്ങുകളിൽ കാണിക്കുന്ന ധൂർത്തും, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഇടയാക്കുന്നു.

ആത്മീയതയുടെ നിറവിൽ നടക്കേണ്ട കൂദാശകൾ

www.malankaralibrary.com

ധൂർത്തിനു വേദികളാവുന്ന കാഴ്ചകൾ എവിടെയും കാണാൻ കഴിയും. ആഘോഷങ്ങളിൽ ധൂർത്തിന്റെ ഭാഗമാകുന്ന മദ്യം നമ്മുടെ കൂദാശകളെ എത്രമാത്രം അപഹാസ്യമാക്കുന്നുവെന്ന് ഓർക്കണം. ധൂർത്തിന്റെ വഴിയിലൂടെ വലിയൊരു പറ്റം നടക്കുമ്പോഴും ചെറിയൊരു കൂട്ടം ആളുകൾ ലളിത ജീവിതം നയിച്ച് തങ്ങളുടെ കൊച്ചുവരുമാനത്തിൽനിന്ന് മററുള്ളവരെ സഹായിച്ച് നിസ്വാർത്ഥതയോടെ ജീവിക്കുന്നു.

ഇന്നത്തെ സന്യസ്തർ തങ്ങളുടെ വ്രതത്തിന്റെ മാർഗ്ഗത്തിൽ നിന്നും അൽപം മാറി ലോകത്തിന്റെ വഴികളിലൂടെ സംഞ്ചരിക്കുന്നില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അത്യാവശ്യങ്ങൾ എന്നതിലുപരിയായി വാഹനങ്ങളുടെ ഉപയോഗം, ആധുനിക ഉപകരണങ്ങളോടുള്ള താൽപര്യം, ആർഭാടങ്ങൾ നിറഞ്ഞ വിരുന്നുമേശകൾ, അത്യാധുനിക സൗകര്യങ്ങളോടുകൂടിയ താമസസൗകര്യങ്ങൾ തുടങ്ങിയവ ആത്മീയ ജീവിതത്തിൽ നിന്നും സന്യസ്തരെ വേർപെടുത്തി ലൗകികതയുടെ വക്താക്കളാക്കി മാറ്റുന്നു. ദൈവരാജ്യത്തിനും മനുഷ്യർക്കുമായി സമർപ്പിക്കേണ്ട ജീവിതങ്ങൾ പലപ്പോഴും ഉപഭോക്തൃ ജീവിതത്തിന് വഴിമാറുന്നതായി കാണുന്നു. സന്യസ്തരുടെയിടയിൽ ഈ സംസ്ക്കാരം വളർച്ച പ്രാപിക്കുമ്പോഴും ലളിതവും മാതൃകാപരവും ആയ ജീവിതം നയിക്കുന്ന നിരവധി സന്യസ്തർ നമ്മുടെ മുമ്പിലുണ്ടെന്നും നാം തിരിച്ചറിയണം.

ഇടവകയിൽ പ്രകടമായി കാണുന്ന ഒരു ധൂർത്ത് തിരുനാളുകളോട് ബന്ധപ്പെട്ടതാണ്. അതിരൂപതകൾ ഇതിന് ഒരുപരിധിവരെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്ന് എത്ര ഇടവകകൾ ഇത് പാലിക്കുന്നു എന്ന് ചിന്തിക്കേണ്ടതുണ്ട്. ■



**സാധാരണ ക്രൈസ്തവവിശ്വാസികളുടെയിടയിൽ ധൂർത്തിന്റെ അവസരങ്ങൾ എവിടെയൊക്കെയാണ്? എങ്ങനെ നിയന്ത്രിക്കാം?**

ജൂഡ് ജോസഫ് മുക്കത്ത്

*വടുതല, കൊച്ചി*

അടുത്തകാലത്തായി ഏറ്റവും വലിയ ധൂർത്ത് കടന്നുകൂടിയിരിക്കുന്നത് ആദ്യകുർബാന സ്വീകരണങ്ങൾക്കാണ്. ഒരുഗതിയും ഇല്ലാത്തവർ പോലും ലക്ഷങ്ങൾ കടമെടുത്ത് തലേദിവസം മുതലുള്ള ആഘോഷങ്ങൾക്ക് മോടി കൂട്ടും. രണ്ടാമതായി, മാമോദീസാ സ്വീകരണങ്ങൾ വിവാഹത്തേക്കാൾ ആഘോഷപൂർവ്വമായി കൊണ്ടാടുന്നു. കുട്ടികളെ പഠിപ്പിക്കാനും പുരനിറഞ്ഞുനിൽക്കുന്ന പെൺകുട്ടികളെ കെട്ടിച്ചയക്കാനും അയൽപക്കത്തെ വീട്ടുകാർ ബുദ്ധിമുട്ടുമ്പോഴും ഒരു മടിയും കൂടാതെ തങ്ങളുടെ കുടുംബത്തിന്റെ അന്തസ്സ് ഉയർത്തിക്കാട്ടുവാൻ അലങ്കാരങ്ങളും ആഘോഷങ്ങളും നടത്തുന്നു. പിറന്നാളുകളുടെ ആഘോഷവും ഇതുപോലെതന്നെയാണ്.

മൂന്നാമതായി തിരുന്നാളുകൾ ക്രിസ്തു കേന്ദ്രീകൃതവും വിശ്വാസത്തെ വളർത്തുന്നതും ആയിരിക്കണം. പ്രത്യേകിച്ച് വിശുദ്ധരുടെ തിരുന്നാളുകൾ വിശ്വാസത്തെ പരിഹസിക്കുന്നതും മറ്റ് മതസ്ഥർക്ക് നമ്മൾ വിഗ്രഹാരാധകരാണെന്ന തോന്നലിനും ഇടയാക്കുന്നു. തിരുന്നാളാഘോഷങ്ങൾ പലപ്പോഴും പ്രസുദേന്തിമാരുടെ ഇടയിലുള്ള മൽസരത്തിലേക്കും ധൂർത്തിലേക്കുമാണ്; മറിച്ച് വിശ്വാസത്തിലേക്കല്ല.

മതമേലദ്ധ്യക്ഷന്മാരും വൈദികരും ഇതിനെതിരെ ശക്തമായി പ്രതികരിക്കുന്നില്ല. സർക്കുലറിലൂടെയും ഇടയലേഖനങ്ങളിലൂടെയും ബോധവൽക്കരണപരിപാടികളിലൂടെയും ഇതിനെ നിയന്ത്രിക്കാവുന്നതാണ്. ആഘോഷങ്ങൾ ചെലവ് ചുരുക്കി നടത്തുന്ന വ്യക്തികളേയും ഇങ്ങനെ കിട്ടിയ പണം സാമൂഹ്യനന്മയ്ക്കായി ഉപയോഗിക്കുന്ന വ്യക്തികളേയും ഇടവകാതലത്തിൽ ആദരിക്കാവുന്നതാണ്. ഞായറാഴ്ച പ്രസംഗങ്ങളിലും വാർഡ് കൂട്ടായ്മയിലും ഇങ്ങനെ ചെയ്തവരുടെ മാതൃകകൾ എടുത്ത് പറയാവുന്നതാണ്. പ്രത്യേകിച്ച്, പള്ളിയോട്ചേർന്ന് നിൽക്കുന്നവർ ആദ്യംതന്നെ ഇതിന് മാതൃകകളാവണം. മാധ്യമങ്ങൾക്ക് ഈ കാര്യത്തിൽ വലിയൊരു പങ്ക് വഹിക്കാനുണ്ട്. ■

www.malankaralibrary.com



# ഭൗതികസൗഭാഗ്യങ്ങളും ആഡംബരജീവിതവും

ഡോ. ആന്റണി തറേക്കടവിൽ
*ബൈബിൾ പണ്ഡിതൻ, ഗുഡ് ഷെപ്പേർഡ് സെമിനാരി, കുന്നോത്ത്*

ഭൗതികസമ്പത്തിനോടുള്ള ആദർശ സമീപനം എന്തായിരിക്കണം? ഭൗതികമായ ആഡംബരങ്ങളെ വർജ്ജിക്കേണ്ടതുണ്ടോ? ഇവയെക്കുറിച്ചുള്ള ബൈബിളിന്റെ കാഴ്ചപ്പാടാണ് ഇവിടെ അവതരിപ്പിക്കുന്നത് - പഴയനിയമത്തിൽ തുടങ്ങി പുതിയ നിയമം വരെ


പഴയനിയമത്തിലെ പുസ്തകങ്ങളിലധികവും പുനരുത്ഥാനത്തിലുള്ള വിശ്വാസം പുലർത്തുന്നവയല്ല. അവ എഴുതപ്പെട്ട കാലത്ത് പുനരുത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസത്തിന്റെ ഉൾക്കാഴ്ച മനുഷ്യൻ കൈവരിച്ചിരുന്നില്ല. കർത്താവിന്റെ കാലത്തുപോലും യഹൂദമതത്തിൽ ഫരിസേയർ മാത്രമേ മരണശേഷം പുനരുത്ഥാനം ഉണ്ടാകുമെന്ന് വിശ്വസിച്ചിരുന്നുള്ളൂ (മത്താ 22:23-33; ലൂക്കാ 20:27-40; അപ്പ 23:6-10). മരണശേഷം എല്ലാവരും മൃതരുടെ വാസസ്ഥലമായ പാതാളത്തിൽ വസിക്കുമെന്ന് പൊതുവേ കരുതപ്പെട്ടിരുന്നു (ജോബ് 7:9; 17:13: 21:13). പാതാളത്തിൽ സുഖമനുഭവിക്കാൻ കഴിയാത്തതിനാൽ ഈ ഭൂമിയിൽ ജീവതം ആസ്വദിക്കാൻ പ്രഭാഷകൻ ശ്രോതാവിനെ ഉപദേശിക്കുന്നു (പ്രഭാ.14:16).

## ദൈവനുഗ്രഹം

എന്നാൽ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധിയാണെന്നും, അവൻ ചെയ്യുന്ന ഓരോ പ്രവൃത്തിക്കുമുള്ള ഉത്തരവാദിത്വം അവനുതന്നെയാണെന്നും, ഓരോരുത്തരുടേയും പ്രവൃത്തികളുടെ പ്രതിഫലം അവർ തന്നെ അനുഭവിക്കുമെന്നും യഹൂദർ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് ഏദേൻ തോട്ടത്തിൽ വച്ച് വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദിമാതാപിതാക്കന്മാർ ശിക്ഷിക്കപ്പെടാനിടവന്നത്.

ഈ ജീവിതത്തിനപ്പുറത്ത് മറ്റൊന്നും പ്രതീക്ഷിക്കാനില്ലാതിരിക്കെ മനുഷ്യർ ചെയ്യുന്ന സത്പ്രവൃത്തികളുടെ പ്രതിഫലം ഈ ജീവിതത്തിൽ തന്നെ അവർക്കു ലഭിക്കുമെന്ന് പഴയനിയമ ജനത വിശ്വസിച്ചിരുന്നു. തത്ഫലമായി സമ്പത്തും, ഐശ്വര്യവും, ആരോഗ്യവും, ഭൗതിക നന്മകളുമെല്ലാം ദൈവാനുഗ്രഹത്തിന്റെ അടയാളമായിട്ടാണവർ കരുതിയിരുന്നത്. ഇതിന് ഉത്തമ ഉദാഹരണമാണ് നീതിമാനായി ജീവിച്ചിരുന്ന ജോബിന് ദൈവം നല്കിയിരുന്ന സാമ്പത്തിക വളർച്ചയും, കുടുംബത്തിലെ ഐശ്വര്യവും മറ്റും (ജോബ് 1:9-11). മാത്രമല്ല ദൈവത്തിന്റെ അനുവാദത്തോടെ സാത്താനാൽ പരീക്ഷിക്കപ്പെട്ട ജോബ്, പരീക്ഷകളിൽ ഭാഗികമായിട്ടാണെങ്കിലും വിജയിച്ചു കഴിഞ്ഞപ്പോൾ അവന് അവന്റെ സദ്പ്രവൃത്തികൾക്കു പ്രതിഫലമായി പഴയതിന്റെ അനേക മടങ്ങ് ഭൗതിക നന്മകൾ ലഭിച്ചു

www.malankaralibrary.com



വെന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു (ജോബ് 42:10-17). കാരണം ജോബിനു തന്റെ നന്മയുടെ പ്രതിഫലം ഈ ഭൂമിയിൽ വച്ചുതന്നെ ലഭിക്കണം.

ഈ ആശയം അതിന്റെ സത്തയിലുൾക്കൊള്ളുന്ന സന്ദേശമാണ് സുഭാഷിതങ്ങൾ നല്കുന്നത്: ഭോഷൻ സുഭിക്ഷത അർഹിക്കുന്നില്ല; പ്രഭുക്കന്മാരെ ഭരിക്കാൻ അടിമയ്ക്ക് അത്രപോലും അർഹതയില്ല (സുഭാ 19:10). സുഖലോലുപതയ്ക്ക് ദുഷ്ടന് അർഹതയില്ലെന്ന് പറയുമ്പോൾ സുഖലോലുപത, തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം നല്കുന്ന ദാനമാണ് എന്നാണർത്ഥം. ശത്രു ദൈവാനുഗ്രഹത്താലാണ് ഐശ്വര്യപൂർണനായതെന്ന് ഹബക്കുക്ക് പ്രവാചകൻ (1:16) വിലപിക്കുന്നുണ്ട്.

## ആഡംബരത്തിൽ മതി മറക്കരുത്

ആഡംബരജീവിതത്തിൽ ഒരുവൻ മതിമറന്നു ജീവിച്ചാൽ അത് നിയന്ത്രണമില്ലായ്മയിലേക്കും, ദാരിദ്ര്യത്തിലേക്കും നയിക്കുമെന്നും അനുഭവസമ്പന്നനായ പ്രഭാഷകൻ പഠിപ്പിക്കുന്നുണ്ട്: ആഡംബരത്തിൽ മതി മറക്കരുത്; അതു നിന്നെ ദരിദ്രനാക്കും (പ്രഭാ.18:32). അമിത ആഡംബരം നാശത്തിനു കാരണമാക്കുന്നുവെന്ന് അദ്ദേഹം പറയുന്നു: ആഡംബരത്തിൽ അതിരുകവിഞ്ഞ അഭിനിവേശം അരുത് (പ്രഭാ.37:29; ജ്ഞാനം 19:11 കാണുക).

## ശിക്ഷാർഹരായ ധനവാന്മാർ

പഴയനിയമത്തിന്റെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കുകയും, വി. പൗലോസിൽ നിന്നു വ്യത്യസ്തമായി, പഴയനിയമസന്ദേശത്തെ അതിന്റെ സാരാംശത്തിൽ ഉൾക്കൊള്ളുകയും ചെയ്യുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ (24:34-39) മുകളിൽപ്പറഞ്ഞ പഴയനിയമ ചിന്താഗതിക്ക് കാര്യമായ വ്യതിയാനം സംഭവിക്കുന്നത് കാണാം.

സമ്പത്ത് ദൈവാനുഗ്രഹമായി കണ്ടിരുന്ന യഹൂദരുടെ ചിന്താഗതികളെ തകിടം മറിച്ചുകൊണ്ടാണ് അവിടെ കർത്താവ് ഭോഷനായ ധനികന്റെയും ധനവാന്റെയും ലാസറിന്റെയും ഉപമകൾ പറയുന്നത് (ലൂക്കാ 12:13-21; 16:19-31). ഈ ഉപമകളിലെ ശിക്ഷാർഹരായ ധനവാന്മാർ അവരുടെ സമ്പത്ത് ആസ്വദിക്കുകയെന്നതല്ലാതെ മറ്റൊരു തിന്മയും ചെയ്യുന്നില്ല. ദൈവത്തിലേക്കും സഹോദരനിലേക്കും ഒരുവനെ കൈപിടിച്ചു നടത്തുന്ന മാനസാന്തരമാണ് സുവിശേഷകന്റെ വീക്ഷണത്തിൽ പരമപ്രധാനം (13:1-6,22). ലാസറിന്റെ സമകാലികനായിരുന്ന ധനവാൻ ദൈവത്തിനു സ്തുതിയർപ്പിച്ചുകൊണ്ടാവാം ജീവിച്ചത്; പക്ഷേ നരകത്തിലാണ് എത്തിപ്പെട്ടത്. സമ്പത്ത് ധൂർത്തടിക്കാൻ ബന്ധങ്ങളുപേക്ഷിച്ച ധൂർത്തപുത്രൻ നാശത്തിലാണ് എത്തിച്ചേരുന്നത് (ലൂക്കാ 15:11-17).

## സാമൂഹ്യ പശ്ചാത്തലം

ഇപ്പറഞ്ഞ പുതിയനിയമ വീക്ഷണമെന്തെന്ന് മനസിലാക്കാൻ ഈ വചനത്തിന്റെ പശ്ചാത്തലത്തെക്കുറിച്ചറിയുന്നത് നല്ലതാണ്: ആദിമ ക്രിസ്ത്യാനികൾ സമൂഹത്തിന്റെ മുഖ്യധാരയിൽ ജീവിച്ചിരുന്നവരല്ല;

www.malankaralibrary.com



അവർ പാവപ്പെട്ടവരായിരുന്നു (ലൂക്കാ 6:20; 11:8; 18:24 -25). അവർക്ക് ആഡംബരവും ധൂർത്തും അന്യമായിരുന്നു. അവരുടെ ശത്രുനിരയിൽപ്പെട്ടവരുടെ അടയാളമായിരുന്നു ധൂർത്ത് (ലൂക്കാ 18:25). ആ ശത്രുക്കൾ നാശത്തിൽ പതിക്കുമെന്ന് വിശ്വാസികൾ കരുതുന്നു.

ഈ പശ്ചാത്തലത്തിൽ വേണം ധൂർത്തിനെക്കുറിച്ചും ആഡംബരജീവിതത്തെക്കുറിച്ചുമുള്ള താഴെപ്പറയുന്ന പുതിയനിയമകാഴ്ചപ്പാടുകളെ മനസിലാക്കുവാൻ: അവർക്കു തിന്മയ്ക്കു തിന്മപ്രതിഫലമായി ലഭിക്കും. പട്ടാപ്പകൽ മദിരോത്സവത്തിൽ മുഴുകുന്നത് അവർ ആനന്ദപ്രദമായെണ്ണുന്നു. നിങ്ങളോടൊത്ത് ഭക്ഷണം കഴിക്കുമ്പോൾ അവർ കുടിച്ചു മദിച്ചുകൊണ്ട് വഞ്ചന പ്രവർത്തിക്കുന്നു (2 പത്രോസ് 2:13);

എന്തെന്നാൽ സകല ജനതകളും അവളുടെ ഭോഗാസക്തിയുടെ മാദകമായ വീഞ്ഞു പാനം ചെയ്തു. ഭൂമിയിലെ രാജാക്കന്മാർ അവളുമായി വ്യഭിചാരം ചെയ്തു. അവളുടെ സുഖഭോഗവസ്തുക്കൾ വഴി വ്യാപാരികൾ ധനികരായി (വെളി. 18:3);

അവൾ തന്നെത്തന്നെ എത്രത്തോളം മഹത്വപ്പെടുത്തുകയും സുഖഭോഗങ്ങൾ അനുഭവിക്കുകയും ചെയ്തുവോ അത്രത്തോളം പീഢനവും ദുഃഖവും അവൾക്കു നല്കുവിൻ. എന്തെന്നാലവൾ ഹൃദയത്തിൽ പറയുന്നു: ഞാൻ രാജ്ഞിയായി വാഴുന്നു. ഞാൻ വിധവയല്ല, എനിക്കൊരിക്കലും വിലപിക്കേണ്ടി വരികയില്ല (വെളി 18:7).

അവളോടൊത്ത് വ്യഭിചാരം ചെയ്യുകയും ഭോഗജീവിതം നയിക്കുകയും ചെയ്ത ഭൂമിയിലെ രാജാക്കന്മാർ കത്തിയെരിയുന്ന പുകകാണുമ്പോൾ അവളെക്കുറിച്ച് കരയുകയും അലമുറയിടുകയും ചെയ്യുന്നു (വെളി. 18:9).

അവസാന നാളുകളിൽ പ്രത്യക്ഷപ്പെടുന്ന ദുഷ്ടാത്മാക്കൾ നിയന്ത്രണമില്ലാത്തവരും സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരുമായിരിക്കുമെന്ന് വി. പൗലോസ് പറയുന്നുണ്ട്: ഒരു കാര്യം മനസിലാക്കിക്കൊള്ളുക. അവസാന നാളുകളിൽ ക്ലേശപൂർണമായ സമയങ്ങൾ വരും. അപ്പോൾ സ്വാർത്ഥ സ്നേഹികളും, ധനമോഹികളും, അഹങ്കാരികളും, ഗർവ്വിഷ്ഠരും, ദൈവദൂഷകരും, മാതാപിതാക്കന്മാരെ അനുസരിക്കാത്തവരും, കൃതഘ്നരും, വിശുദ്ധിയില്ലാത്തവരുമായ മനുഷ്യരുണ്ടാകും. അവർ മനുഷ്യത്വമില്ലാത്തവരും ഒന്നിനും വഴങ്ങാത്തവരും അപവാദം പറയുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും എടുത്തു ചാട്ടക്കാരും അഹന്തയുള്ളവരും ദൈവത്തെ സ്നേഹിക്കുന്നതിനു പകരം സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരുമായിരിക്കും (2തിമോ 3:1-4).

## പങ്കുവയ്ക്കുക

പുതിയനിയമത്തിലെ പൊതുദർശനമനുസരിച്ച് ഒരു നല്ല മനുഷ്യന് ധൂർത്തനാകാൻ കഴിയില്ല. കാരണം സമ്പത്ത് ദൈവദാനമാണെന്നത് മാത്രമല്ല പൂർണ്ണസത്യം. മനുഷ്യരെല്ലാം ദൈവമക്കളും അതിനാൽ സഹോദരന്മാരുമാണെന്നതാണ് പൂർണ്ണസത്യം. നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധിക്കപ്പെട്ട അവയവങ്ങളുമാണ് (റോമ 12:5). പരസ്പരം സ്നേഹിക്കുന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു (റോമ 13:8-11; 1 കൊറി.11:17-22).

അതിനാൽത്തന്നെ ഓരോരുത്തരും സഹോദരന്റെ കാവൽക്കാരൻ കൂടിയാണ്. കർത്താവിന്റെ മൗതിക

www.malankaralibrary.com

സരീരത്തിലെ ഒരു അവയവമായവൻ ആ ശരീരത്തിലെ മറ്റവയവങ്ങളെ പരിഗണിക്കാതെ രക്ഷനേടുക സാധ്യമല്ല. അതുകൊണ്ടാണ് മാനസാന്തരം പ്രസംഗിച്ച യോഹന്നാൻ മാംദാന പങ്കുവയ്ക്കലിനെ മാനസാന്തരത്തിന്റെ അടയാളമായി ഉയർത്തിക്കാട്ടിയത് (ലൂക്കാ 3:10-14).

അനീതിയും, ന്യായമായ വിതരണരീതിയുമില്ലാത്തതാണ് ധൂർത്തിനു കാരണം. അവർക്ക് ദൈവത്തെക്കുറിച്ച് ചിന്തയില്ല. ധൂർത്തരായി ജീവിക്കുന്നവർ വാസ്തവത്തിൽ മൃതരാണ്. ഏകാകിയായൊരു വിധവയാകട്ടെ ദൈവത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് അപേക്ഷകളിലും പ്രാർത്ഥനയിലും ദിനരാത്രങ്ങൾ ചിലവഴിക്കുന്നു. എന്നാൽ, സുഖാനുഭവങ്ങളിൽ മുഴുകിയിരിക്കുന്നവൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ മരിച്ചുകഴിഞ്ഞിരിക്കുന്നു (തിമോ. 5:5-6). ദൈവത്തെ അറിയാത്തവരാണ് പട്ടാപ്പകൽ മദിരോത്സവങ്ങളിൽ മുഴുകുന്നത് (2 പത്രോ 2:13). അങ്ങനെയുള്ളവരുടെ ദർശനങ്ങൾ ആകർഷകമാണെങ്കിലും അവർ വ്യാജ പ്രവാചകൻമാരാണ്. അവർക്കു തിന്മയ്ക്കു തിന്മ പ്രതിഫലമായി ലഭിക്കും. പട്ടാപ്പകൽ മദിരോത്സവത്തിൽ മുഴുകുന്നത് അവർ ആനന്ദ പ്രദമായി എണ്ണുന്നു (2 പത്രോ. 2:13).

### ജഡത്തിന്റെ വ്യാപാരം

ആത്മാവിനെതിരായ ജഡത്തിന്റെ വ്യാപാരങ്ങളിൽപ്പെട്ടതാണ് ധൂർത്തെന്ന് പല പുതിയനിയമഭാഗങ്ങളും വ്യക്തമാക്കുന്നു (ഉദാ: ഗലാ 5:19-20). അത് മദ്യത്തിന്റെയും ബോധമില്ലായ്മയുടെയും ഫലമെന്നാണ് പൗലോസ്ശ്ലീഹ പറയുന്നത്; സുബോധമുള്ളവർ ആഡംബരങ്ങളിൽ മുഴുകുകയില്ല. ദൈവത്തെ അറിയാത്ത മനുഷ്യഹൃദയത്തിൽനിന്നും പുറപ്പെടുന്ന തിന്മകളിലൊന്നായാണ് വി. മർക്കോസും വി. പൗലോസും ധൂർത്തിനെ വിശേഷിപ്പിക്കുന്നത് (മർക്കോസ് 7:22; ഗലാ 5:18-21; 1പത്രോസ് 4:3). അത് മാനസാന്തരത്തിന്റെ അഭാവമാണ് (ലൂക്കാ 7:25). തങ്ങൾക്കു ലഭിച്ചുവെന്ന് ധൂർത്തരായി ജീവിക്കുന്നവർ കരുതുന്ന നന്മകൾ പലതും തിന്മകളാണ്. ശിക്ഷ അവരെ കാത്തിരിക്കുന്നു: നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവ്വം സുഖലോലുപരായി ജീവിച്ചു. കൊലയുടെ ദിവസത്തേക്ക് നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു (യാക്കോബ് 5:5)

ക്രിസ്ത്യാനിയുടെ അടിസ്ഥാന മനോഭാവമെന്തായിരിക്കണമെന്ന് വി. പത്രോസ് ശ്ലീഹ ഉപദേശിക്കുന്നുണ്ട്: നിങ്ങളുടെ വിശ്വാസത്തെ സുകൃതംകൊണ്ടും, സുകൃതത്തെ ജ്ഞാനംകൊണ്ടും, ജ്ഞാനത്തെ ആത്മസംയമനംകൊണ്ടും, ആത്മസംയമനത്തെ ഭക്തികൊണ്ടും, ഭക്തിയെ സഹോദരസ്നേഹംകൊണ്ടും, സഹോദരസ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണ്ണമാക്കാൻ നന്നായി ഉത്സാഹിക്കുവിൻ (2 പത്രോ. 1:47). ■




വൈദികരുടെ ആത്മീയ
നേതൃത്വത്തിൽ എല്ലാ മാസവും
വിശുദ്ധനാട് തീർത്ഥയാത്ര
JORDAN - ISRAEL - PALESTINE - SINAI - EGYPT
വൈദികർക്കും, ചാരിറ്റി സംഘടനകൾക്കും
പ്രത്യേക ഇളവുകൾ നൽകുന്നു.
anna holidays
complete travel shop
Peediyeckal Building, Mutambalam P. O, Kanjikuzhy, Kottayam
Off: 0481-2577746; Mob: 9961443308, 9961028283
www.visitkerala.in; www.harithavanam.in
annatravelshop@gmail.com
*Package Tour* *Hotel Reservations* *House Boat Booking*

www.malankaralibrary.com



# നിങ്ങളുടെ ബാങ്ക് ബാലൻസ് ദരിദ്രന്റേതാണ്

ഡോ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ ഒ.ഐ.സി

ധൂർത്തിനെക്കുറിച്ചും സമ്പത്തിന്റെ വിനിയോഗത്തെക്കുറിച്ചും ഏറ്റവും കർക്കശമായ ഉപദേശങ്ങൾ നൽകിയവരാണ് സഭാപിതാക്കന്മാർ. സുവിശേഷ ദർശനത്തിൽ നിന്നും പൊട്ടിവിരിയുന്ന പിതാക്കന്മാരുടെ ദർശനത്തിന്റെ ഒരു സംക്ഷിപ്താവതരണം.

ഭൗതിക സമ്പത്തിനെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടും പഠനവും എന്തായിരുന്നു? ഇതാണ് ഈ ലേഖനത്തിന്റെ അന്വേഷണ വിഷയം.

ഭൗതിക സമ്പത്തിനെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ ദർശനം രൂപപ്പെടുന്നത് പുതിയ നിയമത്തിലെ കാഴ്ചപ്പാടിൽ നിന്ന് തന്നെയാണ്. സുവിശേഷങ്ങളിലെ യേശു പറഞ്ഞുവയ്ക്കുന്ന ദർശനത്തിന്റെ ചുവടുപിടിച്ചാണ് ആദിമസഭാപിതാക്കന്മാർ ചിന്തിച്ചതും സംസാരിച്ചതും.

## യേശുവിന്റെ കാഴ്ചപ്പാട്

ധനികരായ പലരുടെയും സൗഹൃദവും ശിഷ്യസമ്പത്തും യേശുവിനുണ്ടായിരുന്നുവെന്നത് സത്യമാണ് (മത്താ 27:57; ലൂക്കാ 8:1-3). എന്നിരുന്നാലും, ഒന്നാം നൂറ്റാണ്ടിൽ നിലവിലിരുന്ന യുഗാന്ത്യചിന്തയുടെ പശ്ചാത്തലത്തിൽ ഭൗതികസമ്പത്തിനെക്കുറിച്ച് വളരെ കാർക്കശ്യമുള്ള നിലപാടായിരുന്നു യേശു പുലർത്തിയിരുന്നത്.

വിതക്കപ്പെടുന്ന വചനത്തെ ഞെരിച്ചമർത്തി ഇല്ലാതാക്കുന്നത് ലൗകിക വ്യഗ്രതയും ധനത്തിന്റെ ആകർഷണവുമാണ് (മർക്കോ 4:19). ദൈവത്തെയും ധനത്തെയും ഒരുപോലെ സേവിക്കാനാവില്ലെന്നും യേശു പഠിപ്പിച്ചു. യേശുവിനെ അനുഗമിക്കുന്നതിൽ നിന്നും ധനികനായ യുവാവിനെ തടയുന്നത് ഭൗതികസമ്പത്തിനോടുള്ള അവന്റെ താൽപര്യം തന്നെയാണ് (മർക്കോ 10:17-30). ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണെന്ന് യേശു പഠിപ്പിച്ചു. ചുരുക്കത്തിൽ ദൈവരാജ്യവും ഭൗതികസമ്പത്തും വിപരീത ധ്രുവങ്ങളിലാണെന്നായിരുന്നു യേശുവിന്റെ കാഴ്ചപ്പാട്.

ദൈവരാജ്യത്തിനും സ്വർഗ്ഗീയ സമ്പത്തിനുമുള്ള മാർഗമായി ഭൗതിക സമ്പത്തിനെ ഉപയോഗിക്കണമെന്നാണ് യേശു ഉപദേശിക്കുന്നത്. ഭൗതിക സമ്പത്ത് വിറ്റ് നശിച്ച് പോകാത്ത നിക്ഷേപം സ്വർഗ്ഗത്തിൽ സമ്പാദിക്കാനാണ് യേശുവിന്റെ ആഹ്വാനം (ലൂക്കാ 12:33). ദൈവസന്നിധിയിൽ സമ്പന്നനാകാതെ, തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കുന്നവനെ ദൈവം വിളിക്കുന്നത് ഭോഷനെന്നാണ് (ലൂക്കാ.12:20). സ്വർഗീയ സമ്പത്തിനായി ഭൗതിക സമ്പത്ത് വ്യയം ചെയ്യുന്നതിന് ഏറ്റവും നല്ല ഉദാഹരണം സക്കേവൂ

www.malankaralibrary.com




സാണ് (ലൂക്കാ 19:1-10). അന്ത്യവിധിയുടെ ഉപമയിലൂടെ യേശു പഠിപ്പിക്കുന്നതും (മത്താ 25:31-46) സമാനമായ പാഠം തന്നെയാണ്.

## ധൂർത്തെന്ന പാപം

"അനേകർ ദരിദ്രരായി കഴിയുമ്പോൾ ആഡംബരത്തിലും ധൂർത്തിലും ജീവിക്കുന്നത് പാപവും വിഡ്ഢിത്തവുമാണ്"- നാലാം നൂറ്റാണ്ടിൽ ജീവിച്ച സഭാപിതാവായ ബേസിലിന്റെ ഉപദേശമാണിത്.

മറ്റൊരാളുടെ വസ്ത്രം അപഹരിക്കുന്നവനെ മോഷ്ടാവെന്നാണ് നിങ്ങൾ വിളിക്കുന്നത്. എങ്കിൽ നഗ്നരായി കഴിയുന്നവർക്ക് വസ്ത്രം കൊടുക്കാൻ വിസമ്മതിക്കുന്നവനെ മോഷ്ടാവെന്നല്ലാതെ മറ്റെന്താണ് വിളിക്കാനാവുന്നത്- ബേസിൽ വാദിക്കുന്നു. അദ്ദേഹം തുടരുന്നു-നിന്റെ അടുക്കളയിൽ നീ അടുത്തനേരത്തേക്കായി സൂക്ഷിച്ചിരിക്കുന്ന അപ്പം നിന്റേതല്ല; വിശന്നു കഴിയുന്നവരുടെ അപ്പമാണത്. നിന്റെ അലമാരയിൽ നീ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന ഉടുപ്പ് നിന്റേതല്ല; മറിച്ച് ഉടുപ്പില്ലാതെ കഴിയുന്നവന് അവകാശപ്പെട്ടതാണത്. നീ സൂക്ഷിച്ചുവച്ചിരിക്കുന്ന നിന്റെ ചെരുപ്പ്, പുറത്ത് നിഷ്പാദുകരായി നടക്കുന്നവരുടേതാണ്. നീ ബാങ്കിലിട്ടിരിക്കുന്ന പണം നിന്റേതല്ല; പണമില്ലാത്ത ദരിദ്രരുടെ കാശാണത്. അതിനാൽ നമുക്ക് ആഡംബരവും ധൂർത്തും ഉപേക്ഷിക്കാം; അതിൽ നമുക്കൊരിക്കലും ദുഃഖിക്കേണ്ടി വരില്ല.

ബേസിലിന്റെ സമകാലികനായിരുന്ന യോഹന്നാൻ ക്രിസോസ്തോമും (347-407) സമാനമായ കാഴ്ചപ്പാട് വച്ചുപുലർത്തിയ സഭാപിതാവായിരുന്നു. ന്യായമായ മാർഗ്ഗത്തിൽകൂടി സ്വന്തമാക്കിയതാണെങ്കിൽ പോലും ധനികരുടെ സമ്പത്തെല്ലാം അവരുടേതല്ല, ദരിദ്രരുടേതാണെന്നാണ് അദ്ദേഹം പഠിപ്പിക്കുന്നത്.

അലക്സാണ്ട്രിയായിലെ ക്ലെമന്റ് പറയുന്നു: "അനേകർ ഇല്ലായ്മയിൽ കഴിയുമ്പോൾ ഒരാൾ ആഡംബരത്തിൽ മുഴുകുന്നത് ഭീതിജനകമായ പാപമാണ്. ഭൗതികാഡംബരങ്ങളിൽ മുഴുകുന്നതിനേക്കാൾ എത്രയോ നല്ലതാണ് മറ്റുള്ളവർക്ക് നന്മ ചെയ്ത് ജീവിക്കുന്നത്." അദ്ദേഹം തുടരുന്നു-സ്വർണ്ണത്തിനും രത്നങ്ങൾക്കും വേണ്ടി പണം ചിലവഴിക്കുന്നതിനേക്കാൾ എത്രയോ മഹത്തരമാണ് മനുഷ്യനുവേണ്ടി ധനം വ്യയം ചെയ്യുകയെന്നത്. അചേതനങ്ങളായ ആഭരണങ്ങൾ കൈവശപ്പെടുത്തുന്നതിനേക്കാൾ എത്രയോ ഉപകാരപ്രദമാണ് മനുഷ്യരായ സുഹൃത്തുക്കളെ സ്വന്തമാക്കുകയെന്നത്.

പട്ടിണികൊണ്ട് ഒരു സഹോദരൻ മരിക്കുമ്പോൾ വിശുദ്ധ കുർബാനക്ക് സ്വർണ്ണക്കാസ ഉപയോഗിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളതെന്ന് ചോദിച്ചത് വിശുദ്ധ ക്രിസോസ്തോമാണ്. പള്ളിക്കെട്ടിടങ്ങളെ മോടി പിടിപ്പിക്കുന്നതിനേക്കാൾ പ്രധാനം പാവപ്പെട്ടവരെ സഹായിക്കുന്നതാണെന്ന് വിശുദ്ധ ജെറോം പറഞ്ഞുവച്ചു. അമീഡായിലെ മെത്രാനായിരുന്ന അക്കാസിയൂസ് 7000 യുദ്ധത്തടവുകാരെ മോചിപ്പിക്കാൻ 420 പള്ളിപ്പാത്രങ്ങൾ പകരം കൊടുത്തു.

"സ്വർഗ്ഗീയമായ ആഭരണങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ നമ്മൾ ഭൗതികമായ ആഭരണങ്ങളെ പരിത്യജിക്കണം"-തെർത്തുല്യന്റെ വാക്കുകളാണിവ. ഭൗതിക ആഡംബരത്തിലേക്കും സുഖസൗകര്യങ്ങളിലേക്കും ആകൃഷ്ടരായിരുന്നവരോടായിരുന്നിരിക്കണം അദ്ദേഹമിത് പറയുന്നത്.

www.malankaralibrary.com

## സഭാകുടുംബത്തിന്റെ പൊതുസമ്പത്ത്

സഭാകൂട്ടായ്മയുടെ പശ്ചാത്തലത്തിലാണ് ഭൗതിക സമ്പത്തിനെയും അതിന്റെ വിനിയോഗത്തെയും സഭാപിതാക്കന്മാർ പലപ്പോഴും വ്യാഖ്യാനിച്ചിരുന്നത്. ആദിമ ക്രൈസ്തവസഭയെക്കുറിച്ച് നടപടി പുസ്തകം തരുന്ന സാക്ഷ്യമായിരുന്നു പലപ്പോഴും ഇതിന് പ്രചോദനമായി നിന്നത്: "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (നട 2:44-45).

"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (നട 4:32).

സഭാസമൂഹത്തെ ഒരു കുടുംബമായിട്ടും, ക്രിസ്തുവിന്റെ മൗതിക ശരീരമായിട്ടും കാണുന്ന രീതിയായിരുന്നു ഇതിൽ നിന്നും ഉരുത്തിരിഞ്ഞുവന്നത്. അതുകൊണ്ടുതന്നെ ധനികർ ദരിദ്രർക്ക് കൊടുക്കുന്നത് കുടുംബാംഗങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതുപോലെയും, ഒരു ശരീരത്തിലെ അവയവങ്ങൾ പരസ്പരം സഹായിക്കുന്നതുപോലെയുമായിരുന്നു.

റോമിലെ ക്ലെമന്റിന്റെ കാഴ്ചപ്പാടിൽ ഓരോരുത്തരും തങ്ങൾക്ക് സ്വന്തമായിട്ടുള്ളത് സഭാശരീരത്തിലെ മറ്റംഗങ്ങൾക്ക് പങ്കുവച്ചു കൊടുക്കണം. ഡിഡാക്കെയുടെ (Didache) പഠനവും ഇതു തന്നെയാണ്: "നിനക്കുള്ളതെല്ലാം നിന്റെ സഹോദരനുമായി നീ പങ്കുവയ്ക്കണം. അല്ലാതെ സ്വകാര്യസ്വത്താണെന്ന് പറഞ്ഞ് അത് പിടിച്ചു വയ്ക്കരുത്'. സ്വകാര്യസ്വത്ത് സമൂഹത്തിന്റെ പൊതുനന്മയ്ക്കായിട്ട് ഉപയോഗിക്കാനുള്ളതാണെന്ന് അലക്സാണ്ട്രിയായിലെ ക്ലെമന്റും പഠിപ്പിക്കുന്നുണ്ട്.

## പങ്കുവയ്ക്കേണ്ട ദൈവികദാനം

ഈ ഭൂമിയും അതിലെ സമ്പത്തും ദൈവത്തിന്റേതാണെന്നും അതിനാൽ തന്നെ അവയെല്ലാം എല്ലാ മനുഷ്യർക്കും തുല്യമായി അവകാശപ്പെട്ടതാണെന്നുമുള്ള ചിന്ത സഭാപിതാക്കന്മാരിൽ കാണാം. പലപ്പോഴും സ്വകാര്യസ്വത്തെന്ന സങ്കൽപ്പത്തിനെതിരായിപ്പോലും ഈ ചിന്ത വളരുകയും ചെയ്യുന്നു. ഒരുവൻ സമ്പത്ത് സ്വകാര്യമായി വയ്ക്കാൻ ശ്രമിക്കുമ്പോൾ പ്രകൃതി നിയമത്തിനെതിരായി അയാൾ നീങ്ങുന്നുവെന്നാണ് ക്രിസോസ്തോം പറയുന്നത്. ധനികരും ദരിദ്രരും തമ്മിലുള്ള വിഭജനം തന്നെ ആദിപാപത്തിന്റെ ഫലമാണെന്നാണ് ഗ്രിഗറി നസ്സിയാൻസെന്റെ അഭിപ്രായം.

അംബ്രോസ് പറയുന്നത്, പ്രകൃതി, പൊതുസ്വത്തായിട്ടാണ് എല്ലാം ദാനം ചെയ്യുന്നത്. എന്നാൽ മനുഷ്യന്റെ സ്വാർത്ഥതയും അത്യാർത്തിയുമാണ് പൊതുസ്വത്തിനെ ചുരുക്കം ചിലരുടെ അവകാശമായി മാറ്റിയിരിക്കുന്നത്. വിശുദ്ധ ബേസിലും ഇതു തന്നെയാണ് പഠിപ്പിക്കുന്നത്. ദൈവം ഒരുവന് സമ്പത്ത് നൽകിയിരിക്കുന്നത് അവന് ഇഷ്ടാനുസരണം അത് വിനിയോഗിക്കാനല്ല. മറിച്ച്, അവന്റെ അടിസ്ഥാനാവശ്യങ്ങൾക്കുള്ളത് എടുത്ത ശേഷം ബാക്കിയുള്ളവ മറ്റുള്ളവർക്ക് കൊടുക്കാൻ വേണ്ടിയാണ്.

## പിൽക്കാല ചരിത്രം

സഭ സ്ഥാപനവത്ക്കരിക്കപ്പെട്ടതോടെയാകണം ഭൗതിക സമ്പത്തിനെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ കാർക്കശ്യത്തിൽ അയവുവന്നത്. സന്യാസപ്രസ്ഥാനങ്ങൾ ദാരിദ്ര്യത്തെ ആദർശ പുണ്യമായി സ്വീകരിച്ചെങ്കിലും പിന്നീട് സന്യാസാശ്രമങ്ങൾ തന്നെ സമ്പത്തിന്റെ കേന്ദ്രങ്ങളായി മാറി. ആബികൾക്കും ആബട്ടുമാർക്കും യൂറോപ്പിൽ പ്രാധാന്യമേറിയത് അങ്ങനെയാണ്.

സന്യാസത്തിൽ സംഭവിച്ച സമ്പത്തിന്റെ സ്ഥാപനവത്ക്കരണത്തോടുള്ള പ്രതികരണമായിട്ടായിരുന്നു ഭിക്ഷാംദേഹികളായ സന്യാസികളുടെ മുന്നേറ്റങ്ങൾ രൂപപ്പെട്ടത്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ ഡൊമിനിക്കൻ സംഘവും ഫ്രാൻസിസ്ക്കൻ സംഘവുമായിരുന്നു. ക്രിസ്ത്വാനുകരണത്തിനുള്ള താക്കോലായി ദാരിദ്ര്യത്തെ അസ്സീസിയിലെ ഫ്രാൻസീസ് അവതരിപ്പിച്ചതോടെയാണ് സമ്പത്തിനെയും ധൂർത്തിനെയും കുറിച്ചുള്ള സുവിശേഷ ദർശനത്തിലേക്ക് സഭയുടെ ശ്രദ്ധ വീണ്ടും റീഫോക്കസ് ചെയ്യപ്പെട്ടത്.

ചുരുക്കത്തിൽ സമ്പത്തിന്റെ ഉപയോഗത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചുമുള്ള സുവിശേഷ ദർശനത്തിന്റെ വളർച്ചയായിരുന്നു സഭാപിതാക്കന്മാർ അവതരിപ്പിച്ചത്. സഭാനവീകരണത്തിനും പരിവർത്തനത്തിനുമുള്ള വെല്ലുവിളികളാണ് ഇന്നും പിതാക്കന്മാരുടെ ദർശനങ്ങൾ. ■

www.malankaralibrary.com



# ദരിദ്രരുടെ സഭ

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

ദരിദ്രരുടെ സഭയായി നാം മാറണം. പണ സമ്പാദനം, സൂക്ഷിപ്പ്, വിനിയോഗം, വിതരണം എന്നിവ പൂർണ്ണമായും സുവിശേഷാരൂപിയിൽ നിർവ്വഹിക്കുന്ന സഭയാണ് ദരിദ്രരുടെ സഭ. അതിനായുള്ള പ്രായോഗിക നിർദ്ദേശങ്ങളിലേക്ക്...

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടക്കത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ ദരിദ്രരുടെ സഭയെപ്പറ്റി പറയാൻ ധൈര്യപ്പെട്ടു. കൗൺസിലിനകത്തും പുറത്തും അതിന് അനുരണനങ്ങളുണ്ടായി. അന്നത്തേക്കാളും സമ്പത്തിന്റെ സ്വർണ്ണത്തുരുത്തുകളും ദാരിദ്ര്യത്തിന്റെ നിലയില്ലാക്കയങ്ങളും പെരുകിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ദരിദ്രരുടെ സഭക്കേ പ്രസക്തിയുള്ളൂ. വ്യക്തികൾക്കുണ്ടാകേണ്ട ദാരിദ്ര്യാരൂപിയെ വാഴ്ത്തുന്ന നാം സഭക്കുതന്നെ ദാരിദ്ര്യാരൂപിയുണ്ടാകണം എന്നു പറയാൻ മടിക്കുന്നു. ദരിദ്രരോട് ഔദാര്യം കാണിക്കുന്ന സമ്പന്നസഭയായിട്ടല്ല ദരിദ്രരുടെ സഭയായിട്ടാണ് നാം മാറേണ്ടത്. കാരണം ദരിദ്രരുടെ സഭക്കാണ് ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കൂടുതൽ വിശ്വാസ്യത.

## സഭക്ക് പണം വേണ്ടേ?

ദരിദ്രരുടെ സഭ എന്ന പ്രയോഗംതന്നെ തെറ്റിദ്ധാരണാക്ഷമമാണ്. ആദ്യമുയരാവുന്ന ചോദ്യം സഭക്ക് പണം വേണ്ടേ എന്നതായിരിക്കും. സഭയുടെ വിവിധ ധർമ്മനിർവ്വഹണത്തിനായി പണം ആവശ്യമുണ്ട് (Presbyterorum Ordinis 17; CCEO 1007; CIC 1255). ഒന്നാമതായി, സുവിശേഷവേലക്കും ദൈവാരാധനക്കുള്ള ചെലവുകൾക്കുമായി സഭക്ക് പണം ആവശ്യമുണ്ട്. സുവിശേഷപ്രസംഗം മാത്രമല്ല, ദേവാലയ നിർമ്മാണം, വിശ്വാസപരിശീലനം, വിവിധയിനം പഠനപരിപാടികൾ, തിരുനാളാഘോഷങ്ങൾ, ധ്യാനങ്ങൾ, സംഘടനാപ്രവർത്തനങ്ങൾ, വൈദികപരിശീലനം തുടങ്ങി എല്ലാക്കാര്യങ്ങൾക്കും പണം ആവശ്യമാണ്. അതുപോലെ ദേവാലയസംരക്ഷണത്തിനും തിരുക്കർമ്മങ്ങളുടെ അനുഷ്ഠാനത്തിനും ധനം വേണം. സുവിശേഷജോലി ചെയ്യുന്നവർക്ക് വാഹന സൗകര്യം വേണ്ടിവന്നേക്കാം. സഭയുടെ പൊതു ആവശ്യങ്ങൾക്ക് കെട്ടിടങ്ങൾ വേണം; സാധനസാമഗ്രികൾ വേണം.

രണ്ടാമതായി, സഭാശുശ്രൂഷകരുടെ പരിപാലനത്തിന് പണം ആവശ്യമാണ്. സഭാശുശ്രൂഷക്കായി തങ്ങളെത്തന്നെ സമർപ്പിച്ചവർക്ക് മറ്റു ജോലികളോ വരുമാനമാർഗ്ഗങ്ങളോ ഇല്ല. അവരുടെ ജീവിതച്ചെലവ് സഭാസമൂഹം വഹിക്കുക ന്യായമാണ്. വൈദികരുടെ സ്റ്റൈപൻഡ്, ഇടവകകളിൽ ജോലിചെയ്യുന്ന വർക്കുള്ള ശമ്പളം മുതലായവക്ക് പണം ആവശ്യമുണ്ട്.

മൂന്നാമതായി, പാവപ്പെട്ടവരെ സംരക്ഷിക്കാൻ സഭക്ക് പണം ആവശ്യമാണ്. ധർമ്മം കൊടുക്കാനുള്ള പണം എന്ന ലളിതമായ അർത്ഥം മാത്രമല്ല ഇതിനുള്ളത്. പാവപ്പെട്ടവരുടെ സംരക്ഷണത്തിനുതകുന്ന ഏതു പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു.

www.malankaralibrary.com





## എന്താണീ ദരിദ്രരുടെ സഭ?

കാര്യങ്ങൾ നടത്താൻ നിവർത്തിയില്ലാതെ നട്ടം തിരിയുന്ന സഭയല്ല ദരിദ്രരുടെ സഭ. സമ്പന്നരോട് അകൽച്ച കാണിക്കുന്ന സമൂഹവുമല്ലത്. പണസമ്പാദനം, സൂക്ഷിപ്പ്, വിനിയോഗം, വിതരണം എന്നിവ പൂർണ്ണമായും സുവിശേഷാരൂപിയിൽ നിർവ്വഹിക്കുന്ന സഭയാണ് ദരിദ്രരുടെ സഭ. ആ സഭയിലെ രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും ഇടവകകൾക്കും സാമ്പത്തിക വിഷയങ്ങളിൽ സുവിശേഷാനുസൃതമായ നിലപാടുകളുണ്ടാവും. അവയിൽ ചിലത് സൂചിപ്പിക്കുകയാണ്.

ദരിദ്രരുടെ സഭയിൽ ക്രിസ്തുവിന് നിരക്കാത്ത ഒരു നയാപ്പൈസപോലും ഉണ്ടായിരിക്കുകയില്ല. നിയമം അട്ടിമറിച്ച് പണിത ആരാധനാലയത്തിന്റെ രൂപത്തിലോ കണക്കിൽപ്പെടാത്ത പണത്തിന്റെ രൂപത്തിലോ കള്ളത്തടിയുടെ രൂപത്തിലോ കൈക്കൂലി കൊടുത്ത് വാങ്ങിയ അനുവാദങ്ങളുടെ രൂപത്തിലോ അന്യായത്തിന്റെ വിഹിതമായോ ക്രിസ്തുവിന് നിരക്കാത്ത ധനം ദരിദ്രരുടെ സഭയിൽ ഉണ്ടായിരിക്കുകയില്ല. അന്യരെ പ്രലോഭിപ്പിച്ചോ കബളിപ്പിച്ചോ ഭയപ്പെടുത്തിയോ നേടിയ ചില്ലിക്കാശുപോലും ദരിദ്രരുടെ സഭയിൽ ഇടംകണ്ടെത്തുകയില്ല. കാരണം, എന്നോടു കൂടെ ശേഖരിക്കാത്തവൻ ചിതറിച്ചുകളയുന്നു (മത്തായി 12: 30) എന്ന ക്രിസ്തുവചനം ഈ സഭക്കറിയാം.

ദരിദ്രരുടെ സഭയിലെ ശുശ്രൂഷകരായ മെത്രാന്മാരുടെയും വൈദികരുടെയും ജിവിതം ലളിതമായിരിക്കും. ആഡംബരത്തിന്റെയും ലൗകിക പ്രൗഢിയുടേയും ദുർമ്മേദസ്സ് അവരെ കളങ്കിതരാക്കുകയില്ല. രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്തുകൊണ്ടിരുന്ന നാല്പതോളം മെത്രാന്മാർ ഒന്നു ചേർന്ന് 1965 നവംബർ 16 ന് റോമിലെ വി. ഡൊമിഷില യുടെ പേരിലുള്ള ഭൂഗർഭദേവാലയത്തിൽ വി. ബലിയർപ്പിച്ചു. അതിനുശേഷം മെത്രാന്മാരായ തങ്ങൾ എങ്ങനെ ദാരിദ്ര്യജീവിതം നയിച്ച് സഭയെ ശുശ്രൂഷിക്കണം എന്നവർ കൂടിയാലോചിച്ചു. അതിനു തങ്ങളെ സ്വയം നിർബന്ധിക്കുന്ന ഏതാനും നിർദ്ദേശങ്ങൾ എഴുതിയുണ്ടാക്കി അവരെല്ലാവരും അതിൽ ഒപ്പുവച്ചു സ്വീകരിച്ചു. "The Pact of the Catacombs" എന്നാണിത് അറിയപ്പെടുന്നത്. ആ നിർദ്ദേശങ്ങൾ വിലപ്പെട്ടവയായി സ്വീകരിക്കുന്ന സഭാശുശ്രൂഷകരുള്ളതാണ് ദരിദ്രരുടെ സഭ.

ദരിദ്രരുടെ സഭയിൽ ധനം ചിലവഴിക്കുന്നതിന്റെ മാനദണ്ഡം സമ്പന്നരുടെ ഔദാര്യമല്ല, ദരിദ്രരുടെ ആവശ്യങ്ങളാണ്. അതായത്, പണമുള്ളവർ ഉദാരമായിത്തന്നു; ഞങ്ങളത് ആഘോഷമായി ചെലവഴിക്കുന്നു എന്ന നിലപാട് ആ സഭയിൽ ഉണ്ടായിരിക്കുകയില്ല. ആ സഭ ജോൺ ഇരുപത്തിമൂന്നാമൻ

www.malankaralibrary.com

പാപ്പാക്ക് ചെവികൊടുക്കും: "It is the duty of every man... to calculate what is superfluous by the measure of the needs of others and to see to it that the administration and distribution of created good be utilzed for the advangate of all." *Radio-Television Message*, 11 September, 1962, AAS 52 (1962) 682. പാവപ്പെട്ടവർ സഭയുടെ സാമ്പത്തിക ഇടപാടുകളെ വിധിക്കും. അവരുടെ ആവശ്യങ്ങളാണ് സഭയിലെ വരവു-ചെലവിനങ്ങളുടെ യോഗ്യതയുടെ മാനദണ്ഡമാകാൻ പോകുന്നത്. വി. മത്തായിയുടെ സുവിശേഷം വ്യാഖ്യാനിച്ചുകൊണ്ട് വി. ജോൺ ക്രിസോസ്തോം എഴുതി, പാവപ്പെട്ടവരെ മറന്ന് ആഡംബരപൂർണ്ണമായ പള്ളികൾ പണിയുന്നവർ ക്രിസ്തുവിന്റെ സഭയെ അല്ല പടുത്തുയർത്തുന്നത് (*Hom.* 50, 3-4, *PG* 58, 508-509).

ദരിദ്രരുടെ സഭയുടെ വ്യഗ്രത എന്തിലും ഏതിലും ലാഭമുണ്ടാക്കലോ അനന്തകാലം ലക്ഷ്യമാക്കി ആസ്തി വർദ്ധിപ്പിക്കലോ ആയിരിക്കുകയില്ല. മറിച്ച് ദരിദ്രർക്കുവേണ്ടി അതിന്റെ ഭൗതികസമ്പത്ത് പങ്കിടാൻ തയാറാകുന്ന സഭയാണത്. മിച്ചംവേണ്ട; അന്നന്നത്തെ കാര്യങ്ങൾ നടന്നുപോയാൽ മതി എന്ന് ആശിക്കുന്ന സമൂഹമാണത്. ചെലവുകഴിഞ്ഞു മിച്ചം വന്നാൽ, വർഷാവർഷം പണം പാവപ്പെട്ടവരുടെ കൈകളിലെത്തിക്കുന്ന സഭയാണത്. അടുത്ത നൂറ്റാണ്ടിനുവേണ്ട പണം സ്വരുക്കൂട്ടി ബാങ്കിലും ഭൂസ്വത്തിലും നിക്ഷേപിക്കുന്ന സമൂഹമല്ലത്. കാരണം ഈ സഭ സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ വിശ്വസിക്കുന്നു.

ദരിദ്രരുടെ സഭയിൽ അമിതവ്യയത്തിനും ധൂർത്തിനും സ്ഥാനമുണ്ടായിരിക്കുകയില്ല. ആഡംബരപ്രധാനമായ ആഘോഷങ്ങളും പ്രൗഢികാണിക്കാനുള്ള നിർമ്മാണപ്രവർത്തനങ്ങളും പൊങ്ങച്ചം കാവടിയാടുന്ന സ്വീകരണങ്ങളും ദരിദ്രരുടെ സഭയിൽ ഉണ്ടായിരിക്കുകയില്ല. ആ സഭയിലെ പുരോഹിത-മെത്രാൻപട്ട സ്വീകരണ കർമ്മങ്ങൾ ലക്ഷങ്ങൾ ചോർത്തിക്കളയുന്ന ആത്മീയ മാമാങ്കങ്ങളായിരിക്കുകയില്ല.

## ദരിദ്രരുടെ സഭയാകാൻ

ദരിദ്രരുടെ സഭയാകാൻ അപ്പസ്തോലിക സഭയെ അനുകരിക്കുകയാണ് വഴി. നടപടിപ്പുസ്തകം (2: 42) സാക്ഷ്യപ്പെടുത്തുന്നതുപോലെ ആദിമസഭ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു. അപ്പോൾ അവിടെ നടന്നതാണ് സമ്പത്തിന്റെ പങ്കുവക്കൽ (2: 44-45). അതായത്, സുവിശേഷപ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവക്ക് മുൻഗണനകൊടുക്കുന്ന സഭയിലെ ഭൗതികകാര്യങ്ങൾ കർത്താവ് ഏറ്റെടുത്ത് നടത്തിക്കൊള്ളും. വചനം കൊണ്ട് തൃപ്തമാകുന്ന സമൂഹത്തിൽ കർത്താവ് അപ്പം വർദ്ധിപ്പിച്ചുകൊള്ളും. വിശ്വാസികൾ സഭയുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പണം തരും. നമ്മുടെ സഭാസമൂഹങ്ങളിൽ ഈ മുൻഗണനാക്രമം തെറ്റിപ്പോകുന്നുണ്ടോ എന്ന് നാം ഭയപ്പെടണം.

സുവിശേഷത്തേക്കാളധികമായി പണപ്പിരിവിനെപ്പറ്റി പറയുന്ന പള്ളിപ്രസംഗങ്ങൾ സഭ നേരിടുന്ന ആന്തരിക ജീർണ്ണതയുടെ വായ്ത്താരിയാണ്. ഒരു കാര്യത്തിന് ഇറങ്ങിപ്പുറപ്പെടുമ്പോൾ ഇത് കർത്താവ് ആഗ്രഹിക്കുന്നതാണോ എന്ന് വിവേചിച്ചറിയാതെ ഇതിന് ഫണ്ട് എങ്ങനെ ഉണ്ടാക്കാം എന്നാലോചിച്ച് യോഗംകൂടുന്നത് തലതിരിഞ്ഞ ശൈലിയാണ്.

> പണസമ്പാദനം, സൂക്ഷിപ്പ്, വിനിയോഗം, വിതരണം എന്നിവ പൂർണ്ണമായും സുവിശേഷാരൂപിയിൽ നിർവ്വഹിക്കുന്ന സഭയാണ് ദരിദ്രരുടെ സഭ.

ദരിദ്രരുടെ സഭയുടെ പ്രതിനിധിയായി വി. പത്രോസ് മുടന്തനോട് പറഞ്ഞു: സ്വർണ്ണമോ വെള്ളിയോ എന്റെ കൈയ്യിലില്ല; എനിക്കുള്ളത് നിനക്ക് ഞാൻ തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക (നടപടി 3: 6). ദരിദ്രരുടെ സഭയിൽനിന്ന് ലോകം കേൾക്കാൻ ആഗ്രഹിക്കുന്നത് ഇതേ വാക്കുകളാണ്. പക്ഷേ ഇങ്ങനെ പറയാൻ സാധിക്കണമെങ്കിൽ നമ്മുടെ കൈയ്യിൽ എന്തുണ്ട് എന്നതാണ് നിർണ്ണായകമായ ചോദ്യം. ■

www.malankaralibrary.com



# ധൂർത്ത്: ഏറ്റുപറയേണ്ട പാപം

ഡോ. തോമസ് കോഴിമല, എം.സി.ബി.എസ്
*മോറൽ തിയോളജി പ്രൊഫസർ, സനാതന സെമിനാരി, താമരശ്ശേരി*

**ധൂർത്ത് എങ്ങനെയാണ് പാപമാകുന്നത്? കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ ഇവിടെ വളർന്നു വ്യാപിക്കുന്ന ആഢംബരജീവിതത്തെക്കുറിച്ചുള്ള ധാർമ്മികവും സാമൂഹികവുമായ അന്വേഷണം**

രംഗം ഒന്ന്: ഇടവകജനത്തിനും വികാരിയച്ചനും പ്രിയങ്കരനായ ചെറുപ്പക്കാരൻ. എം. എ ബിരുദധാരി. ഇടത്തരം കുടുംബം. ജോലിയായിട്ടില്ല. 51 കാറുകളുടെ അകമ്പടിയോട് കൂടിയ വിവാഹം. ഇടവകക്ക് മുഴുവനും ഉത്സവമേളം. 30 ദിവസങ്ങൾ കഴിയുന്നു. ഫോട്ടോഗ്രാഫർ സി.ഡിയും ഫോട്ടോ ആൽബവുമായി വീട്ടിലെത്തുന്നു. അരലക്ഷത്തിനു മുകളിൽ തുക. അനുദിനം നൂറുരൂപപോലും വരുമാനമില്ലാത്ത ചെറുപ്പക്കാരൻ നിസഹായനായി. സ്വന്തം ഭാര്യയുടെ താലിമാല പണയംവെച്ച് ഫോട്ടോഗ്രാഫർക്ക് തുക നൽകി. ഇതേ തുടർന്നുണ്ടായ അസ്വസ്ഥതകൾക്കൊടുവിൽ ഒരു വിവാഹമോചന കേസു കൂടി.

രംഗം രണ്ട്: വളരെ നാളുകൾക്ക് ശേഷമുള്ള ഇടവകയിലെ ആദ്യത്തെ പട്ടവും പുത്തൻ കുർബാനയും. ഗംഭീരമായി നടത്തണം. വികാരിയച്ചനും അതാണിഷ്ടം. വീട്ടുകാരും വികാരിയച്ചനും കേറ്ററിംഗ് നടത്തുന്നയാളും ഒരുമിച്ചുകൂടി. 1500 പേർക്ക് സദ്യ. 150 രൂപ വിലയുള്ള ഒരു ഭക്ഷണം. അഞ്ച് സെന്റും വീടും പണയപ്പെടുത്തി 13% പലിശക്ക് മൂന്നുലക്ഷം രൂപയെടുത്തു. പട്ടവുംപുത്തൻ കുർബാനയും ഗംഭീരമായി. നവവൈദികന്റെ മാതാപിതാക്കളും സഹോദരങ്ങളും വാടകവീട്ടിൽ താമസം. നാല് വർഷം കഴിഞ്ഞിട്ടും പലിശപോലും മുഴുവനും തിരിച്ചടക്കാനാകാത്ത ദുരന്തം.

'അടക്കമൊതുക്കമില്ലാത്ത തത്ത അടുപ്പിൽ ചാടും' എന്ന ഒരു നിരീക്ഷണമുണ്ട്. ഭ്രമിപ്പിക്കുന്ന മോഹങ്ങൾ നിഷ്കളങ്ക ഹൃദയത്തെ വഴിതെറ്റിക്കുന്ന ആധുനിക യുഗത്തിലെ അബദ്ധങ്ങൾക്ക് നമ്മൾ ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. കമ്പോള സംസ്ക്കാരം ഉത്പാദനത്തിനല്ല ഉപഭോഗത്തിനാണ് പ്രാധാന്യം നൽകുക. ഉപഭോക്താവാണ് താരം. ഉപഭോക്താവിന് വേണ്ടിയാണ് ഉത്പാദനവും നിർവ്വഹിക്കുക. ഉപഭോഗ സംസ്ക്കാരം ഉയർത്തുന്ന മറ്റൊരു വികലമായ ചിന്ത, വ്യക്തിയുടെയും കുടുംബത്തിന്റെയും അന്തസും തനിമയും പ്രകടിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഉപഭോഗം തന്നെയാണ്. എന്തുമാത്രം വാങ്ങിക്കാനും ഉപയോഗിക്കാനും കഴിവുണ്ടോ അത്രയുമാണ് തന്റെ മൂല്യമെന്ന് ചിന്തിക്കുന്നു. ഉപയോഗത്തിലൂടെ ലഭിക്കുന്ന സംതൃപ്തിയല്ല, സമൂഹത്തിൽ ലഭിക്കുന്ന അന്തസും പദവിയുമാണ് പ്രാധാന്യം അർഹിക്കുന്നത്. ഇമേജ് വർദ്ധിപ്പിക്കാനും മറ്റുള്ളവരേക്കാൾ മെച്ചമാണെന്ന് കാണിക്കുവാനും മത, സാംസ്ക്കാരിക, സാമൂഹ്യമേഖലകളിൽ അങ്ങനെ തങ്ങളുടെ നിലയും വിലയും വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും ചിന്തിക്കുന്ന പ്രവണതയുടെ ഒരു ഭാഗമാണ് ധൂർത്ത്.

www.malankaralibrary.com

## ഉള്ളുപൊള്ളയായ ഉഗ്രശബ്ദം

ഉത്തരാധുനിക യുഗത്തിൽ മലയാളത്തിന്റെ ഭൂമികയിൽ പ്രബലമായിക്കൊണ്ടിരിക്കുന്ന പ്രവണതയാണ് ആഡംബരവും ധൂർത്തും പ്രകടനപരതയും. നാലാളുകൾ കണ്ടാലേ ഒരു വിലയുള്ളു; ഇമേജ് ഉള്ളൂ എന്ന് ചിന്തിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ആത്മീയതയിൽ നിന്നും മതാത്മകയിലേക്കുള്ള മാറ്റത്തിന്റെ ഒരു ഭാഗമായിട്ട് ഇതിനെ വ്യാഖ്യാനിക്കാനും സാധിക്കും. ആത്മീയതയുടെ മാനുഷിക മുഖം നഷ്ടമാകുന്നു. അറിവില്ലാത്ത, അലിവില്ലാത്ത മതാത്മകതയെ ആത്മീയമായി തെറ്റിദ്ധരിക്കുന്നു എന്നതാണ് ഇതിന്റെ ദുരന്തവശം.

ക്രിസ്തീയ ധാർമ്മികതയുടെ വീക്ഷണത്തിൽ, യുക്തിയുടേയും വിശ്വാസത്തിന്റെയും പരിപ്രേക്ഷ്യത്തിൽ ധൂർത്തും ആഡംബരവും പാപമാണ്. ഏറ്റു പറയേണ്ട തിന്മയാണ്. ദൈവമനുഷ്യബന്ധം ഉലയുന്നതിന്റെയും ദൈവവിശ്വാസത്തിന്റെ സാരവും സാംഗത്യവും മനസിലാകാതെ പോകുന്നതിന്റെയും ഫലമാണ് ധൂർത്ത്. സഹജീവികൾക്കുവേണ്ടി പ്രാണൻ പകരുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് വിശ്വസിക്കുന്ന ക്രൈസ്തവ സമൂഹത്തിന് അടിസ്ഥാന ജീവിത സൗകര്യങ്ങൾ പോലും ഇല്ലാതെ ജീവിക്കുന്ന ഒരു ഭൂരിപക്ഷത്തിന്റെ മുമ്പിൽ ധൂർത്തിലും ആഡംബരത്തിലും ജീവിക്കുന്നത് വ്യക്തിപരമായ പാപം മാത്രമല്ല സാമൂഹ്യ പാപംകൂടിയാണെന്നതിൽ സംശയമില്ല. പരസ്പരം കാവലാവുകയും കരുണകാണിക്കുകയും കരുതലാവുകയും ചെയ്യേണ്ടിടത്ത് മറ്റുള്ളവരേക്കാൾ മെച്ചമാണെന്ന് കാണിക്കുന്നത് പക്വതയുള്ള ക്രിസ്ത്യാനിക്ക് ചേർന്നതല്ല. സഹജീവികളുടെ സഹനത്തിൽ തന്നാലാവുന്നത് ചെയ്യാൻ സാധിക്കാതെ ധൂർത്തിലും ആഡംബരത്തിലും കഴിയുമ്പോൾ മാനുഷിക മാന്യതയെ അനാദരിക്കുകയാണ്. ദൈവമുള്ളിടത്ത്, വിശ്വാസമുള്ളിടത്ത് വിശപ്പ് ഉണ്ടാവില്ല.

അപരന്റെ മുഖത്ത് നിന്നും ആരംഭിക്കുന്ന ഒരു ആത്മീയതയും ധാർമ്മികതയുമാണ് ഇന്നിന്റെ ആവശ്യം. മനുഷ്യജീവിതത്തിന്റെ ഉളുമ്പുനാറ്റമുള്ള, വിശ്വാസജീവിതത്തിൽ, ആത്മാവിന്റെ കൈയ്യൊപ്പ് പതിഞ്ഞിട്ടുള്ള, വിശ്വാസിക്ക് ഉള്ളുപൊള്ളയായ ധൂർത്തിന്റെയും ആഡംബരത്തിന്റെയും വഴി അന്വേഷിക്കുക അസാധ്യമാണ്. ദാരിദ്ര്യവും പട്ടിണിയും പോഷകാഹാരക്കുറവും ഇവിടെ ധ്യാനവിഷയമാകണം. വലിയ കൺവെൻഷനുകളുടെ ചിന്താവിഷയമാകണം. അർഹിക്കുന്നത് കൊടു



www.malankaralibrary.com

ക്കുന്നതുമാത്രമല്ല, ആവശ്യമുള്ളതും കൊടുക്കുന്ന ക്രൈസ്തവ നീതിശാസ്ത്രം ഇനിയും ഇവിടെ ധ്യാനത്തിനും പഠനത്തിനും വിഷയമാകണം.

ധൂർത്തിനുള്ള മറുമരുന്നും ഒരുപക്ഷെ അതുതന്നെ. ലക്ഷ്യവും മാർഗ്ഗവും നല്ലതായിരിക്കണം എന്ന് ധാർമ്മിക ശാസ്ത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു. നേരായമാർഗ്ഗത്തിലൂടെ സമ്പത്ത് സമ്പാദിക്കുന്നതും അതിനുവേണ്ടി അധ്വാനിക്കുന്നതും സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമാണ്. സ്വത്ത് സമ്പാദിക്കുന്നത് മാത്രമല്ല അവയുടെ ശരിയായ വിനിയോഗവും ധാർമ്മിക മൂല്യങ്ങളുടെ ഉൾവെളിച്ചത്തിലായിരിക്കണം. അമിതമായ സമ്പത്ത് സഭാജീവിതത്തിന്റെ അരൂപിയെ കെടുത്തിയതായിട്ടാണ് ചരിത്രം സാക്ഷ്യപ്പെടുത്തുക. മനുഷ്യകുടുംബം, മനുഷ്യസാഹോദര്യം, മാനുഷികമാന്യത തുടങ്ങിയ ക്രിസ്തീയ ധാർമ്മിക മൂല്യനിർണ്ണയങ്ങളുടെ വെളിച്ചത്തിൽ ആരും നശിക്കരുതെന്നും, എല്ലാവരും രക്ഷപ്പെടണമെന്നും ആഗ്രഹിക്കുന്ന ഒരു വിശ്വാസസമൂഹത്തിൽ ഏതാനും ചിലരുടെ ആർഭാടവും ആഡംബരവും ക്രൈസ്തവ മൂല്യസങ്കൽപ്പവുമായി ചേർന്ന് പോവുകയില്ല.

## ആനുപാതികമല്ലാത്തത് അപകടം വരുത്തും

'വിശ്വാസത്തിന്റെ കവാടം' എന്ന അപ്പസ്തോലിക ലേഖനത്തിൽ ബനഡിക്ട് മാർപാപ്പ പഠിപ്പിക്കുന്നു: "വിശ്വാസികളുടെ ജീവിത സാക്ഷ്യത്തിലൂടെ സഭയുടെ നവീകരണം കരഗതമാകുന്നു (നമ്പർ 6). വിശ്വാസികളുടെ ജീവിതസാക്ഷ്യം വിശ്വാസ്യതയിൽ വളർന്നുവരണം (നമ്പർ 9)". യേശു വെളിപ്പെടുത്തിയ ദൈവത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് ധൂർത്തിനെ ന്യായീകരിക്കാനാവില്ല. ധൂർത്തിനെ നമുക്ക് നിർവചിക്കാൻ എളുപ്പമല്ല. സ്ഥലകാല സാഹചര്യങ്ങളുടെ പരിമിതി അതിൽ അടങ്ങിയിട്ടുണ്ട്. ദൈവത്തിൽ പ്രത്യാശയർപ്പിക്കുന്നവർക്ക് ആഡംബരത്തിൽ ഊറ്റം കൊള്ളാനാവില്ല. ഇനി ദൈവം സ്നേഹമാണെങ്കിൽ ധൂർത്തും ആഡംബരവും പരസ്നേഹത്തിന് വിരുദ്ധമെന്നതിൽ സംശയമില്ല. സ്നേഹം കൂടാതെയുള്ള വിശ്വാസം ഫലം പുറപ്പെടുവിക്കുകയില്ല. വിശ്വാസം കൂടാതെയുള്ള സ്നേഹമാകട്ടെ നിരന്തരം സംശയത്തിന്റെ നിഴലിൽ കഴിയുന്ന ഒരു വികാര പ്രകടനം മാത്രമായിരിക്കും (വിശ്വാസത്തിന്റെ കവാടം, 14). സുവിശേഷ ലാളിത്യത്തിന്റെ പേരിൽ സഭയും സഭാനേതൃത്വവും ഒരിക്കലും പരിഹസിക്കപ്പെട്ടിട്ടില്ല; മറിച്ച്, സുഖലോലുപതയുടെയും ധൂർത്തിന്റെയും ആഢംബരത്തിന്റെയും പേരിൽ സഭാഗാത്രം അപഹസിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ പ്രഭാവലയത്തിൽ കൺവെട്ടത്തിലുള്ള ലാസറിനെ കാണാൻ കഴിയാതെ വരും. ഈ മൂല്യപ്പൊരുത്തമില്ലായ്മയാണ് ധൂർത്തിന്റെ ധാർമ്മിക തലം. ആനുപാതികമല്ലാത്തതെന്തും അസ്വസ്ഥതയുണ്ടാക്കും. അപകടം ക്ഷണിച്ചു വരുത്തും.

## ധൂർത്തിന്റെ എതിർസാക്ഷ്യം

രാഷ്ട്രപിതാവായ ഗാന്ധിജി ഓർമ്മപ്പെടുത്തി, ഒരു തീരുമാനം എടുക്കുന്നതിനും നടപ്പാക്കുന്നതിനും അത് ആ സമൂഹത്തിലെ ഏറ്റവും നിസാരവും ദുർബലരുമായ വ്യക്തികളെ എങ്ങനെ സ്വാധീനിക്കും എന്ന് ഉറപ്പുവരുത്തണം. ധൂർത്ത് ഒരു എതിർസാക്ഷ്യമാണെന്ന് പറഞ്ഞതും ഈ ഒരു പൊതുതത്വത്തിന്റെ വെളിച്ചത്തിലും വ്യാഖ്യാനിക്കാൻ കഴിയും. വിശ്വാസസമൂഹത്തിൽ വിശ്വാസികളുടെ സാന്നിധ്യം പരസ്പര വളർച്ചക്കും ജീവന്റെ സമഗ്രവികസനത്തിനും ഇടയാക്കണം. ചെറിയവർക്ക് അത് ഇടർച്ചക്ക് കാരണമാകരുത്. മറ്റുള്ളവരെ തിന്മയിലേക്ക് നയിക്കാനും ജീവന്റെ വഴിയിൽ നിന്നും പിന്തിരിപ്പിക്കാനും ആർഭാടത്തിനും ആഢംബരത്തിനും കാരണമാകും. എതിർസാക്ഷ്യം വഹിക്കുന്നവരുടെ സാന്നിധ്യംപോലും സമൂഹത്തിൽ ഉണ്ടാവരുതെന്ന സുവിശേഷ നിർദേശം മറക്കാതിരിക്കാം. ധൂർത്തിന്റെ തിരയിളക്കം വിശ്വാസിസമൂഹത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ആദ്യകുർബാന സ്വീകരണത്തിനായി പിഞ്ചുബാലികയെ ബ്യൂട്ടിപാർലറിൽ അണിയിച്ചൊരുക്കി 'തത്തമ്മച്ചുണ്ടത്തി'യാക്കി ദൈവാലയത്തിൽ എത്തിക്കുന്നു. തിരുകർമ്മങ്ങൾക്കിടയിൽ ബ്യൂട്ടീഷൻ ഇടക്കിടെ കുട്ടിയെ കൂടുതൽ സുന്ദരിയാക്കുന്നു. അറപ്പുളവാക്കുന്ന മങ്ങിയ കാഴ്ചകൾ. വിവാഹത്തിനായി വിദേശത്തുനിന്നും 'മദാമ്മ' ഉപയോഗിക്കുന്ന ഫ്രോക്കുകൾ, ലക്ഷങ്ങൾ വിലമതിക്കുന്ന, മേനിയഴക് പുറത്ത് കാണിക്കണമെന്ന ലക്ഷ്യത്തിൽ രൂപകൽപന ചെയ്തത് നാട്ടിലെ സാധാരണക്കാരും പുതുപ്പണക്കാരും വാങ്ങിയും വാടകക്കെടുത്തും തോഴിമാരുടെ അകമ്പടിയോടെ, വിശുദ്ധ അൾത്താരക്കുമുമ്പിൽ വന്നുനിൽക്കുന്നു; ബോളിവുഡ് സിനിമാസ്റ്റൈലിൽ


www.malankaralibrary.com

നവവരൻ മസിൽ വീരന്മാരുടെ അകമ്പടിയോടെ ദൈവാലയത്തിലെത്തുന്ന Event mangagement ന് നമ്മുടെ ദേവാലയങ്ങളും ഇന്ന് വേദിയായി മാറുന്നു.

## ധൂർത്ത് പാപമല്ലെന്ന് ആര് പറയും? എങ്ങനെ പറയും?

ക്രിസ്തീയ കാഴ്ചപ്പാടിൽ പാപം എന്ന് പറയുന്നത് കൃപയില്ലാത്ത അവസ്ഥയും (Graceless Situation) അതിൽ നിന്നുണ്ടാകുന്ന പ്രവൃത്തികളുമാണ്. ദൈവ മനുഷ്യബന്ധത്തിലുള്ള വിള്ളലുകളാണവ. സ്നേഹത്തിന്റെ പരാജയമാണത്. ലക്ഷ്യം മറന്നുള്ള ജീവിതമാണത്. ഉത്തരവാദിത്വം നിർവ്വഹിക്കാതെയുള്ള അന്ധകാര ജീവിതമാണ്. ആർഭാടവും ധൂർത്തും കൃപനഷ്ടപ്പെട്ട മനുഷ്യരുടെ ബാഹ്യജീവിതശൈലിയാണ്. കൃപയുള്ള ഒരു വിശ്വാസിക്ക്, സഹജീവികൾ നൊമ്പരപ്പെടുമ്പോൾ ധൂർത്തടിച്ചും ആഢംബരം കാണിച്ചും ജീവിക്കാനാവില്ല. ഇതാണ് ധൂർത്ത് ഏറ്റുപറയേണ്ട പാപമാണെന്ന് പറയുന്നത്. ചെയ്യേണ്ട നന്മ എന്തെന്നറിഞ്ഞിട്ടും ചെയ്യാതിരിക്കുന്നത് തിന്മയായി മാറുന്നു. ഇത് ധനവാന്റെ തിന്മയാണ്. ദൈവ തിരുസന്നിധിയിൽ ലാസറിന്റെ മുൻപിൽവെച്ച് ദൈവത്തോട് കണക്കു പറയേണ്ട തിന്മയാണ്. ആത്മീയതയുടെ അളവ് ഉയരങ്ങളല്ല, ആഴങ്ങളാണ്. അറപ്പുളവാക്കുന്ന ആഡംബരങ്ങളിൽ പങ്കുചേരുന്നതും ബോധപൂർവ്വം അത് നിലനിർത്താൻ ശ്രമിക്കുന്നതും തെറ്റാണ്. വ്യക്തിപരമായ പാപം മാത്രമല്ല, ഇതിന് ഒരു സാമൂഹ്യതലം കൂടിയുണ്ട്. പാപാവസ്ഥ നിലനിൽക്കുന്ന സംവിധാനങ്ങൾ സമൂഹത്തിന്റെ പാപാവസ്ഥയെ സൂചിപ്പിക്കുന്നു. ഇവയ്ക്കെതിരെ വ്യക്തിയുടെ മാനസാന്തരവും സമൂഹത്തിന്റെ രൂപാന്തരവും ഒരുപോലെ ആവശ്യമാണ്.

## ഉണർന്ന് പ്രശോഭിക്കുക

സമകാലിക മലയാളി ക്രൈസ്തവ സമൂഹത്തിന്റെ സാമൂഹിക പരിസ്ഥിതിയെ ധാർമ്മിക വിശകലനത്തിന് വിധേയമാക്കുമ്പോൾ ധൂർത്ത് എന്ന വ്യക്തിതിന്മയുടെയും സമൂഹതിന്മയുടെയും വേരുകൾ വളരെ ശക്തമാണെന്നറിയാം. സാമൂഹ്യപാപത്തിനെതിരെ വ്യക്തികളും പ്രത്യേകിച്ച് സഭാനേതൃത്വവും ജാഗരൂകരാകേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. ശക്തമായ പ്രബോധനങ്ങളോടൊപ്പം സത്വരമായ ധാർമ്മിക നടപടികളും ആവശ്യമാണ്.

1. സഭയുടെ കൂദാശപരികർമ്മങ്ങളിൽ പ്രത്യേകിച്ച് തിരുനാൾ കുർബാനകൾ, വിവാഹാവസരങ്ങൾ, പട്ടംകൊടുക്കൽ ശുശ്രൂഷകൾ, ഇവയിൽ അടുത്ത കാലങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ആഗോള സംസ്ക്കാരത്തിന്റെ ആഢംബര പ്രവണതകളായ ലക്ഷങ്ങൾ മുടക്കിയുള്ള ഗംഭീര സദ്യയും, Reality Show യെ വെല്ലുന്ന ആധുനിക ഇലക്ട്രോണിക് മീഡിയയുടെ ഉപയോഗവും തിരുത്താൻ സമയമായിരിക്കുന്നു. Digital Mass ദൈവനിന്ദയാണ്.

2. വിശുദ്ധ കർമ്മങ്ങൾക്കുവേണ്ടിയുള്ള പരസ്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. കണ്ണഞ്ചിപ്പിക്കുന്ന ഫ്ളക്സുകളും തിരുകർമ്മങ്ങൾക്ക് നേതൃത്വം

www.malankaralibrary.com

കൊടുക്കുന്നവരുടെ ബഹുവർണ്ണചിത്രങ്ങളും ഭക്തിഗാന കാസറ്റുകളുടെ പേരിലുള്ള പോസ്റ്ററുകളും ചിത്രങ്ങളും ആത്മീയമായ ദാരിദ്ര്യത്തിന്റെ അടയാളങ്ങളായി തിരിച്ചറിയേണ്ടിയിരിക്കുന്നു. വിശുദ്ധമായത് വിശുദ്ധിയോടെ പരികർമ്മം ചെയ്യുക.

3. വിശുദ്ധരുടെ തിരുനാളുകളോടനുബന്ധിച്ചുള്ള പൊതുജനത്തെ വിഷമത്തിലാക്കുന്ന NRI മുതൽ നാട്ടുപ്രമാണിമാർ വരെ പ്രയോജകരാകുന്ന വില കൂടിയ പ്രദക്ഷിണവും, നിർബന്ധപ്പിരിവിലൂടെ നടത്തുന്ന വെടിക്കെട്ടും, നാടിനും നാട്ടുകാർക്കും അസ്വസ്ഥത സൃഷ്ടിക്കുന്ന ശബ്ദകോലാഹലങ്ങളും നിയന്ത്രിക്കുക; ക്രിസ്തീയമാക്കുക; മാനുഷികമാക്കുക.

4. രാഷ്ട്രീയ നേതാക്കളെ അനുസ്മരിപ്പിക്കുന്ന സ്വീകരണപരിപാടികളും ഹാരാർപ്പണവും, എന്തിനും ഏതിനും Supplement ഇറക്കിപൊതുസമൂഹത്തിന്റെ മുമ്പിൽ പരിഹാസ്യരാവുന്നതിൽ നിന്നും തിരിച്ചു നടക്കാൻ സമയമായി.

5. വിവാഹമേഖലയിൽ പെൺവീട്ടുകാരിൽ നിന്ന് ചോദിച്ചുവാങ്ങിയ പണം വിവാഹാഘോഷങ്ങൾക്കു വേണ്ടി ധൂർത്തടിക്കുന്നത് അധാർമ്മികമെന്ന് ഇനിയും പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് സാമൂഹിക അനീതിയാണ്; തിന്മയാണ്. ധൂർത്തിന്റെ മേളക്കൊഴുപ്പാർന്ന മൃതസംസ്ക്കാരശുശ്രൂഷയും എതിർസാക്ഷ്യമാണ്.

6. ധ്യാന, വചനപ്രഘോഷണമേഖലയിൽ ഗുണമേന്മ ഉറപ്പുവരുത്തുകയും കച്ചവടസ്ഥാപനങ്ങളെ വെല്ലുന്ന പരസ്യപ്രചാരണങ്ങൾ അവസാനിപ്പിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

7. വിശ്വാസികളെ വിശുദ്ധീകരിക്കാനുള്ള വിദേശയാത്രയും, അതിനുവേണ്ടിയുള്ള നിർബന്ധിത പിരിവും പുനർവിചിന്തനത്തിന് വിധേയമാക്കണം.

8. സന്ന്യാസാധികാരികൾ വിദേശത്ത് നടത്തുന്ന കാനോനിക വിസീത്തകളിൽ രണ്ട്പേരുടെ യാത്രാച്ചിലവ് ധൂർത്തും ആഢംബരവുമാണ്.

9. സാമ്പത്തിക ശേഷിയുള്ളവർക്ക് മാത്രം പരിശീലനം കിട്ടുന്ന സ്ഥാപനങ്ങൾ സഭാജീവിതത്തിൽ തന്നെ എതിർസാക്ഷ്യമായി മാറുന്നു.

10. ദൈവാലയ നിർമ്മാണ മത്സരം ദൈവത്തിന്റെ പേരിൽ നടത്തുന്നത് ദൈവനിന്ദയാണ്. മഞ്ഞലോഹങ്ങളിൽ ദൈവം പ്രസാദിക്കുമെന്നും അവയിൽ തമ്പുരാനെ തളച്ചിടാമെന്നുമുള്ള എക്കാലത്തേയും പ്രലോഭനങ്ങളിൽ നിന്നും രക്ഷനേടാൻ ജാഗരൂകരാകേണ്ടിയിരിക്കുന്നു. സ്വർണ്ണാഭരണം ധരിച്ച്, കർത്താവിന്റെ അഭിഷിക്തർ ബലിയർപ്പിച്ച് പ്രശോഭിതരാകാനുള്ള പുത്തൻ പ്രവണതയും എതിർസാക്ഷ്യമാണ്. ധൂർത്തിനുള്ള പ്രേരണയാണ്. ആത്മീയ പാപ്പരത്തമാണ്. ■



www.malankaralibrary.com



# പാലം പണിയുന്നവർ

നമിത റോസ്
*അസിസ്റ്റന്റ് പ്രൊഫസർ, വിമല കോളേജ് (മലയാള വിഭാഗം)*

സന്തോഷ് ഏച്ചിക്കാനത്തിന്റെ 'ശ്വാസം' (മാതൃഭൂമി, ജൂൺ 24) എന്ന കഥയെ പരിചയപ്പെടുത്തുന്നു. അതോടൊപ്പം എൻ.പി ഹാഫിസ് മുഹമ്മദിന്റെ 'ദി ലാസ്റ്റ് പണിയ' (മാതൃഭൂമി ജൂൺ 17) എന്ന കഥയും.

കഴിഞ്ഞ ദശകങ്ങളിൽ ടി. പത്മനാഭൻ അനുവർത്തിച്ചിരുന്ന ഒരു രചനാധർമ്മത്തിന്റെ പുതിയ കാലത്തെ സൂക്ഷിപ്പുകാരനാണ് സന്തോഷ് ഏച്ചിക്കാനം എന്നു പറയാം. ഹൃദയനന്മയുടെ നനുത്തൊരു പ്രകാശത്തിൽ ദീപ്തമാകുന്ന ഭരതവാക്യങ്ങളാണ് അവരെ ചേർത്തുവായിക്കാൻ വായനക്കാരനെ പ്രേരിപ്പിക്കുന്ന ഘടകം. മാതൃഭൂമിയിൽ (ജൂൺ 24) പ്രസിദ്ധീകരിച്ച സന്തോഷ് ഏച്ചിക്കാനത്തിന്റെ 'ശ്വാസം' എന്ന പുതിയ കഥ അതിന് അടിവരയിടുന്നു.

ചുരുളുകളഴിയുമ്പോൾ പ്രകാശം പരക്കുന്നു എന്ന തിരുവചനം വി.ഗ്രന്ഥവായനയ്ക്കു മാത്രമല്ല എല്ലാ നല്ല വായനയ്ക്കും സ്വീകാര്യമാണ്. പൊതുവെ രാഷ്ട്രീയപ്രവർത്തകരോടും സാമൂഹ്യസേവകരോടും വർത്തമാനകാലം പുലർത്തുന്ന ഒരു നിരുന്മേഷതയും 'സിനിസിസവും' ഒരു തരം പരാന്ന ജീവിതമാണ് അവർ പുലർത്തുന്നതെന്ന ധാരണ നമ്മിലുണർത്തുന്നുണ്ട്. അതിനു വിപരീതമായി ലോകത്തിനുവേണ്ടി ജീവിക്കാൻ തയ്യാറുള്ളവരുടെ കുലം ഒടുങ്ങിയിട്ടില്ലെന്ന മനോഹരമായ ഓർമ്മപ്പെടുത്തലാണ് ഈ കഥ.

ട്രേഡ് യൂണിയൻ നേതാവായ വികാസ് റോയിയാണ് കേന്ദ്രകഥാപാത്രം. കഠിന ആസ്ത്മാരോഗിയായ അയാൾ തൊഴിലാളി പ്രസ്ഥാനത്തിന്റെ അമരക്കാരനായി ഓരോപ്രാവശ്യം തെരഞ്ഞെടുക്കപ്പെടുമ്പോഴും അപകടകരമാകുന്ന അയാളുടെ ആരോഗ്യസ്ഥിതിയിൽ, അധികം വൈകാതെ 'ഒരുചരിത്രാതീത സ്മൃതി മണ്ഡപം' പോലെ അയാൾ നിലം പതിക്കുമെന്ന് ഭാര്യ അരുണയ്ക്കുറപ്പുണ്ട്. അത്തരം ആശങ്കകൾ കർമനിരതനായ ഒരു രാഷ്ട്രീയപ്രവർത്തകനെന്ന നിലയിൽ അയാളെ സ്പർശിക്കുന്നേയില്ല. ക്രോണിക് ആസ്ത്മറ്റിക് രോഗിയായ ചെഗുവേരയെ ഓർമ്മിപ്പിച്ചും ഓക്സിജൻ സിലിണ്ടർ കൊണ്ടുനടന്ന ചാരു മജുംദാരെയെ സൂചിപ്പിച്ചുമൊക്കെ അയാളെ ആ ഉത്തരവാദിത്വമേറ്റെടുക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്ന ശശിഭൂഷനെന്ന താത്ത്വികനും കൂടിയായപ്പോൾ മറിച്ചൊരു ചിന്തയ്ക്കുപോലും വികാസിന് പഴുതുകിട്ടിയില്ല. ശ്വാസം കയ്യിൽ പിടിച്ചുകൊണ്ടുള്ള അയാളുടെ ദയനീയമായ ഓട്ടം കണ്ടുനിൽക്കാൻ കെൽപ്പില്ലാത്തതുകൊണ്ടുമാത്രം അയാളെവിട്ട് ഭുവനേശ്വരിലെ സ്വന്തം വീട്ടിലേക്ക് അരുണ മടങ്ങിപ്പോയി.

പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കാൻ തൊഴിലാളികൾ ഒത്തു കൂടുന്ന ദിനത്തെക്കുറിച്ച് കേട്ടറിഞ്ഞ അരുണ ഇത്തവണയെങ്കിലും നേതൃസ്ഥാനത്തു

www.malankaralibrary.com




നിന്നുമാറി അവളോടൊപ്പം പാർത്ത് സ്വന്തം ശരീരത്തിന്റെ പരിരക്ഷയിൽ ഇത്തിരികാലമെങ്കിലും ചെലവഴിക്കണമെന്ന് ശാഠ്യത്തോടെ കെഞ്ചുന്നുണ്ട്. അവൾ പറഞ്ഞതിൽ കാര്യമുണ്ടെന്ന് വികാസ് റോയിക്കറിയാം. ആദ്യവും അവസാനവുമായി അയാൾ അവളുടെ സ്നേഹിതനാകാൻ തീരുമാനിക്കുന്നു. സമ്മേളനത്തിന്റെ പ്രാരംഭവേദിയിൽ വെച്ചുതന്നെ സജീവ രാഷ്ട്രീയത്തിൽ നിന്നുള്ള തന്റെ പിന്മാറ്റം പരസ്യമായി പ്രഖ്യാപിക്കുന്നു. ശശിഭൂഷനോ മറ്റേതെങ്കിലും അഭ്യുദയകാംക്ഷികൾക്കോ ഇടപെടാൻ അവസരം കൊടുക്കാതെ, മനസ്സുമാറുന്നതിനുമുമ്പ് അരുണയുടെ അടുക്കലേക്ക് അയാൾ യാത്രതിരിക്കുന്നു.

ട്രെയിനിൽ നല്ല തിരക്കായിരുന്നു. ബംഗാളിലെ വിദൂരഗ്രാമങ്ങളിൽ നിന്ന് സങ്കൽപ്പിക്കാനാവാത്ത വിധം ദരിദ്രരായ കൃഷിക്കാരായിരുന്നു യാത്രക്കാരിലധികവും. അവരെ കേരളത്തിലെ ഏതോ കൺസ്ട്രക്ഷൻ കമ്പനിയിലേക്ക് തൊഴിലാളികളായി കൊണ്ടുപോവുകയാണ്. കഠിന അടിമത്തത്തിലേയ്ക്കും ചൂഷണത്തിലേയ്ക്കുമാണ് അവർ കൂപ്പുകുത്താൻ പോകുന്നതെന്ന് മനസ്സിലാക്കുവാൻ വികാസിന് ഒരു നോട്ടം മാത്രം മതിയായിരുന്നു. തനിക്കുവേണ്ടി കരുതിവെച്ചിരുന്ന ഭക്ഷണം അവരുടെ മദ്ധ്യെയിരുന്ന് കഴിക്കാൻ അയാൾക്ക് ധൈര്യമുണ്ടായില്ല. അത് പുറത്തേക്ക് എറിഞ്ഞുകളയാനും. കൂട്ടത്തിൽ വളരെ വിഷാദത്തോടെ കൂനിക്കൂടിയിരിക്കുന്ന ഒരു ഇളമുറക്കാരനോട് വികാസ് കുശലാന്വേഷണം നടത്തുന്നുണ്ട്. ആ രാത്രിയിൽ വികാസിന് ഉറങ്ങാനായില്ല. അയാൾ ഇൻഹെയ്‌ലർ വായിൽവെച്ച് തുടരെ നാലു തവണ അമർത്തി. വായു നിറച്ചെടുക്കുന്ന റബ്ബർ തലയണ ഊതിവീർപ്പിക്കാനാകാതെ അയാൾ പണിപ്പെടുമ്പോൾ ഭൂപൻ മുന്നോട്ടുവന്ന് തലയണ ഊതിവീർപ്പിക്കുന്നു. അവന്റെ പ്രാണവായുകൊണ്ട് നിറച്ച തലയണവെച്ചു കിടക്കുമ്പോൾ അത് തലയണയല്ലെന്നും തന്നെ വിശ്വസിച്ചേൽപ്പിക്കുന്ന ആശങ്കാജനകമായൊരു ജീവിതമാണെന്നുമാണ് അയാൾക്ക് തോന്നിയത്. പിന്നെ ആസ്മാരോഗിയായ അയാൾക്ക് ശ്വാസത്തിൽനിന്നും കൂറ്റൻ ചുഴലിക്കാറ്റുയരുന്നതായി അനുഭവപ്പെട്ടു. അതിലയാളുടെ സ്വകാര്യസങ്കൽപങ്ങളും പറന്നുപോയി. ശശിഭൂഷനെ വിളിച്ച് പുതിയ സെക്രട്ടറിയെ ഓർത്ത് വിഷമിക്കേണ്ട, താൻ തന്നെ വരാം എന്നു പറഞ്ഞപ്പോഴാണ് അയാളുടെ ഹൃദയം ശാന്തമായത്. അതിനിടയിൽ ഭുവനേശ്വറിലെ വീട്ടിൽ അയാളെയും കാത്ത് ഉറങ്ങാതിരിക്കുന്ന അരുണയെ അയാൾ മറന്നുകഴിഞ്ഞിരുന്നു.

ശ്വാസമെന്ന ശീർഷകം കഥയ്ക്കു നൽകുന്ന അർത്ഥം അഗാധവും ഹൃദയസ്പർശിയുമാണ്. പ്രപ

www.malankaralibrary.com

ഞ്ചവുമായും ഒരുപക്ഷെ ദൈവവുമായും നമ്മെ ബന്ധിപ്പിച്ചു നിർത്തുന്ന പാലമാണത്. ഒരേ പാത്രത്തിൽ നിന്ന് കുടിക്കുന്നു എന്നു നാം പറയുന്നതുപോലെ ഒരേ പാത്രത്തിൽ നിന്ന് ശ്വസിക്കുന്നു എന്നും കരുതാവുന്നതാണ്. അൽപംപോലും സ്വകാര്യമെന്ന് വിശേഷിപ്പിക്കാൻ പാടില്ലാത്ത പ്രാപഞ്ചിക ബോധത്തിലേയ്ക്ക് നമ്മെ ഉണർത്തുകയാണ് അതിന്റെ ധർമ്മം. ലോകത്തുള്ള ഏതൊരാളോടും അതുവഴി ഞാൻ ബന്ധപ്പെട്ടുനിൽക്കുന്നു. ഒപ്പം കടപ്പെട്ടും- ഒരുതരം ശ്വാസബന്ധം.

നിസ്സഹായനായ വികാസിനെ ആ രാത്രിയിൽ സഹായിക്കുന്നത് ഭൂപനാണ്. തന്റെ നെഞ്ചിൻകൂടിലെ മുഴുവൻ സ്നേഹത്തോടുകൂടിയാണ് റബ്ബർതലയണയിൽ അയാൾ തന്റെ ജീവശ്വാസം നിറച്ചുകൊടുത്തത്. എത്രപേരുടെ നിശ്വാസത്തിലാണ് ചെറിയ ശ്വാസകോശങ്ങളുള്ള നമ്മുടെ പ്രാണന്റെ നിലനിൽപ്പ്. അതു തിരിച്ചറിയുന്ന ഒരാൾക്ക് ആദ്യമേ സൂചിപ്പിച്ചതുപോലെ ചിലപ്പോഴെങ്കിലും തന്നെ മറന്ന് ലോകത്തിനുവേണ്ടി ജീവിച്ചേ പറ്റൂ.

സമൂഹത്തോടും കാലത്തോടും സംവദിക്കുമ്പോൾ കഥയുടെ വർത്തമാനം ഇവയ്ക്കുള്ള സ്മാരകശിലകളായി മാറുന്നു. സമകാലിക ജീവിതത്തെയും രാഷ്ട്രീയത്തെയും ഗൗരവമുള്ള ഉൾക്കാഴ്ചയോടെയും നേരറിയലിന്റെ തെളിച്ചത്തോടെയും കഥനത്തിലേയ്ക്കാവഹിക്കുക എന്നത് വളരെ ഭാവനാ വൈഭവവും വിമർശനബോധവും ആഖ്യാനചാതുര്യവും ആവശ്യപ്പെടുന്നുണ്ട്. വിപണിയും വാണിജ്യനയങ്ങളും കുത്തക മുതലാളിത്തവും ശൂന്യവും ശകലിതവുമാക്കിയ നവസംസ്ക്കാര വളർച്ചയിൽ മാനവിക മൂല്യങ്ങൾ നോക്കുകുത്തികളാവുകയാണ്. എൻ.പി ഹാഫിസ് മുഹമ്മദിന്റെ 'ദി ലാസ്റ്റ് പണിയ' അത്തരമൊരു സംവിധാനത്തിന്റെ ബലിയാടാണ് (മാതൃഭൂമി ജൂൺ 17).

രാജ്യത്തെ അന്താരാഷ്ട്ര പ്രശസ്തിയുള്ള സർവ്വകലാശാലയിലെ സാമൂഹിക-നരവംശ ശാസ്ത്ര ബിരുദ വിദ്യാർത്ഥിസംഘം ദേശീയപൈതൃക സംരക്ഷണകേന്ദ്രം സന്ദർശിക്കാനെത്തുന്നതാണ് കഥാസന്ദർഭം. കാഴ്ചബംഗ്ലാവിലെ ഏതെങ്കിലുമൊരു പ്രദർശന വസ്തുവിനെക്കുറിച്ച് ഒറ്റയ്ക്കോ നാലുപേരിലധികമാകാത്ത സംഘമായോ അവർക്ക് ഒരു പഠനരേഖ സമർപ്പിക്കണം. ദശലക്ഷക്കണക്കിനു വർഷങ്ങൾക്കുമുമ്പ് ആദിമനുഷ്യർ ഉപയോഗിച്ചിരുന്ന വസ്തുക്കൾ മുതൽ ആദിമമനുഷ്യന്റെ അസ്തികൂടം വരെ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ചർച്ചയിലൂടെയും അഭിപ്രായ പ്രകടനങ്ങളിലൂടെയും മുന്നേറിക്കൊണ്ടിരിക്കുന്ന പഠനസംഘം ഒടുവിൽ ചെന്നെത്തുന്നത് 'അവസാനത്തെ പണിയ' എന്നെഴുതിയ മുറിക്കുമുന്നിലാണ്. ഒരുനാൾ സംസ്ക്കാരങ്ങളുടെ കളിത്തൊട്ടിൽ എന്നറിയപ്പെടുന്ന രാജ്യത്ത്, തെക്കേയറ്റത്ത് കാട്ടിലെ കിഴങ്ങും അരുവിയിലെ ഞണ്ടും മീനും ചുട്ടുതിന്ന് കഴിഞ്ഞവർ. അവരുടെ വിവിധ ദൃശ്യങ്ങൾ കഴിഞ്ഞുള്ള ഒടുവിലത്തെ മുറിയിൽ പ്രപഞ്ചത്തിലെ ഒരേയൊരു പണിയനെ കേന്ദ്രം എല്ലാപരിരക്ഷയും നൽകി കാത്തുസൂക്ഷിക്കുന്നു. മരണം കാത്തു

> തന്റെ നെഞ്ചിൻകൂടിലെ മുഴുവൻ സ്നേഹത്തോടുകൂടിയാണ് റബ്ബർതലയണയിൽ അയാൾ തന്റെ ജീവശ്വാസം നിറച്ചുകൊടുത്തത്.

കഴിയുന്ന പണിയ സംഘാംഗങ്ങളിലുണ്ടാക്കിയ പ്രതികരണങ്ങളിലൂടെയാണ് കഥയുടെ വളർച്ച. ഇരയാണെന്ന് സ്വയമറിയാതെ ഇരയായിത്തീർന്ന പണിയയോട് സംഘാംഗങ്ങളായ ച്യാങ്ങും നഗീബും അദൃശ്യമായൊരു മാനസിക ബന്ധംപോലും സ്ഥാപിക്കുന്നുണ്ട്.

ഒരാശയത്തെ കൈമാറാനുള്ള ശ്രമത്തിൽ അതിന്റെ ആഖ്യാനത്തിന് മിഴിവോ ചാരുതയോ ഇല്ലാതെപോയി എന്നതാണ് ഈ കഥയുടെ ദൗർബല്യം. വിരസമായ സംവാദനങ്ങളിലൂടെ കഥ മുന്നോട്ടുപോകുമ്പോൾ കഥയുടെ പ്രയാണത്തെ നിലനിർത്തുന്ന ആകാംക്ഷയെന്നൊരു ഘടകം തീരെയില്ലാതെ പോകുന്നു. അറേബ്യൻ രാത്രികളെന്ന ആ പുരാതന കഥാപാരമ്പര്യത്തിന്റെ പിന്നിലെ കഥപോലുമതാണല്ലോ. സുൽത്താന്റെ ആകാംക്ഷയെ നിലനിർത്തി കഥയോടൊപ്പം ജീവിതവും നീണ്ടുകിട്ടുന്നു. ■

www.malankaralibrary.com



# ജീവിതനിയോഗം പറയപ്പെടാത്ത കഥകളിൽ

പ്രൊഫ. തോമസ് പാറയ്ക്കൽ

വിശുദ്ധ ബൈബിളിലെ സംഭവങ്ങളിൽ പ്രത്യേക നിമിഷം സൃഷ്ടിച്ചുകൊണ്ട് ശരത് രചിച്ചിരിക്കുന്ന 'കാൽവരിയിലേക്കുള്ള ദൂരം' (കലാകൗമുദി, 1919 ലക്കം) എന്ന കവിതയാണ് ഈ ലക്കം പരിചയപ്പെടുത്തുന്നത്.

വിശുദ്ധ ബൈബിളിലെ സംഭവങ്ങളിൽ പ്രത്യേക നിമിഷം സൃഷ്ടിച്ചുകൊണ്ട് വചനബന്ധികളായ കവിത പിറക്കാം. ചിലപ്പോൾ കാവ്യകൽപനകളുടെ സാന്നിദ്ധ്യത്താൽ ബൈബിൾ സന്ദർഭത്തെ തേജസ്സുള്ളതാക്കി പുതുകവികൾ പുതുക്കിപണിയുന്നു. സുവിശേഷസംഭവങ്ങളിൽ സ്ഥാനം പിടിച്ചിട്ടില്ലാത്തതും എന്നാൽ തികച്ചും സന്ദർഭനിഷ്ഠവുമായ സാഹചര്യങ്ങൾ നവമായി കണ്ടെത്തിയും കവിതകൾ എഴുതപ്പെടാം. ചേതോഹാരിയായ സന്ദർഭസൃഷ്ടിയും കാവ്യാത്മകതയുടെ ആന്തരികഗൗരവവും കൊണ്ട് ഇടപെടലിന് സമർത്ഥമായ കവിതകളും ജനിക്കാം.

'കാൽവരിയിലേക്കുള്ള ദൂരം' എന്ന കവിത ശരത് എന്ന കവിയുടേതാണ്. കലാകൗമുദിയുടെ 1919-ാം ലക്കത്തിലാണ് കവിത വായിക്കാനാവുക. പരി. മറിയം ഉണ്ണിയായ ഈശോയെ കഥകൾ പറഞ്ഞുകേൾപ്പിക്കുന്ന ഒരു സന്ദർഭം സൃഷ്ടിച്ച് വളർത്തിയെടുത്തിരിക്കുകയാണ് ശരത്.

ഈശോയുടെ ബാല്യകാല വിവരണം വി. മത്തായിയും ലൂക്കായും നൽകുന്നുണ്ടെങ്കിലും മറിയത്തിന് പുത്രനോടുള്ള ഊഷ്മളതയുടെ ഭാവങ്ങൾ തുടികൊട്ടുന്ന സന്ദർഭങ്ങൾ വിരളമാണല്ലോ സുവിശേഷവിവരണങ്ങളിൽ.? ഏതൊരമ്മയേയും പോലെ മറിയവും ഈശോയ്ക്ക് ബാല്യത്തിൽ കഥകൾ പറഞ്ഞുകൊടുത്തിട്ടുണ്ട്. അമ്മ കാതിൽ മൊഴിഞ്ഞ കഥകൾ ഈശോയുടെ ജീവിതവഴികളിൽ വഴിവിളക്കായിട്ടുമുണ്ടാകും.

അമ്മമാർ കുഞ്ഞുങ്ങൾക്കായി നടത്തുന്ന കഥനങ്ങളിൽ പൂക്കളും നക്ഷത്രങ്ങളും വാദ്യമേളങ്ങളും സമുദ്രങ്ങളും ആട്ടിൻപറ്റങ്ങളുമെല്ലാം സ്വാഭാവികമായി കടന്നുവരും. അവരുടെ കഥകളിൽ ആകാശഗോളങ്ങൾ കുട്ടികൾക്ക് സമീപസ്ഥമാകും. അകലങ്ങളിൽ വിടർന്നുനിൽക്കുന്ന പൂക്കൾ കുട്ടിയുടെ കാൽചുവട്ടിലാകും. കടലിലെ മത്സ്യങ്ങൾ കുട്ടിക്ക് കൂട്ടുകാരാകും. അമ്മയുടെ ഭാവനാലോകത്ത് കുഞ്ഞ് കണ്ണും കാതുമുറപ്പിച്ചിരിക്കും. കുഞ്ഞിന്റെ ഹൃദയത്തെ അലൗകികതയുടെ പവിത്രലോകങ്ങളിലേക്ക് നയിക്കാനാവുന്ന കഥകളാണ് മറിയം മകനോട് പറഞ്ഞത്.

കവിതയുടെ തുടക്കം ഇപ്രകാരമാണ്

*ഉണ്ണിയീശോയോട്*
*കന്യാമറിയം പറഞ്ഞകഥകളിൽ*
*പിറവിപൂണ്ടത്രയും പൂക്കൾ*
*സോളമന്റെ ഷാരോണിൽ*
*ഒരിക്കലും വിടർന്നിരുന്നില്ല.*

സോളമന്റെ പ്രേമം പൂത്തുലഞ്ഞത് ഷാരോണിലെ ലില്ലികൾക്കിടയിലാണ്. പൂക്കളാൽ അലംകൃതമായ ഷാരോണിൽ വിടർന്നതിലേറെ സുമങ്ങളെ മറിയത്തിന്റെ കഥകൾ ഈശോയ്ക്കുവേണ്ടി വിടർത്തി. ഒരു ഡിസംബർ രാവിലും പ്രത്യക്ഷമാകാത്തതിലേറെ നക്ഷത്രങ്ങൾ മറിയം ചൊല്ലിക്കൊടുത്ത കഥകളിലൂടെ

www.malankaralibrary.com

ഈശോയിൽ ജ്വലിച്ചുനിന്നു. ഡിസംബറിന്റെ കുളിരും മിന്നിമിന്നിത്തെളിയുന്ന താരങ്ങളും ഈശോയെ വിണ്ണിന്റെ വിസ്മയങ്ങളിൽ ചരിക്കാൻ പ്രേരിപ്പിച്ചു. മറിയത്തിന്റെ കഥകളിലൂടെ ദിവ്യനാദത്തിന്റെ അലയൊലികൾ അവന്റെ കാതുകളിൽ പതിച്ചു. ദിവ്യാനുഭൂതിയുടെ അപാരതകൾ മറിയം കോരിച്ചൊരിഞ്ഞതുപോലെ ദാവീദിന്റെ കിന്നരം വർഷിച്ചിട്ടില്ല. മറിയത്തിന്റെ കഥകളിൽ ആട്ടിൻ പറ്റങ്ങൾ ഏറെ ഉണ്ടായിരുന്നു. അത്രയും ആട്ടിൻപറ്റങ്ങളോടൊപ്പം ഒരിടയനും ഒരിക്കലും മേച്ചിൽ പുറങ്ങളിലേക്ക് പോയിട്ടില്ല.

മറിയത്തിന്റെ കഥകൾ – ഈശോയോട് പറഞ്ഞവ–നിറയെ ബൈബിൾബിംബങ്ങളും പ്രതീകങ്ങളും അടയിരിക്കുന്നു. സോളമനും ഷൂലോംകന്യകക്കുമായി വിടർന്ന ഷാരോണിലെ ലില്ലിപ്പൂക്കൾ, ഈശോയുടെ ജനനത്തിന്റെ സദ്വാർത്ത ലോകത്തിനായി പാടിയ മാലാഖമാരുടെ ദിവ്യഗാനം, അവന്റെ ജനനത്തെ അന്യനാടുകൾക്കും ദിവ്യാനുഭവമാക്കിയ കിഴക്കുകണ്ട നക്ഷത്രം, സമുദ്രനീലിമയിൽ നീന്തിത്തുടിക്കുന്ന മീനുകൾ, ആട്ടിൻപറ്റങ്ങൾക്കൊപ്പം മേച്ചിൽപുറങ്ങളിലേക്ക് പോകുന്ന ഇടയൻ, ഇതെല്ലാം കവിതയിലെ ധ്വനിപൂർണ്ണമായ ഇമേജുകളാണ്. ബിംബങ്ങൾ ഓരോന്നും ഈശോയുടെ ജീവിതകർമ്മങ്ങൾക്കും ധർമ്മങ്ങൾക്കും തികച്ചും യോജിച്ചവയും. അവൻ മറ്റുള്ളവരുടെ ജീവിതത്തിൽ നക്ഷത്രങ്ങളെ ഉദ്ദീപിപ്പിച്ചു. സമുദ്രത്തിൽ മറഞ്ഞുകിടക്കുന്ന മത്സ്യങ്ങളെ ശേഖരിക്കാൻ ശിഷ്യരെ സമർത്ഥരാക്കി. വയലിലെ ലില്ലികളും ആകാശപ്പറവകളും അലംകൃതമാകുന്നത് കാട്ടിത്തന്നു.

ഈശോ കേട്ട കഥകളിൽ ഉണ്ടായിരുന്നിടത്തോളം പരിമളമാർന്ന കാറ്റ് ഒരു താഴ്‌വരയെയും തഴുകിയിട്ടില്ല. ഹെർമ്മോൻ താഴ്‌വരയെ ആലിംഗനംചെയ്തു കടന്നുപോയ സൗരഭ്യപൂർണ്ണമായ കാറ്റ് ക്രിസ്തുവിന്റെ ജീവിതത്തെയും പുൽകി നിന്നു. കാറ്റ് അതിനിഷ്ടമുള്ളിടത്തേക്ക് വീശുന്നതും, കൊടുങ്കാറ്റിൽ ശിഷ്യർക്കും കടലിനും ശാന്തത വരുത്തുന്നതും, പാപിനിയുടെ സുഗന്ധതൈലത്തിന്റെ പരിമളം തലമുറയക്ക് സൗരഭ്യമാകുമെന്ന് മൊഴിഞ്ഞതും, മറിയം ചൊല്ലിയ കഥകളിലൂടെ ഒഴുക്കപ്പെട്ട ദിവ്യപരിമളപൂരിതമായ മാരുതൻ ഉള്ളിൽ നിറഞ്ഞതുകൊണ്ടാണ്. ഈശോ എല്ലായിടത്തും എപ്പോഴും ദൈവത്തിന്റെ പരിമളമായിരുന്നു, ആശ്വാസത്തിന്റെ ഇളം കാറ്റായിരുന്നു.

മറിയം പറയാതിരുന്നവയുടെ നീണ്ടനിരയും ഈശോയുടെ ജീവിതത്തെ പുൽകിനിന്നു.

*മറിയം പറയാതിരുന്ന കഥകളിൽ*
*കാൽവരിയിലേക്കുള്ള ദൂരവും*
*ആത്മനൊമ്പരങ്ങളും മുൾക്കിരീടവും*
*മരക്കുരിശും രക്തകണങ്ങളും*
*ആണിപ്പഴുതുകളും പതിയിരിപ്പുണ്ടെന്ന്*
*പക്ഷേ ഈശോയ്ക്ക് അറിയാമായിരുന്നു.*

സ്വജീവിതനിയോഗത്തിന്റെ പാഠങ്ങൾ മറിയം പറയാതെ പറഞ്ഞവയിൽ നിന്നാണ് അവൻ വായിച്ചെടുത്തത്. തനതുജീവിതത്തിന്റെ ആത്മനൊമ്പരങ്ങൾ അവൻ അറിഞ്ഞത് ജീവിതം കൊണ്ടാണ്; അമ്മ ചൊല്ലിയ കഥകളിൽ നിന്നല്ല. കാൽവരിയിലേക്കുള്ള ദൂരം

**യാഥാർത്ഥ്യനിഷ്ഠമായവയെ ഓരോരുത്തരും അനുഭവിച്ചേ മതിയാകൂ. അവ കാൽവരിയുടെ ആത്മനൊമ്പരങ്ങളിലൂടെ നയിക്കും**

അളന്ന് തിട്ടപ്പെടുത്തിയത് കഥകളല്ല ജീവിതാനുഭവങ്ങളാണ്. ശിരസ്സിനലങ്കാരമാകുന്ന മുൾക്കിരീടവും ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ബലിയാകാൻ ഉയർത്തപ്പെട്ട മരക്കുരിശും തന്നിൽ പൊടിഞ്ഞ രക്തക്കണങ്ങളും ശരീരത്തിൽ തറഞ്ഞ ആണിപ്പഴുതുകളും തനിക്കായി കരുതപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറിവ് അവനുണ്ടായത് പറയപ്പെട്ട കഥകളിൽനിന്നല്ല. മറിയം പറയാതെ കരുതിവച്ചവയുടെ പാഠങ്ങളാണവനെ നിയോഗിതജീവിതത്തിന്റെ അർത്ഥപൂർണ്ണതയിലേക്ക് നയിച്ചത്.

കേട്ടകഥകളിൽ ജീവിതത്തിന്റെ മാസ്മരിക സൗന്ദര്യമുണ്ട്; മസൃണഭാവങ്ങളുടെ ഓളക്കൂത്തുണ്ട്. യാഥാർത്ഥ്യനിഷ്ഠമായവയെ ഓരോരുത്തരും അനുഭവിച്ചേ മതിയാകൂ. അവ കാൽവരിയുടെ ആത്മനൊമ്പരങ്ങളിലൂടെ നയിക്കും. മുൾക്കിരീടവും മരക്കുരിശും ആണിപ്പഴുതുകളും അവിടെ പതിയിരിക്കുന്നു. അവയാണ് ഈശോയെ രക്ഷകനാക്കിയത്. കേൾക്കാത്ത കഥകളിലും പറയാത്ത പാഠങ്ങളിലുമാണ് നിയോഗത്തിന്റെ സാന്ദ്രശക്തി തെളിയുന്നത്; രക്ഷകനും രക്ഷിതർക്കും. ■

www.malankaralibrary.com



# യോഗാഭ്യാസവും കായികാഭ്യാസവും!!

ഫാ. സൈജു തുരുത്തിയിൽ M.Sc. (Yoga), PG Diploma in Yoga Therapy
*ദിവ്യകാരുണ്യ ആശ്രമം, ക്രൈസ്റ്റ് യോഗ റിട്രീറ്റ് സെന്റർ, താന്നിപ്പുഴ, കാലടി: 9447913526*

ഭാരതത്തിന്റെ ആത്മീയസാധനയായിരുന്ന യോഗസാധനയെ പരിചയപ്പെടുത്താനും ലളിതമായി പരിശീലിപ്പിക്കാനുമുള്ള പരിശ്രമമാണ് ഈ പംക്തി.

രോഗത്തിന്റെയും വേർപാടിന്റെയും നാശത്തിന്റെയും മരണത്തിന്റെയും ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. തിരക്കിന്റെയും മറവിയുടെയും ലോകത്താണ് നാം ജീവിക്കുന്നത്. മദ്ധ്യവയസ്ക്കരുടെ മരണം ഏറെ നാം കാണുകയും അസ്വസ്ഥതപ്പെടുകയും ചെയ്യുന്നു. ഒന്നാലോചിച്ചാൽ മനസ്സിലാകും, മരണം പലപ്പോഴും നാം ക്ഷണിച്ചുവരുത്തുന്ന ഒന്നാണെന്ന്. ചിന്തകൊണ്ടും തീരുമാനങ്ങൾ കൊണ്ടും നമ്മുടെ ജൈവഘടനയിൽ മാറ്റം വരുത്താൻ കഴിവുള്ള ഈ ഭൂമുഖത്തെ ഒരേയൊരു ജീവിയാണ് മനുഷ്യൻ. ജോലി തിരക്കിനിടയിൽ നാം മറക്കുന്നത് നമ്മുടെ ശരീരത്തെയും അതിനു കൊടുക്കേണ്ട പരിചരണത്തെയുമാണ്. ഭക്ഷണം കൊണ്ട് മാത്രമല്ല നാം ജീവിക്കേണ്ടത്. ഭക്ഷണത്തോടൊപ്പം നിരന്തരമായ വ്യായാമവും നമുക്കാവശ്യമാണ്.

ഒന്നാമത്തേത് കൃത്യമായി നാം അനുഷ്ഠിക്കുമ്പോൾ രണ്ടാമത്തേത് സൗകര്യപൂർവ്വം നാം മറക്കുന്നു. നമ്മുടെ കോശങ്ങൾ സദാസമയവും നമ്മുടെ ചിന്തകളെ നോക്കിക്കൊണ്ടിരിക്കുന്നു. ചിന്തകൾ നിമിത്തം കോശങ്ങൾക്ക് മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. നൈരാശ്യത്തിന്റെ ഒരു ഘട്ടമുണ്ടായാൽ മതി രോഗപ്രതിരോധശേഷി നശിക്കും. നിരാശയും വിഷണ്ണതയും ഹൃദയാഘാതത്തിനും ക്യാൻസറിനുമുള്ള സാധ്യത വർദ്ധിപ്പിക്കുകയും, ആയുസ്സ് കുറക്കുകയും ചെയ്യുന്നു. മനസ്സിലെ വിശ്വാസങ്ങളേക്കാൾ ശരീരത്തിൽ സ്വാധീനം ചെലുത്താൻ ശേഷിയുള്ള മറ്റൊന്നുമില്ല. മാറ്റത്തിന്റെ ചിറകുകളിൽ സ്ഥിതി ചെയ്യുമ്പോഴാണ് നിങ്ങൾ ജീവിക്കുന്നത്. നമുക്ക് യാഥാർത്ഥത്തിൽ ആവശ്യമുള്ള ശരീരത്തെ സൃഷ്ടിക്കുന്ന കാര്യത്തിൽ നാം സവിശേഷമായ ജാഗ്രത പാലിക്കണം. അതായത് സ്ഥിരമായുള്ള പരിശീലനം. അതിനു മുൻപ്, മനസ്സിലാകേണ്ട ഒരു വസ്തുതയുണ്ട്. യോഗാഭ്യാസവും കായികാഭ്യാസവും തമ്മിലുള്ള വ്യത്യാസങ്ങൾ.

## യോഗാഭ്യാസം

1. ബാല്യത്തിലും കൗമാരത്തിലും വാർദ്ധക്യത്തിലും അനുഷ്ഠിക്കാം; 2. ഉപകരണങ്ങളുടെ ആവശ്യമില്ല; 3. ഓരോ പരിശീലനവും നൈസർഗ്ഗികമാണ്. അതിനാൽ പാർശ്വഫലം കുറയുന്നു; 4. ഏകാഗ്രതയും ശാന്തിയും വർദ്ധിക്കുന്നു; 5. ശാരീരിക ക്ഷീണത്തെ ശരിയായ ശ്വാസോച്ഛ്വാസവും വിശ്രമവും വഴി പരിഹരിക്കുന്നു; 6. ശരീരത്തിൽ ലാക്ടിക് അമ്ലത്തിന്റെ വർദ്ധനമൂലം ഉണ്ടാകുന്ന ഓക്സിജൻ ദൗർലഭ്യത്തെ ശരിയായ ശ്വാസോച്ഛ്വാസവും വിശ്രമവും വഴി പരിഹരിക്കുന്നു; 7. ആവർത്തനമില്ല; 8. ആന്തരികവും ബാഹ്യവുമായ അവയവങ്ങൾക്ക് വ്യായാമം ലഭിക്കുന്നു; 9. രോഗപ്രതിരോധശേഷി കാര്യമായി വർദ്ധിക്കുന്നു; 10.

www.malankaralibrary.com

ശരീരത്തിന് വേണ്ടത്ര അയവ് ലഭിക്കുക വഴി രക്ത സഞ്ചാരം സുഗമമാകുന്നു; 11. മനുഷ്യനെ പ്രകൃതിയുമായി താദാത്മ്യത്തിൽ കൊണ്ടുവരുന്നു. അങ്ങനെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് സഹായിക്കുന്നു.

## കായികാഭ്യാസം

1. യൗവനത്തിലേ പൂർണ്ണമായി അനുഷ്ഠിക്കാനാവൂ; 2. പലപ്പോഴും ഉപകരണങ്ങൾ ആവശ്യമാണ്; 3. പേശികൾ വികസിപ്പിക്കാൻ ഊന്നൽ നൽകിയുള്ള കൃത്രിമചലനങ്ങളായതിനാൽ പാർശ്വഫലങ്ങൾ അധികമാണ്; 4. ഏകാഗ്രതയ്ക്ക് പ്രാധാന്യം നൽകുന്നില്ല; 5. അമിതമായ ചലനം വഴി ശരീരക്ഷീണം വർദ്ധിക്കുന്നു; 6. ശരീരാത്തിനാവശ്യമായ ഓക്സിജൻ ലഭ്യമല്ലാതാകുമ്പോൾ, ലാക്ടിക് അമ്ലം രക്തത്തിൽ വർദ്ധിച്ച്, ക്ഷീണമുണ്ടാകുന്നു; 7. ആവർത്തനത്തിന് പ്രാധാന്യം കൊടുക്കുന്നു. അമിതമായ മടുപ്പ് അനുഭവപ്പെടും; 8. ബാഹ്യമായ അവയവങ്ങൾക്ക് മാത്രം വ്യായാമം ലഭിക്കുന്നു; 9. രോഗപ്രതിരോധശേഷി നാമമാത്രമായി വർദ്ധിക്കുന്നു; 10. ശരീരത്തിലെ സന്ധികൾക്ക് മുറുക്കം അനുഭവപ്പെടുന്നതിനാൽ രക്തസഞ്ചാരം സുഗമമാകുന്നില്ല; 11. പ്രകൃതിയുമായി ഐക്യം ഉണ്ടാകുന്നില്ല. ആദ്ധ്യാത്മിക വളർച്ച പ്രസക്തമല്ല.

വൃക്ഷാസനത്തിന്റെ പരിശീലനമാണ് കഴിഞ്ഞത്. ഇന്ന് നാം പഠിച്ച് പരിശീലിക്കുന്നത് അർദ്ധചക്രാസനം (Half wheel pose).

## നിരീക്ഷണം



ദീർഘനേരം മുൻപോട്ട് കുനിഞ്ഞ് നിൽക്കുന്ന ശിശുക്കളും, കായികാദ്ധ്വാനത്തിൽ ഏർപ്പെടുന്ന വ്യക്തികളും ശരീരത്തിന്റെ പിൻഭാഗത്ത്, പ്രത്യേകിച്ച് നട്ടെല്ലിന്റെ താഴെയുള്ള പേശികളിൽ ഉണ്ടാവുന്ന കാഠിന്യവും വേദനയും അകറ്റാൻ വേണ്ടി കൈകൾ രണ്ടും അരക്കെട്ടിന്റെ പിൻഭാഗത്ത് വച്ച് പിറകോട്ട് വളഞ്ഞ് ശരീരത്തിന് അയവും വിശ്രമവും നൽകാറുണ്ട്.

ഈ സ്വാഭാവിക പ്രകടനത്തോട് സമാനതയുള്ളതാണ് അർദ്ധചക്രാസനം.

***ഗുണങ്ങൾ:*** നട്ടെല്ലിന് അയവ് നൽകുകയും, സുഷുമ്ന നാഡിയെ ഉത്തേജിപ്പിക്കുകയും കഴുത്തിലെ പേശികൾക്ക് ബലം വർദ്ധിക്കുകയും ചെയ്യും. മാറിടത്തിനും തോളിനും ഇത് വികാസം നൽകുന്നു. നടുവ് വേദനക്ക് ഫലപ്രദമാണ്.

**പരിമിതികൾ:** വെർട്ടിഗോ (vertigo) യുള്ളവർ ഇത് പരിശീലിക്കാൻ പാടില്ല.

**ചെയ്യേണ്ടവിധം:** 1. രണ്ടുകാലുകളും അടുപ്പിച്ച് കൈകൾ താഴേക്ക് താഴ്ത്തിയിട്ട് പ്രാരംഭസ്ഥിതിയിലേക്ക് വരിക; 2. കൈപ്പത്തികൾ അരക്കെട്ടിൽവച്ച് പുറം താങ്ങി നിർത്തുക. കൈവിരലുകൾ അഞ്ചും ചേർന്നും മുമ്പോട്ട് തിരിഞ്ഞും ഇരിക്കണം; 3. ശ്വാസം വലിച്ചുകൊണ്ട് അരക്കെട്ടിന്റെ ഭാഗത്ത് നിന്നും പുറകോട്ട് വളയുക (ചിത്രം 1). കഴുത്തിലെ പേശികളും തലയും പുറകോട്ട് വളഞ്ഞിരിക്കണം.



ചിത്രം-1

4. നിങ്ങൾക്ക് സാധിക്കുവോളം പുറകോട്ട് വളഞ്ഞതിനുശേഷം, 15 വരെ എണ്ണുവോളം, ആ നിലയിൽ തുടരുക. ശ്വാസം പിടിച്ചുവക്കരുത്. Deep Breathing or Normal Breathing ൽ നിലനിൽക്കുക; 5. അതിനുശേഷം പ്രാരംഭസ്ഥിതിയിലേക്ക് സാവകാശം വരിക. വിശ്രമിക്കുക. പരിശീലിച്ച് മുൻപോട്ട് പോകുമ്പോൾ 15 എന്നുള്ളത് 50 വരെയും 100 വരെയും എണ്ണുവോളം നിൽക്കാൻ കഴിയണം; 6. നെഞ്ചിലേക്കും നട്ടെല്ലിലേക്കും കഴുത്തിലെ പേശികളിലേക്കും ശ്രദ്ധിച്ചു വേണം ഇത് ചെയ്യാൻ; 7. പരിശീലിച്ചു കഴിയുമ്പോൾ ശവാസനത്തിൽ വിശ്രമിക്കുക. ■

www.malankaralibrary.com



# സന്ന്യാസവും നോവിഷ്യേറ്റും

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

■ **സന്ന്യാസ ജീവിതം നയിക്കാൻ ഒരാൾ എത്ര കാലം നോവിഷ്യേറ്റ് നടത്തണം? നോവിഷ്യേറ്റ് നടത്താൻ പ്രത്യേക സന്ന്യാസ ഭവനങ്ങളുണ്ടോ? അത്തരം ഭവനങ്ങളിൽ താമസിച്ചു മാത്രമേ നോവിഷ്യേറ്റ് നടത്താവൂ എന്നുണ്ടോ? നോവിഷ്യേറ്റിനെ സംബന്ധിച്ച നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടാതെ പോയാൽ എങ്ങനെ അത് പരിഹരിക്കാനാകും?**

**മാർട്ടിൻ റോണിമോൻ മാത്യു, പാലക്കാട്**

സന്ന്യാസജീവിതത്തിന്റെ ഒരുക്കത്തിനുള്ള നോവിഷ്യേറ്റിനെപ്പറ്റിയുള്ള മൂന്ന് ചോദ്യങ്ങൾക്കാണ് ഉത്തരം തേടിയിരിക്കുന്നത്. മൂന്ന് ചോദ്യങ്ങളും നോവിഷ്യേറ്റിനെ സംബന്ധിക്കുന്നതാണെങ്കിലും ഓരോന്നിനും പ്രത്യേകമായി മറുപടി നല്കാനാണ് ആഗ്രഹിക്കുന്നത്.

## നോവിഷ്യേറ്റിന്റെ കാലഘട്ടം

ആദ്യത്തെ ചോദ്യം സന്ന്യാസ ജീവിതം നയിക്കാൻ ഒരാൾ എത്രകാലം നോവിഷ്യേറ്റ് നടത്തണമെന്നാണ്. സന്ന്യാസജീവിതത്തിനുള്ള ഒരുക്കത്തിന്റെ വളരെ പ്രധാനപ്പെട്ട കാലമാണ് നോവിഷ്യേറ്റ്. നോവിഷ്യേറ്റിന്റെ സാധുതയ്ക്ക് ഇത് തുടർച്ചയായതും പൂർണ്ണവുമായ ഒരു വർഷം ഉൾക്കൊണ്ടിരിക്കണം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നോവിഷ്യേറ്റിന്റെ കാനോനികമായ സാധുതയ്ക്ക് പൂർണ്ണവും തുടർച്ചയുമായ ഒരു വർഷക്കാലം ഉണ്ടായിരിക്കണം (CCEO.c.523/1; CIC.c. 648). തുടർച്ചയായ 24 മണിക്കൂർ ഉൾക്കൊള്ളുന്ന സമയപരിധിയെയാണ് കാനൻ നിമയമനുസരിച്ച് ഒരു ദിവസമെന്ന് കണക്കാക്കുന്നത്. ദിവസം ആരംഭിക്കുന്നത് അർദ്ധരാത്രി മുതലാണ്. മാസവും വർഷവും കലണ്ടർ പ്രകാരം കണക്കാക്കപ്പെടണമെന്ന് പ്രസ്താവിക്കാത്ത പക്ഷം ഒരാഴ്ച ഏഴ് ദിവസവും ഒരു മാസം 30 ദിവസവും ഒരു വർഷം 365 ദിവസവും ഉൾപ്പെടുന്നതാണ് (CCEO.c.1545/1; CIC.c.202/1).

## നോവിഷ്യേറ്റ് കാലത്തെ അസ്സാന്നിദ്ധ്യം

ഒരു വർഷത്തെ നോവിഷ്യേറ്റിൽ നിന്ന് തുടർച്ചയായതോ ഇടവിട്ടുള്ളതോ ആയ മൂന്ന് മാസത്തിൽ (90 ദിവസം) കുറഞ്ഞ അസ്സാന്നിദ്ധ്യം നോവിഷ്യേറ്റിന്റെ സാധുതയെ ബാധിക്കുകയില്ല (CCEO.c.523/1; CIC.c.649/1). തുടർച്ചയായതോ, ഇടവിട്ടുള്ളതോ ആയ

www.malankaralibrary.com



മൂന്ന് മാസത്തേക്കാൾ കൂടുതലായ അസ്സാന്നിദ്ധ്യം ഉണ്ടായാൽ അത് നോവിഷ്യേറ്റിന്റെ സാധുതയെ ബാധിക്കും. അങ്ങനെ ഉണ്ടായാൽ നോവിഷ്യേറ്റ് നിയമാനുസൃതം വീണ്ടും നടത്തണമെന്നാണ് നിയമത്തിൽ നിഷ്ക്കർഷിക്കുന്നത്. നോവിഷ്യേറ്റ് കാലഘട്ടത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള മൂന്ന് മാസത്തെ കാലയളവിനുള്ളിൽ തുടർച്ചയായതോ ഇടവിട്ടുള്ളതോ ആയ അസ്സാന്നിദ്ധ്യം പതിനഞ്ച് ദിവസത്തിലധികമായാൽ അത് പരിഹരിക്കേണ്ടതാണ് (CCEO.c.523/1; CIC.c.649/1). അതനുസരിച്ച് നോവിഷ്യേറ്റ് നടത്തുന്ന വ്യക്തിയുടെ അസ്സാന്നിദ്ധ്യം നോവിഷ്യേറ്റ് കാലയളവിൽ 20 ദിവസം ആയാൽ നോവിഷ്യേറ്റ് കാലയളവായ 12 മാസത്തോട് അഞ്ചുദിവസം കൂടി കൂട്ടേണ്ടതായി വരും. എങ്കിലേ നിയമാനുസൃതം നോവിഷ്യേറ്റ് സാധുവാകൂ. അതിനുശേഷമേ വ്രതവാഗ്ദാനത്തിന് സന്ന്യാസ സഭാധികാരികൾ അനുവാദം നൽകുവാൻ പാടുള്ളൂ.

## നോവിഷ്യേറ്റ് ഭവനം

നോവിഷ്യേറ്റ് നടത്തേണ്ടത് അതിനായി പ്രത്യേകം സ്ഥാപിക്കപ്പെട്ടിട്ടുള്ള ഭവനത്തിലായിരിക്കണം. ഇത് “നോവിഷ്യേറ്റ് ഭവനം” എന്നാണ് അറിയപ്പെടുന്നത്. നോവിഷ്യേറ്റ് ഭവനത്തെപ്പറ്റിയും സഭാനിയമത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സന്ന്യാസജീവിതത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാലഘട്ടമാണ് നോവിഷ്യേറ്റ്. ഈ പ്രാധാന്യം പരിഗണിച്ച് നോവിഷ്യേറ്റ് ഭവനത്തിന്റെ സ്ഥാപനം, നിറുത്തലാക്കൽ, മറ്റൊരു സ്ഥലത്തേക്കുള്ള മാറ്റം എന്നിവ സന്ന്യാസ സഭയുടെ സുപ്പീരിയർ ജനറലിന്റെ അധികാരത്തിൽപ്പെടുന്ന കാര്യങ്ങളാണ്. സുപ്പീരിയർ ജനറൽ തന്റെ കൗൺസിലന്റെ സമ്മതം ഇല്ലാതെ ഇക്കാര്യങ്ങൾക്കായി നൽകുന്ന ഡിക്രി അതിൽ തന്നെ അസാധുവാണ് (CCEO.c.521; CIC.c.647). നോവിഷ്യേറ്റ് സാധുവാകുന്നതിന് നോവിഷ്യേറ്റ് ആസ്ഥാനം എവിടെയാണോ ആ ഭവനത്തിലാണ് നടത്തേണ്ടത്. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിലും പ്രത്യേകമായ പരിഗണനയുടെ വെളിച്ചത്തിലും ആലോചനാ സമിതിയുടെ സമ്മതത്തോടു കൂടിയും സുപ്പീരിയർ ജനറലിന്റെ അനുവാദത്തോടെയും അതേ ഓർഡറിന്റെയോ കോൺഗ്രിഗേഷന്റെയോ മറ്റൊരു ഭവനത്തിൽ നോവീസ് മാസ്റ്ററുടെ പകര സ്ഥാനം വഹിക്കുന്ന അംഗത്തിന്റെ നിയന്ത്രണത്തിൽ നോവിഷ്യേറ്റ് നടത്താവുന്നതാണ് (CCEO.c.522/1; CIC.c.647/2). അതുപോലെ നോവിഷ്യേറ്റ് നടത്തുന്നവരിൽ നിന്ന് ഒരു ഗ്രൂപ്പിനെ നിശ്ചിതകാലത്തേക്ക് മേജർ സുപ്പീരിയറിന് അതേ ഓർഡറിന്റെയോ, കോൺഗ്രിഗേഷന്റെയോ, താൻ നിർദ്ദേശിക്കുന്ന ഭവനത്തിൽ താമസിക്കാൻ അനുവദിക്കാവുന്നതാണ് (CCEO.c.522/2; CIC.c. 647/3). നിശ്ചിതകാലം എന്നത് എത്രയെന്ന് സന്ന്യാസസഭയുടെ ഉന്നതാധികാരികളാണ് തീരുമാനിക്കുന്നത്. ഏതായാലും നോവിഷ്യേറ്റ് പരിശീലനത്തിന്റെ മുഖ്യഭാഗവും നോവിഷ്യേറ്റ് ഭവനത്തിൽ തന്നെ ആയിരിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. ഏതായാലും നിശ്ചിതകാലയ

www.malankaralibrary.com

ഉവിൽ നോവിഷ്യേറ്റ് ഭവനത്തിന് പുറത്ത് താമസിക്കേണ്ടിവരുന്ന ദിവസങ്ങൾ നോവിഷ്യേറ്റിൽ നിന്നുള്ള ഒരാളുടെ അസ്സാന്നിദ്ധ്യമായി കണക്കാക്കപ്പെടുകയില്ല.

## നോവിഷ്യേറ്റിൽ നിന്നുള്ള അഭാവം

നോവിഷ്യേറ്റിൽ നിന്നുള്ള അഭാവം എന്ന് പറയുമ്പോൾ നാം മനസ്സിലാക്കുന്നത് നോവിഷ്യേറ്റിനായി സ്ഥാപിക്കപ്പെട്ട ഭവനത്തിൽ നിന്നുള്ള അസ്സാന്നിദ്ധ്യമാണ്. നോവിഷ്യേറ്റ് കാലഘട്ടത്തിൽ ഉണ്ടാകുന്ന അസ്സാന്നിദ്ധ്യത്തിന് തക്കതായ കാരണങ്ങൾ ഉണ്ടോ ഇല്ലയോ എന്നതിന് യാതൊരു പ്രസക്തിയുമില്ല. ഉദാഹരണമായി, നോവിഷ്യേറ്റ് നടത്തുന്നയാൾ രോഗം മൂലം ദീർഘനാളത്തേയ്ക്ക് ആസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടെന്ന് വരാം. പക്ഷേ, ഈ അസ്സാന്നിദ്ധ്യം നോവിഷ്യേറ്റിൽ നിയമാനുസൃതം അനുവദിക്കപ്പെട്ട 30 ദിവസത്തിനുള്ളിലായിരിക്കണം. അല്ലെങ്കിൽ നോവിഷ്യേറ്റ് നിയമാനുസൃതം വീണ്ടും നടത്തേണ്ടിവരും.

## നോവിഷ്യേറ്റ് ഭവനത്തിൽ നിന്നുള്ള മാറിത്താമസം

നോവിഷ്യേറ്റ് ഭവനത്തിൽ നിന്ന് മാറി താമസിക്കുവാൻ അനുവദിക്കേണ്ടത് ആരാണെന്നും മേജർ സുപ്പീരിയറിന്റെ അധികാരാവകാശങ്ങൾ ഉള്ള മിഷൻ സുപ്പീരിയറിന് അതിനുള്ള അധികാരമുണ്ടോയെന്നതുമാണ് രണ്ടാമത്തെ ചോദ്യം.

നോവിഷ്യേറ്റ് നടത്തുന്നവരിൽ നിന്ന് ഏതാനും പേരെ മേജർ സുപ്പീരിയറിന് ഒരു നിശ്ചിതകാലത്തേയ്ക്ക് അതേ ഓർഡറിന്റെയോ കോൺഗ്രിഗേഷന്റെയോ ഭവനത്തിൽ താമസിക്കുവാൻ അനുവദിക്കാവുന്നതാണെന്ന് നാം കാണുകയുണ്ടായി. സന്ന്യാസ സഭയുടെ നിയമാവലിയനുസരിച്ച് മിഷൻ സുപ്പീരിയറും, പ്രോവിൻഷ്യാളിനെപ്പോലെ മേജർ സുപ്പീരിയറിനടുത്ത അധികാരാവകാശങ്ങളോടുകൂടിയ ആളാണെന്ന് ചോദ്യകർത്താവു തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. തന്മൂലം പ്രോവിൻഷ്യാളിനും മിഷൻ സുപ്പീരിയറിനും നോവിഷ്യേറ്റ് നടത്തിക്കൊണ്ടിരിക്കുന്നവരിൽ നിന്ന് ഒരാളെയോ, ഏതാനും പേരെയോ അതേ ഓർഡറിന്റെയോ കോൺഗ്രിഗേഷന്റെയോ നിശ്ചയിക്കപ്പെട്ട ഭവനത്തിൽ ഒരു നിശ്ചിതകാലത്തേയ്ക്ക് താമസിക്കുവാൻ അനുവദിക്കാവുന്നതാണ്. ഈ അനുവാദം മേജർ സുപ്പീരിയർ രേഖാമൂലമാണ് നല്കേണ്ടത്. അതുപോലെ തന്നെ നിശ്ചിതകാലം കൊണ്ട് ഉദ്ദേശിക്കുന്ന സമയം എത്രയാണെന്നും അനുവാദത്തിൽ മേജർ സുപ്പീരിയർ വ്യക്തമാക്കിയിരിക്കണം. ഇത് ഒരിക്കലും അനിശ്ചിതമായ ഒരു കാലഘട്ടത്തിലേയ്ക്ക് നീളാൻ പാടില്ല. ഒന്നോ, ഏറിയാൽ രണ്ടോ മാസത്തേക്കായിരിക്കും സാധാരണഗതിയിൽ അനുവദിക്കുക. സന്ന്യാസസഭയുടെ 'സിദ്ധിക്കു' (Charism) അനുസരണമായി ഏതെങ്കിലും പ്രത്യേക ശുശ്രൂഷയിൽ പരിശീലനത്തിന് വേണ്ടിയാകാം ഇപ്രകാരം അനുവദിക്കുന്നത്.

## സന്ന്യാസഭവനം

സന്ന്യാസഭവനം എന്ന പദത്തിന് ക്ലിപ്തമായ ഒരു അർത്ഥവും അതോടൊപ്പം വിശാലമായ ഒരു അർത്ഥവുമുണ്ട്. ക്ലിപ്തമായ അർത്ഥത്തിൽ തക്ക സഭാധികാരിയാൽ നിയമാനുസൃതം സ്ഥാപിക്കപ്പെടുന്ന ഭവനമാണ് സന്ന്യാസഭവനം. ദൈവത്തിന് നിരന്തരം ആരാധനയർപ്പിക്കുകയും ദൈവജനത്തെ സ്നേഹത്തിന്റെ അരൂപിയിൽ ശുശ്രൂഷിക്കുകയുമാണല്ലോ സന്ന്യാസത്തിന്റെ അന്തസ്സത്ത. അതുവഴി സന്ന്യാസ ജീവിതം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാക്ഷ്യമായിതീരുന്നു (LG-44). ഏതെങ്കിലും സന്ന്യാസസഭയുടെ (Order or Congregation) ഒരു ഭവനം ഒരു രൂപതാതിർത്തിക്കുള്ളിൽ സ്ഥാപിക്കുന്നതിന് രൂപതാമെത്രാന്റെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ് (CCEO.c.509/1; CIC.c.609/1). സന്ന്യാസഭവനം ആരംഭിക്കാൻ മെത്രാൻ നല്കുന്ന അനുവാദത്തിൽ സന്ന്യാസസഭയുടെ അരൂപിക്ക് ചേർന്നവിധം പുണ്യപ്രവൃത്തികൾ അനുഷ്ഠിക്കുന്നതിനും ജീവകാരുണ്യപ്രവൃത്തികൾ നടത്തുന്നതിനും, സന്ന്യാസഭവനത്തോടനുബന്ധിച്ച് ദൈവാരാധനയ്ക്കായി ഒരു ചാപ്പൽ തുടങ്ങുന്നതിനുമുള്ള അവകാശങ്ങൾ ഉൾപ്പെട്ടിരിക്കും (CCEO.c.437/1; CIC.c.611). സന്ന്യാസസഭയുടെ ഇത്തരത്തിലുള്ള ഏതൊരു ഭവനവും നോവിഷ്യേറ്റ് നടത്തുന്ന വ്യക്തിക്കോ, വ്യക്തികൾക്കോ നിശ്ചിതകാലത്തേയ്ക്ക് മാറി താമസിക്കാനുള്ള ഭവനമായി മേജർ സുപ്പീരിയറിന് നിശ്ചയിക്കാവുന്നതാണ്.

വിശാലമായ അർത്ഥത്തിൽ സന്ന്യാസഭവനം കൊണ്ട് ഉദ്ദേശിക്കുന്നത് ഏതെങ്കിലും സന്ന്യാസസഭ

www.malankaralibrary.com

യിലെ അംഗങ്ങൾ കൂട്ടമായി താമസിക്കുന്ന ഒരു ഭവനം എന്നാണ്. ഇത്തരം ഭവനങ്ങൾ നിയമപരമായ ഔപചാരികതകൾ പാലിക്കാതെ തുടങ്ങിയതാകാം. വിദേശത്തും മറ്റും ജോലിചെയ്യുന്ന സന്യാസിനികൾ അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളോടടുത്തുള്ള ഏതെങ്കിലും പ്രത്യേക ഭവനങ്ങളിലോ സ്ഥാപനങ്ങളിലോ ആയിരിക്കും സഭാധികാരികളുടെ അനുവാദത്തോടെ താമസിക്കുക.

## നോവിഷ്യേറ്റ് നിയമങ്ങൾ പാലിക്കപ്പെടാതെ വന്നാൽ

നോവീസ് മാസ്റ്ററുടെ അശ്രദ്ധയോ, അറിവില്ലായ്മയോ മൂലം നോവിഷ്യേറ്റിനെ സംബന്ധിച്ച നിയമങ്ങൾ പാലിക്കപ്പെടാതെ വന്നാൽ എന്തു ചെയ്യാനാകും എന്നതാണ് അടുത്ത ചോദ്യം.

അറിയുവാൻ കടപ്പെട്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് അജ്ഞത. നിയമങ്ങൾ പാലിക്കുവാൻ കടപ്പെട്ടിട്ടുള്ള എല്ലാവരും നിയമങ്ങളെക്കുറിച്ച് അറിയുവാനും കടപ്പെട്ടവരാണ്. "Ignorantia iuris non excusat" എന്നാണല്ലോ നിയമസൂക്തം. സഭയിലെ നിയമങ്ങൾ ഓരോ സഭാംഗവും അറിയുവാൻ കടപ്പെട്ടവരാണ്. അവ സഭാംഗങ്ങളുടെ പൊതു നന്മയെ ലക്ഷ്യം വച്ചുള്ളതാണ്. തന്മൂലം നിയമത്തിന്റെ സാധുത ഓരോ വ്യക്തിയുടേയും തീരുമാനത്തിന് വിടുന്നത് ശരിയല്ല. അതിനാൽ അസാധുവാക്കുന്നതോ, അയോഗ്യനാക്കുന്നതോ ആയ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയോ, അബദ്ധ ധാരണയോ ഒരു പ്രവൃത്തി അസാധുവാകുന്നതിനെയോ ഒരാൾ അയോഗ്യനായിത്തീരുന്നതിനെയോ തടയുന്നില്ല (CCEO.c.1497/1; CIC.c.15/1). ഉദാഹരണമായി, അടുത്ത രക്തബന്ധമുള്ളവർ തമ്മിൽ നടത്തുന്ന വിവാഹം അസാധുവാണ് എന്ന സഭാനിയമത്തെക്കുറിച്ച് അജ്ഞരാണെങ്കിലും, അപ്രകാരം രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം അസാധുവായിരിക്കും.

പന്ത്രണ്ടുമാസത്തെ നോവിഷ്യേറ്റ് നിയമാനുസൃതം പൂർത്തിയാക്കാത്ത ഒരാളെ എന്ത് സദുദ്ദേശ്യത്തോടെ ആയാലും, നോവീസ് മാസ്റ്ററോ മേജർ സുപ്പീരിയറോ വ്രതവാഗ്ദാനത്തിന് അനുവദിക്കുന്നതുവഴി അയാൾ നടത്തുന്ന വ്രതവാഗ്ദാനം അസാധുവായി തീരും. കാരണം അയാളുടെ നോവിഷ്യേറ്റ് അസാധുവായിരുന്നു.

## പരി. സിംഹാസനത്തിൽ നിന്നുള്ള ഡിക്രി

നിയമപരമായി നോവിഷ്യേറ്റ് പൂർത്തിയാക്കാതെ അസാധുവായി വ്രതവാഗ്ദാനം നടത്തിയ ഒരാൾക്ക് പരി. സിംഹാസനത്തിൽ നിന്ന് "വേരിൽ തന്നെ സുഖപ്പെടുത്തിക്കൊണ്ടുള്ള" (Sanatio in radice) ഡിക്രി വാങ്ങി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. അർപ്പിതാധികാരം ഭരമേല്പ്പിക്കുന്നതിൽ വരുന്ന പോരായ്മ മൂലം വിവാഹം ആശിർവ്വദിക്കുന്ന വൈദികന് അർപ്പിതാധികാരം ഇല്ലാതെ വരുന്ന സാഹചര്യത്തിൽ വിവാഹാശീർവ്വാദത്തിന്റെ ആരംഭനിമിഷം മുതൽ വൈദികന്റെ അധികാരക്കുറവ് തിരുസ്സഭ നികത്തിക്കൊണ്ട് വിവാഹത്തെ സാധുവാക്കി തീർക്കുന്ന പ്രക്രിയ (Sanatio in radice) പോലെ തന്നെയാണിതും. അസാധുവായി വ്രതവാഗ്ദാനം ചെയ്തയാളുടെ ശ്രദ്ധയിലോ അറിവിലോ പെടുത്താതെ തന്നെ മേല്പ്പറഞ്ഞ പ്രക്രിയയിലൂടെ അയാളുടെ അസാധുവായ നോവിഷ്യേറ്റും തുടർന്ന് നടത്തിയ വ്രതവാഗ്ദാനവും ഇപ്രകാരം സാധുവാക്കാവുന്നതാണ്.

> സഭയിലെ നിയമങ്ങൾ ഓരോ സഭാംഗവും അറിയുവാൻ കടപ്പെട്ടവരാണ്. അവ സഭാംഗങ്ങളുടെ പൊതു നന്മയെ ലക്ഷ്യം വച്ചുള്ളതാണ്.

വ്രതവാഗ്ദാനം നടത്തിയയാൾ സന്തുഷ്ടനാണെന്നും സന്ന്യാസജീവിതത്തിൽ തുടരാൻ ആഗ്രഹിക്കുന്നുവെന്നും എപ്രകാരമാണ് ഇയാളുടെ നോവിഷ്യേറ്റും തുടർന്ന് നടത്തിയ വ്രതവാഗ്ദാനവും അസാധുവായതെന്നും സന്യസ്തർക്കും സെക്കുലർ ഇൻസ്റ്റിട്യൂട്ടുകൾക്കും വേണ്ടിയുള്ള വത്തിക്കാൻ കാര്യാലയത്തെ (Congregation for Religious and Secular Institute) ബന്ധപ്പെട്ടവർ രേഖാമൂലം അറിയിക്കണം. ഓരോ രാജ്യത്തുമുള്ള വത്തിക്കാൻ പ്രതിനിധി (Nuncio or Apostolic delegate) വഴി എളുപ്പത്തിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ വത്തിക്കാൻ കാര്യാലയത്തിലേക്ക് എത്തിക്കാവുന്നതാണ്. ■

www.malankaralibrary.com



# ലോകസംഗീതദിനം

ഫാ. വിൽസൺ മേച്ചേരിൽ MCBS
*M.P.A, Karnatic Music, സ്വാതി തിരുന്നാൾ മ്യൂസിക് കോളേജ്*

മലയാളത്തിൽ ഇറങ്ങുന്ന ക്രിസ്തീയ ഭക്തിഗാനങ്ങളിൽ ഗുണമേന്മയുള്ള ഗാനങ്ങളെ വായനക്കാർക്ക് പരിചയപ്പെടുത്തുന്ന ഈ പംക്തിയുടെ പേര് കാരുണികൻ മ്യൂസിക്സ് എന്നാക്കി മാറ്റുകയാണ്. ഈ പംക്തി എഴുതുന്നത് സ്വാതി തിരുനാൾ സംഗീത കോളേജിൽ നിന്നും ഒന്നാം റാങ്കോടെ എം.പി.എ. പാസ്സായ ഫാ. വിൽസൺ.


ജൂൺ 21ന് മറ്റൊരു ലോകസംഗീതദിനം കൂടി കടന്നുപോയി. സംഗീതത്തിനുള്ള സാർവ്വത്രിക അംഗീകാരമാണിത്. 1982ൽ പാരീസിലാണ് ലോകസംഗീതദിനാചരണം (World Music Day) ആരംഭിച്ചത്. പ്രകൃതിയുടെ വരദാനമായ സംഗീതം സൗജന്യമായി (Free of cost) എല്ലാവരുമായി പങ്കുവയ്ക്കേണ്ട ഒന്നാണ് എന്നായിരുന്നു അതിലൂടെ ഫ്രഞ്ച് സംഗീതജ്ഞർ നൽകിയ സന്ദേശം. അന്നേ ദിനം സംഗീതജ്ഞർ പൊതു ജനങ്ങൾക്കായി വലിയ സംഗീത പരിപാടികൾ സൗജന്യമായി നടത്തിവരുന്നു. സംഗീതം ദൈവത്തിന്റെ സൗജന്യദാനമായി അംഗീകരിക്കുമ്പോൾ ഓർക്കേണ്ടത് അത് സമൂഹനിർമ്മിതിക്കും പൊതുനന്മക്കുമായി പങ്കുവയ്ക്കേണ്ടതുണ്ട് എന്നുള്ളതാണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന കലാപരിപാടികളോട് സഹകരിക്കുമ്പോൾ ത്തന്നെ തത്സമയം പിന്നാമ്പുറങ്ങളിൽ ക്രൂരമായി വിലപേശുന്ന പ്രശസ്ത സംഗീത പ്രതിഭകളുടേയും കലാകാരന്മാരുടെയും കണ്ണുതുറക്കാൻ ഈ ദിനാചരണം കാരണമാകട്ടെ. ഒപ്പം പുതുതലമുറയ്ക്ക് അതൊരു മാതൃകയും.

## 1. ലവിംഗ് ജീസസ്

*ദിവ്യകാരുണ്യമായ്*
*നാഥനണയുമ്പോൾ എന്തൊരാനന്ദം*
*ഉള്ളിൽ വാഴുവാനവൻ*
*നാവിലലിയുമ്പോൾ എന്തൊരാമോദം*
*കാഴ്ചയായെൻ ഹൃദയ*
*നോവുകളേകിടുന്നിതാ*
*അപ്പമായ് മുറിയുന്ന സ്നേഹമേ*
*യേശുവേ (ദിവ്യകാരുണ്യ)*
*ഹൃദയ വീഥിയിൽ നിൻപാദം*
*പതിഞ്ഞിടുമ്പോൾ*
*സ്നേഹമേ ആത്മനോവുകളന്യമായിടും*
*ഹൃദയ തന്ത്രിയിൽ*
*നാദമായ് നീ അണഞ്ഞിടുമ്പോൾ*
*ജീവനിൽ നിന്റെ നാമം മാത്രമായിടും*
*നീ വരുമ്പോൾ എന്റെയുള്ളം*
*സ്നേഹമായ് മാറും. (ദിവ്യകാരുണ്യ)*

ഹൃദ്യമായൊരു ദിവ്യകാരുണ്യഗീതം. ഭക്തിനിർഭരമായ ആലാപനം. പ്രകൃതിവാദ്യങ്ങളുടെ അകമ്പടി ഗാനത്തിന്റെ 'Orchestration' നെ സുന്ദരമാക്കിയിരി

www.malankaralibrary.com




ആൽബം : ലവിംഗ് ജീസസ്
സംഗീതം : സുമേഷ് കൂട്ടിക്കൽ
ആലാപനം : വിൽസൺ പിറവം

ക്കുന്നു, പ്രത്യേകിച്ച് വീണയുടേയും പുല്ലാങ്കുഴലിന്റേയും മനോഹരമിശ്രണം ഈ ഗാനത്തിന് കൂടുതൽ ശ്രവണസുഖം തരുന്നുണ്ട്. എങ്കിലും സമൂഹം ഒരുമിച്ച് ചേർന്ന് പാടുവാൻ തക്ക ലാളിത്യം ഇതിന്റെ സംഗീതത്തിലില്ല എന്നത് ചൂണ്ടിക്കാണിക്കപ്പെടേണ്ടതായി തോന്നുന്നു. കാരണം ധൈവതനിഷാദങ്ങളുടെ ഇരട്ട പ്രയോഗവും മറ്റും സംഗീതം അഭ്യസിക്കാത്ത സാധാരണക്കാർക്ക് ഉൾക്കൊള്ളാനും ഒന്നുചേർന്നാലപിക്കാനും ബുദ്ധിമുട്ടുണ്ടാക്കാം. എങ്കിലും ആരാധനാനിമിഷങ്ങളിലും മറ്റ് പ്രാർത്ഥനാവസരങ്ങളിലും Solo Singing ലൂടെ ഭക്തിനിർഭരമായ പ്രാർത്ഥനാന്തരീക്ഷം സൃഷ്ടിക്കാൻ ഈ ഗാനം ഉപകരിക്കും എന്നതിൽ സംശയമില്ല. അണിയറ പ്രവർത്തനകർക്ക് അഭിനന്ദനങ്ങൾ!

## 2. സൈൻ ഓഫ് ഗോഡ്


*ബലിയേകാൻ ഞാൻ ബലിപീഠത്തിൽ*
*ബലിവസ്തുവാകാനൊരുങ്ങീടുന്നു*
*എന്നാത്മ നാഥനാം യേശുവിൽ ഞാൻ*
*ആത്മാർപ്പണത്തിനായൊരുങ്ങിടുന്നു.*
*തിരുഭോജ്യവും പിന്നെ തിരുനിണവും*
*വൈദികൻ കരങ്ങളിൽ ഉയർത്തിടുമ്പോൾ*
*അനുനിമിഷം ഞാൻ എന്നെ നൽകാം*
*തൃപ്പാദേ എന്നെ ഞാൻ അർപ്പിച്ചിടാം*

*അബ്രാഹമേകിയ കാഴ്ചപോലെ*
*മാതാവിനാത്മസമർപ്പണം പോലെ*
*ഞാനിന്നു നൽകുമീ കാഴ്ചയും നീ*
*സ്വീകരിക്കേണമേ യേശുനാഥാ*

വി. കുർബ്ബാനയ്ക്ക് നല്ലൊരു ആമുഖഗാനമാണിത്. ഭക്തിഗാനങ്ങളിൽ വളരെ സാധാരണമായി ഉപയോഗിക്കുന്ന 3/4 താളമാണ് ഇതിലും ഉപയോഗിച്ചിരിക്കുന്നത്. അതീവ ലളിതമായ Orchestration ഉം വോക്കൽസിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ശബ്ദമിശ്രണവുമെല്ലാം ഈ ഗാനത്തിന്റെ എടുത്തു പറയേണ്ട ഗുണങ്ങളാണ്. സംഗീത സംവിധാനത്തിന്റെ കാര്യത്തിൽ പല്ലവിയിലെ ലാളിത്യം അനുപല്ലവിയിലും ചരണങ്ങളിലും തുടർന്നിരുന്നെങ്കിൽ അനേകരെ പ്രാർത്ഥനാനുഭവത്തിലേക്ക് നയിക്കുന്ന ഒരു 'Everyday Devotional Song' ആയി ഇതു മാറിയേനെ.

കോറസ് ഭാഗം 4 വരികളിൽ ദീർഘമാണെങ്കിലും ഹൃദ്യവും ലളിതവുമായി ചിട്ടപ്പെടുത്തിയിരിക്കുന്നു. ആമുഖഗാനമായും കാഴ്ചവെയ്പ്പ് ഗീതമായും ഈ ഗാനം ഉപയോഗിക്കാവുന്നതാണ്. ഗാനശിൽപ്പികൾക്ക് അഭിനന്ദനങ്ങൾ.

ആൽബം : സൈൻ ഓഫ് ഗോഡ്
രചന : ജോമോൻ പിറവം
സംഗീതം : കെ. ജി. പീറ്റർ
ആലാപനം : വിൽസൺ പിറവം



www.malankaralibrary.com




# ക്രിസ്തുദേവൻ




പ്രസാധകർ:
മീഡിയാ ഹൗസ്
പേജ്: 208
വില: ` 130

പ്രസാധകർ:
സി.എസ്.എസ്. ബുക്സ്
പേജ്: 94
വില: ` 60




## വിൻസ്റ്റൺ ചർച്ചിൽ-രാഷ്ട്രീയ ത്തിന്റെ ചാമക്യവ്യാകരണം

പ്രൊഫ. പാലാ എസ്. കെ നായർ


ഒരു സമൂഹത്തെയും ഒരു രാഷ്ട്രത്തെയും ലോക ത്തെത്തന്നെയും താൻ തെളിക്കുന്ന വഴിയിലൂടെ നട ത്തുകയെന്നത് കുശാഗ്രബുദ്ധിയായ ഒരു രാഷ്ട്രതന്ത്ര ജ്ഞനുമാത്രം സാധ്യമായ കാര്യമാണ്. അങ്ങനെ യുള്ള രാഷ്ട്രതന്ത്രജ്ഞരിൽ പ്രമുഖനാണ് വിൻസ്റ്റൺ ചർച്ചിൽ. ഒരു നിർണ്ണായക ചരിത്രനിമിഷത്തിൽ, രണ്ടാം ലോകമഹായുദ്ധത്തിന്റെ ആദ്യനാളുകളിൽ ജർമ്മൻ സൈനിക മുന്നേറ്റം ഉയർത്തിയ ഭീഷണിയു ടെ മുന്നിൽ രാജ്യം വിറങ്ങലിച്ചു നിന്നപ്പോൾ അഭിമ ന്യൂവിനെപ്പോലെ മുൻപിൽ നോക്കാതെ പ്രധാനമന്ത്രി സ്ഥാനം ഏറ്റെടുത്ത് ഗ്രെയിറ്റ് ബ്രിട്ടനെ വിപത്തിൽ നിന്നും രക്ഷിച്ച അതികായനായിരുന്നു വിൻസ്റ്റൺ ചർച്ചിൽ. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും, വീക്ഷ ണത്തെയും, ചാണക്യതുല്യമായ തന്ത്രങ്ങളെയും അവധാനതയോടെയും, എന്നാൽ സൂക്ഷ്മമായും അവലോകനം ചെയ്യുന്നു പ്രൊഫ. പാലാ എസ്. കെ നായരുടെ ഈ ഗ്രന്ഥം. വായനയെ ഗൗരവത്തോടെ നോക്കിക്കാണുന്നവർക്ക് ഒരുത്തമ ഗ്രന്ഥമാണിത്.

## ആദ്ധ്യാത്മികതയും സാഹിത്യവും

എഡിറ്റർ: റവ. ഡോ. മാത്യു ഡാനിയൽ

ആദ്ധ്യാത്മികതയും സാഹിത്യവും തമ്മിലുള്ള ബന്ധത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന പ്രബന്ധങ്ങളുടെ സമാഹാരമാണ്, ഈ പുസ്തകം. ക്ലാസ്സിക്കുകൾ മുതൽ സമകാലീന കൃതികൾ വരെ ഈ അന്വേഷണം വ്യാപിക്കുന്നു. പ്രമേയതലത്തിലും ദർശനതലത്തിലും സ്വാധീനിക്കുന്നതെങ്ങനെയെന്ന് നീരീക്ഷിക്കുന്നുണ്ട്.

ആദ്ധ്യാത്മികതയും സാഹിത്യവും, ആത്മീയാനു ഭൂതികൾ സാഹിത്യത്തിൽ, സാഹിത്യത്തിൽ ക്രിസ്തു വിനുള്ള സ്ഥാനം, ബൈബിൾ സാന്നിദ്ധ്യം ആധുനി കാനന്തര മലയാള കവിതയിൽ, ധ്യാനപുഷ്പങ്ങളുടെ സൗരഭ്യം, ക്രിസ്തുമതവും മലയാള സാഹിത്യവും എന്നിവയാണ് പ്രബന്ധങ്ങൾ. ആദ്ധ്യാത്മികതയെ കുറിക്കുന്ന ക്രൈസ്തവ നോട്ടപ്പാടാണ് പ്രബന്ധ കർത്താക്കൾ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ക്രൈസ്ത വമെന്ന വിശേഷണത്തിന് സങ്കുചിതമായ അർത്ഥവി വക്ഷയല്ല ഉള്ളതെന്നുമാത്രം. റവ. ഡോ. മാത്യു ഡാനി യലാണ് ഈ ഗ്രന്ഥത്തിന്റെ എഡിറ്റർ.




മീഡിയാ ഹൗസ്
പേജ്: 64
വില: ` 40

## ഒരു ക്രിസ്മസ് കരോൾ

മൊഴിമാറ്റം: പി.കെ. ആർ നായർ


എക്കാലത്തെയും ക്ലാസ്സിക്കുകളിലൊന്നാണ് ചാൾസ് ഡിക്കൻസിന്റെ ഒരു ക്രിസ്മസ് കരോൾ. കുട്ടികളെയും മുതിർന്നവരെയും വ്യത്യസ്തമായ തലങ്ങളിൽ ആഹ്ലാദിപ്പിക്കാൻ പോന്ന, ക്രിസ്മസ് തന്നെ നിറസാന്നിധ്യമാകുന്ന, സുന്ദരമായ ആഖ്യായിക. ക്രിസ്ത്യൻ മൂല്യങ്ങൾക്കും ആദർശങ്ങൾക്കും അപഭ്രംശം വരുന്നുണ്ടോ എന്ന് ജനങ്ങൾ സംശയിച്ച ഒരു കാലഘട്ടത്തിൽ സൃഷ്ടിക്കപ്പെട്ട കൃതിയാണിത്. കേന്ദ്രകഥാപാത്രമായ സ്ക്രൂജിന്റെ സ്ഥായിയായ മതവിമുഖതയും കണ്ണിൽ ചോരയില്ലാത്ത സ്വഭാവവൈകൃതവും ഒരൊറ്റ രാത്രികൊണ്ട് അപ്രത്യക്ഷമാകുന്നതാണ് ഇതിലെ പ്രതിപാദ്യ വിഷയം.

ഈ നോവലിന്റെ മൊഴിമാറ്റം ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നത് പി.കെ. ആർ നായരാണ്.

---

## പാലങ്ങൾ പണിയുന്നവർ

ഫാ. വിനീത് വാഴേക്കുടിയിൽ സി.എം.ഐ.




മീഡിയാ ഹൗസ്
പേജ്: 96
വില: ` 70

സൽചിന്തകൾ മനുഷ്യ മനസ്സുകളെ നന്മയിലേക്കു നയിക്കും. സൽക്കർമ്മങ്ങൾ മനുഷ്യരെ മഹത്തുക്കളാക്കും. അനുഭവങ്ങളിൽ ചാലിച്ച സംഭവങ്ങളും കഥകളും വിവരിച്ച് മനുഷ്യരെ നന്മയിലേക്ക് നയിക്കുവാൻ ഉപയുക്തമായ ലേഖനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ഫാ. വിനീത് വാഴേക്കുടിയിൽ സി.എം.ഐ രചിച്ച ഈ പുസ്തകം ലളിതവും സുന്ദരവുമായ ശൈലിയിൽ ചിട്ടയായി ക്രമപ്പെടുത്തിയിരിക്കുന്ന നിരവധി ലേഖനങ്ങളാൽ സമ്പന്നമാണ്. മനുഷ്യഹൃദയങ്ങളെ സ്പർശിക്കുന്ന അനുഭവകഥകൾ ഇതിൽ ധാരാളമുണ്ട്; ഗോഡ്സൺ, ടീച്ചർ, അമ്മക്കളരി ഇവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. തിരക്കുപിടിച്ച ഈ ലോകത്തിനു നേരെ നീട്ടിയ കണ്ണാടിയാണ് ഈ പുസ്തകം.

---

## ക്രിസ്തുദേവൻ

ജോർജ്ജ് നെല്ലിശ്ശേരി




ഡി.സി.ബുക്സ്
പേജ്: 254
വില: ` 150

യേശുവിനെപ്പോലെ സജീവവിശ്വാസത്തിന്റെ വിഷയമായ വ്യക്തിത്വങ്ങൾ വിശ്വാസികളുടെയും വിശ്വാസമില്ലാത്തവരുടെയും നിരന്തരമായ ആഖ്യാനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വിധേയമാകുന്നുണ്ട്. ചിലർ അവിടുത്തെ സത്യസന്ധമായി ചിത്രീകരിക്കുമ്പോൾ മറ്റു ചിലർ ആ ചരിത്രപുരുഷനെ വികലമായി അവതരിപ്പിക്കാറുണ്ട്. 'അന്ത്യപ്രലോഭനം' എന്ന കൃതിയിൽ കസാൻദ്സാക്കിസ് സ്വന്തം ജീവിതാനുഭവങ്ങളുടെ നിറക്കൂട്ടിൽ ചാലിച്ചാണ് യേശുവിന്റെ ചിത്രം വരച്ചത്. ഡാൻ ബ്രൗൺ ചില കെട്ടുകഥകളും, വിപണന മൂല്യമുള്ള ചേരുവകളും ചേർത്ത് യേശുവിന്റെ കഥ പറഞ്ഞ് പണം വാരിക്കൂട്ടി.

വിശ്വാസികളും അവിശ്വാസികളും ഉയർത്തുന്ന വ്യഖ്യാന പൊടിപടലങ്ങൾക്കുള്ളിൽ അകപ്പെടുന്ന അന്വേഷകൻ സ്വാഭാവികമായും ചോദിക്കും: യഥാർത്ഥത്തിൽ ആരാണ് യേശു? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള ഒരു ശ്രമമാണ് ഇവിടെ ഗ്രന്ഥകാരൻ നടത്തുന്നത്. ചരിത്രവും ഭൂമിശാസ്ത്രവും മതസാംസ്ക്കാരിക സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളും ചേർന്നുണ്ടാകുന്ന ജൈവപശ്ചാത്തലത്തിൽ യേശുവിനെ മനസ്സിലാക്കുവാനുള്ള ശ്രമമാണിത്. ഗ്രന്ഥകാരനായ ജോർജ്ജ് നെല്ലിശ്ശേരിൽ വളരെ സമഗ്രമായ ഒരു ക്രിസ്തുപഠനമാണ് അനുവാചകർക്കു മുമ്പിലെത്തിച്ചിരിക്കുന്നത്.

www.malankaralibrary.com



# അള്ളാഹുവേ ഈ ഗൾഫിലേക്ക്...

മനുഷ്യപുത്രൻ

'മരുപ്പച്ച പൊള്ളുന്നു' എന്നൊരു ലേഖനം. രേഖാ ചന്ദ്രനാണ് എഴുതുന്നത്-മാതൃഭൂമി ഓൺലൈനിൽ. പത്തനംതിട്ടക്കാരി സുമയ്യ ഹസ്സന്റെ കഥ പറഞ്ഞാണ് തുടക്കം. 32 വയസ്സുകാരി സുമയ്യ വീട്ടുജോലിക്കായി സൗദിയിൽ എത്തിയതാണ്. വന്നുകഴിഞ്ഞപ്പോഴാണ് ഒരു വീട്ടിൽ അല്ല മൂന്നു വീട്ടിലാണ് ജോലി ചെയ്യേണ്ടതെന്നറിഞ്ഞത്-സ്പോൺസറുടെയും പിന്നെ രണ്ടു ബന്ധുക്കളുടെയും. ഒരുനാൾ രാത്രി ഏറെ ഇരുട്ടിയാണ് ഉറങ്ങാൻ കിടന്നത്. രണ്ടു മണി സമയം. സ്പോൺസർ വിളിച്ചുണർത്തി ബലാത്സംഗം ചെയ്യാൻ ശ്രമിച്ചപ്പോഴാണ് സുമയ്യ ജീവനും കൊണ്ടോടിയത്. അവസാനം ഒരുവിധം ഇന്ത്യൻ എംബസിയിലെത്തി നാട്ടിലേക്ക് രക്ഷപ്പെട്ടു. "അള്ളാഹുവേ, ഇനിയൊരാൾക്കും ഈ ഗൾഫിലേക്ക് വരാൻ തോന്നരുതേ" പറഞ്ഞവസാനിക്കുമ്പോൾ സുമയ്യായുടെ പ്രാർത്ഥനയിതായിരുന്നു.

കമലിന്റെ ഗദ്ദാമയെന്ന സിനിമയും ബെന്യാമന്റെ ആടുജീവിതമെന്ന നോവലും മലയാളിക്ക് മുമ്പിൽ തുറന്നു വച്ചത് സമാനമായ നരകയാതനകളായിരുന്നു. അനേകായിരം മലയാളി ജീവിതങ്ങൾ ഈയാംപാറ്റകളെപ്പോലെ ഗൾഫിലെ മരപ്പച്ചയിൽ കരിഞ്ഞമർന്ന ശേഷമാണ് നാമീ കഥകൾ അറിയുന്നതെന്നും ഓർക്കണം. ഇപ്പോൾ സ്ഥിതി വ്യത്യസ്തമാണെന്നും നാം തെറ്റിദ്ധരിക്കരുത്.

എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്? എന്തുകൊണ്ടാണ് മനുഷ്യൻ മറ്റൊരു മനുഷ്യനെ മൃഗത്തെപ്പോലെ പണിയെടുപ്പിക്കുകയും പീഢിപ്പിക്കുയും ചെയ്യുന്നത്?

ഇതിനുള്ള ഉത്തരം വ്യക്തമാകണമെങ്കിൽ മലയാളിയുടെ മറ്റൊരു പ്രവാസിവാസം കൂടി നമ്മൾ ശ്രദ്ധിക്കണം. ജോലി തേടി മലയാളി പോകുന്ന ആദ്യത്തെ രാജ്യമൊന്നുമല്ല ഗൾഫ് നാടുകൾ. അതിനൊക്കെ എത്രയോ മുമ്പേ വിയന്നായിലേക്കും ന്യൂയോർക്കിലേക്കും ലണ്ടനിലേക്കും കൊളോണിലേക്കും മലയാളികൾ പോയിരിക്കുന്നു. എന്നാൽ അവിടെങ്ങും ഒരിക്കലും അനുഭവിക്കാത്ത ദുരിതങ്ങൾ എന്തുകൊണ്ടാണ് മലയാളികൾക്ക് ഗൾഫിൽ നേരിടേണ്ടി വന്നത്?

"പരദേശിയോടുള്ള പെരുമാറ്റത്തിൽ നിന്ന് ഒരു ജനതയുടെ സംസ്കാരം തിരിച്ചറിയാനാവും" എന്നൊരു ചൈനീസ് പഴമൊഴിയുണ്ട്. അതിൽ ഏറെ സത്യമുണ്ടുതാനും. അമേരിക്കയിലും യൂറോപ്പിലും വിദേശികൾക്കെതിരെ ചെറിയ ചെറിയ വേർതിരിവുകൾ നിലനിൽക്കുന്നുണ്ടെങ്കിലും മനുഷ്യത്വരഹിതമായ പീഢനത്തിലേക്കോ ക്രൂരതയിലേക്കോ സാധാരണ ഗതിയിൽ അത് എത്തിപ്പെടാറില്ല. അതിന് കാരണം അവിടെ നിലവിലിരിക്കുന്ന നിയമസംഹിതകളുടെയും സാമൂഹ്യവ്യവസ്ഥിതിയുടെയും മഹത്വമാണ്.

മധ്യനൂറ്റാണ്ടുകളിലെ യൂറോപ്പിൽ മനുഷ്യവ്യക്തിയുടെമേൽ ആധിപത്യം പുലർത്തിയിരുന്നത് കുടുംബവും കുലവും മതവും സമൂഹവുമായിരുന്നു. ഒരർത്ഥത്തിൽ മനുഷ്യവ്യക്തിയേക്കാൾ അന്ന് പ്രാധാന്യം മേൽപ്പറഞ്ഞ സാമൂഹ്യസ്ഥാപനങ്ങൾക്കായിരുന്നു. പെൻഡുലം മറുദിശയിലേക്കാടുവാൻ തുടങ്ങിയത് ഫ്രഞ്ച് വിപ്ലവത്തോടെയായിരിക്കണം. അതിനെ തുടർന്ന് ഉയർന്നുവന്ന അസ്തിത്വവാദം മനുഷ്യവ്യക്തിയെ ദാർശനികതയുടെ ഹൃദയത്തിൽ സ്ഥാപിച്ചു. കാലക്രമത്തിൽ മനുഷ്യവ്യക്തിയുടെ മൗലികാവകാശങ്ങൾ കുടുംബത്തിന്റെയും കുലത്തിന്റെയും മതത്തിന്റെയും രാഷ്ട്രത്തിന്റെയും കടന്നുകയറ്റത്തിൽ നിന്നും സംരക്ഷിക്കപ്പെടാനുള്ള നൈയ്യാമികവും സാംസ്ക്കാരികവുമായ സംവിധാനങ്ങൾ പടിഞ്ഞാറ് നിലവിൽ വന്നു. അത്തരം സംവിധാനങ്ങളുള്ള യൂറോപ്പിലേക്കും അമേരിക്കയിലേക്കുമാണ് മലയാളികൾ ആദ്യം ജോലി തേടിപ്പോയത്. മാന്യമായ ജോലിയും ശമ്പളവും ലഭിച്ചതു കൂടാതെ അഭിമാനം അടിയറവു വയ്ക്കാതെ ജീവിക്കാനായതും അതുകൊണ്ടാണ്.

മറ്റിടങ്ങളിൽ ഇത് സാധിക്കാത്തതിനു കാരണം മനുഷ്യനെ തുല്യനായി കാണുന്നതും അവന്റെ മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതുമായ സംവിധാനങ്ങളുടെയും സംസ്ക്കാരത്തിന്റെയും അഭാവം തന്നെയാണ്; സംശയമില്ല. എന്നാൽ നമ്മുടെ നാട്ടിലെ സ്ഥിതിയോ? ഇവിടെ ജോലി തേടിവരുന്ന ബീഹാറിയോടും ബംഗാളിയോടുമുള്ള നമ്മുടെ പെരുമാറ്റത്തിൽ നിന്ന് മലയാളിയുടെ സംസ്ക്കാരം തിരിച്ചറിയാനാവും. ■

www.malankaralibrary.com




# COMPANION

## New National Magazine from KARUNIKAN Publications

### Unique Features:

- Theologians, Sociologists, Journalists and Communication Professionals Contribute
- Looks at life and events through the eyes of Jesus
- Introduces novel ways of faith expression
- Facilitates effetcive Christian leadership
- Presents innovative Sunday Gospel Reflections
- Multicolour, Glossy, and Affordable

For a printed sample write to:

**COMPANION**

Perumanoor P.O., Cochin - 15
Email: companionindia@yahoo.com
Call: 0484 - 2664733

www.malankaralibrary.com

July 2012 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment








Contact:

**RIVER BANKS**
Idukki Road, Thodupuzha, Phone :- 0486 2224942,2226743
Email :- madaparambilresort@gmail.com

Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at Viani Printings, Kochi - 18, Kerala; Editor: Fr. Jacob Naluparayil